

“നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ”
ഉല്പ. 41: 55

# വേദപ്രചാര
# മധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 90 ലക്കം 08 ഫെബ്രുവരി 2018

# ഉള്ളടക്കം

സർക്കുലർ Ref:3053/K-5/KCBC/OL/DS ....................... 5
സർക്കുലർ 18 Ch.187-262 .......................................... 11
സർക്കുലർ 18 Ch.188-263 .......................................... 14
സർക്കുലർ 18 Ch.189-264 .......................................... 18
സർക്കുലർ Ref: 3062/K-5/KCBC/OL/DS .................... 19
കച്ചേരിക്കാര്യം ........................................................ 22
അനുസ്മരണം ............................................................ 24
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ............................. 26
പാസ്റ്ററൽ കൗൺസിൽ ................................................ 27
സന്ദേശനിലയം ........................................................... 31
ചെറുപുഷ്പ മിഷൻലീഗ് ............................................. 36
ഫാമിലി അപ്പോസ്റ്റലേറ്റ്. ............................................. 39
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 43
യുവദീപ്തി ................................................................ 45
കെ.സി.എസ്.എൽ. .................................................... 48
ചാസ് ........................................................................ 50
കെയർ ഹോംസ് .......................................................... 58
ചാരിറ്റി വേൾഡ് ട്രസ്റ്റ് .................................................. 59
കരിസ്മാറ്റിക് നവീകരണം ........................................... 61
പ്രവാസി അപ്പോസ്തലേറ്റ് ........................................... 63
ദീപിക ഫ്രണ്ട്സ് ക്ലബ് ................................................. 64
ദലിത് കത്തോലിക്കാ മഹാജനസഭ .............................. 65
വിൻസെൻഷ്യൻ വേദി ................................................. 67
ഫ്രാൻസിസ്കൻ അല്മായസഭ ..................................... 69
ആവേമരിയ ............................................................... 71
പൗരോഹിത്യ ആദ്ധ്യാത്മികത ........................................ 72
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................... 79
Engagements. ............................................................ 87

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref:3053/K-5/KCBC/OL/DS

## സർക്കുലർ

2017 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രന്മാരുടെ 25-ാം സിനഡിന്റെ ദ്വതീയസമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.

ഈശോമിശിഹായിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരെ,

സീറോ മലബാർ സിനഡിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ 25-ാം സിനഡിന്റെ രണ്ടാം സെഷൻ ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ സഭാ ആസ്ഥാനത്ത് കൂടുകയുണ്ടായി. ഈ കഴിഞ്ഞ 25 വർഷങ്ങളിൽ നമ്മുടെ സഭയുടെ നാനാവിധമായ വളർച്ചയും ആധുനിക കാലഘട്ടത്തിലെ സഭയുടെ പൊതുസാക്ഷ്യവും സിനഡ് വിലയിരുത്തുകയുണ്ടായി. ഈ ജൂബിലി വർഷത്തിൽ നമ്മുടെ സഭാസന്താനമായ സി. റാണി മരിയ എഫ്.സി.സി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്നത് സീറോ മലബാർ സഭയ്ക്കു മുഴുവൻ സന്തോഷം നൽകുന്ന കാര്യമാണ്. സി.റാണി മരിയ എഫ്. സി.സി. യുടെ നാമകരണ പരിപാടി നവംബർ 4-നു സിസ്റ്റർ രക്തസാക്ഷിത്വം വരിച്ച ഇൻഡോറിൽവച്ച് നടക്കുകയുണ്ടായല്ലോ. അതിനുശേഷം സിസ്റ്ററിന്റെ മാതൃരൂപതയായ എറണാകുളത്തും ജന്മനാടായ പുല്ലുവഴിയിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഈ ചടങ്ങുകളിൽ നിരവധിപേർ പങ്കെടുത്ത് തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയുണ്ടായി.

ഈയടുത്ത് നമ്മിൽ നിന്നും വേർപിരിഞ്ഞുപോയ കോട്ടയം അതിരൂപതാ അദ്ധ്യക്ഷനായ ആർച്ച്ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചാണ് ഈ സെഷൻ ആരംഭിച്ചത്. അഭിവന്ദ്യ പിതാവ് വഴി കോട്ടയം രൂപതയ്ക്കും കേരളസഭയ്ക്കും ഭാരതസഭയ്ക്കും ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾ സിനഡ് അനുസ്മരിച്ചു. ഈ അടുത്ത കാലത്ത് നിര്യാതനായ എ.കെസി.സി. മുൻ പ്രസിഡന്റ് ശ്രീ. ജോസഫ് മണ്ണിപ്പറമ്പിലിന്റെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി. സമുദായ മുന്നേറ്റത്തിനായി നിസ്വാർത്ഥസേവനം ചെയ്ത സഭാസ്നേഹിയായിരുന്നു അദ്ദേഹം എന്ന് സിനഡ് അനുസ്മരിച്ചു. മെത്രാഭിഷേകത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മനത്തോടത്തിനും മാർ സൈമൺസ്റ്റോക്ക് പാലാത്രക്കും സിനഡ്

ജൂബിലി മംഗളങ്ങൾ നേർന്നു. മെത്രാഭിഷേകത്തിനുശേഷം ആദ്യമായി സിന ഡിൽ സംബന്ധിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിലിനും സിനഡ് സ്വാഗതം നൽകി. നമ്മുടെ സഭയ്ക്കു പുതിയ മൂന്നു മെത്രാന്മാരെ ലഭിച്ചതിൽ നമുക്കു ദൈവത്തിനു നന്ദി പറയാം. നിയുക്ത കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനും തൃശൂർ അതിരൂ പത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിനും തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിക്കും ഈ അവസരത്തിൽ സിനഡ് ആശംസകൾ അർപ്പിക്കുകയുണ്ടായി.

ജന്മശതാബ്ദി ആഘോഷിക്കുന്ന മാർത്തോമാസഭ വലിയമെത്രപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റോമിനു സിനഡിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സ്വീകരണം നൽകി. സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുവാൻ സഭയിലെ വിവിധ സന്യാസസമൂഹങ്ങളുടെ മേജർസുപ്പീരിയർമാ രുമായി സിനഡിലെ മെത്രന്മാർ ഒരു പ്രത്യേക സമ്മേളവും ഈ സിനഡിൽ നടത്തുകയുണ്ടായി.

സഭയിൽ മാമ്മോദീസാ പരികർമ്മം ചെയ്യുന്ന രീതിയെപ്പറ്റി സിനഡ് ചർച്ച ചെയ്യുകയുണ്ടായി . ഇടവകപള്ളിക്കു പുറമെ സ്വകാര്യ സ്ഥാപനങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മാമ്മോദീസാ നടത്തുമ്പോൾ നിർദ്ദിഷ്ടമായ നിയമവ്യവ സ്ഥകൾ പാലിക്കേണ്ടതാണ്. മാമ്മോദീസാർത്ഥിയുടെ മാതാപിതാക്കളും തല തൊടുന്നവരും വേണ്ടത്ര തയ്യാറെടുപ്പോടുകൂടി വേണം മാമ്മോദീസായ്ക്ക് ഒരു ങ്ങേണ്ടത്. മുതിർന്നവരുടെ മാമ്മോദീസായ്ക്കു (Adult Baptism) സിവിൽ നിയ മങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കേണ്ടതാണ്.

വൈദികപരിശീലനത്തിന്റെ സർവ്വോന്മുഖ ഗുണമേന്മ വർദ്ധിപ്പിക്കാൻ അല്മാ രായ വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാരികളിലും പരിശീലന കേന്ദ്രങ്ങളിലും Formation Consultation Council ഉണ്ടായിരിക്കേണ്ടതാണ്. സെമി നാരിക്കാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സിനഡ് സെമിനാരി റിപ്പോർട്ടുകൾക്ക് ഒരു പൊതുവായ Format അംഗീകരിച്ചു. വൈദി കർക്കും സന്യസ്തർക്കും അനുയോജ്യമായ വസ്ത്രധാരണ രീതി (ഡ്രസ്കോഡ്) ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് പിതാക്കൻമാർ ചർച്ച ചെയ്തു.

ദൈവാനുഗ്രഹത്താൽ സീറോ മലബാർ സഭ ധാരാളം ദൈവവിളികളാലും മിഷനറിമാരാലും ധന്യമാണ്. സഭയിൽ വർദ്ധിച്ചുവരുന്ന ഈ പ്രേഷിത ആഭി മുഖ്യം (Mission Consciousness) ശ്രദ്ധേയമാണ്. നമ്മുടെ മിഷനറിമാർ ഇന്ത്യ യുടെ മറ്റു ഭാഗങ്ങളിലും ഇന്ത്യക്കു പുറത്തു ലത്തീൻ സഭയിലും ശുശ്രൂഷ

ചെയ്യുന്നു എന്നത് അഭിമാനകരമാണ്. ഈ രംഗത്തേയ്ക്ക് പല അല്മായ സഹോദരങ്ങളും മുമ്പോട്ട് വരുന്നതായി കാണുന്നുണ്ട്. വ്യക്തികളുടെയും പ്രേഷിതസംഘടനകളുടെയും ആഭിമുഖ്യത്തിൽ പ്രേഷിതവേലയ്ക്കുവരുന്ന അല്മായ സഹോദരങ്ങൾക്ക് സിനഡ് എല്ലാവിധ പ്രോത്സാഹനവും അംഗീകാരങ്ങളും നൽകുന്നു. അവർക്ക് അനുയോജ്യമായ പരിശീലനവും ഒരുക്കവും നൽകേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഈ കാര്യത്തിനായി സാന്തോം മിഷൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒരു കോഴ്സ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. നമ്മുടെ മിഷൻ പ്രദേശങ്ങളെ പരിചയപ്പെടാനും അവിടെ പോയി കുറച്ചു നാളത്തേയ്ക്കു പ്രേഷിതവേല ചെയ്യാനും താൽപ്പര്യമുള്ള ആത്മായ സഹോദരങ്ങൾ അവരുമായി ബന്ധപ്പെടേണ്ടതാണ്. ഈ സംരംഭത്തിന്റെ ആരംഭ ദിശയിൽ ഗോരഖ്പൂർ, അദിലാബാദ് രൂപതകൾ തിരഞ്ഞെടുത്ത് അവിടെ ഈ പുതിയ സുവിശേഷവത്കരണം (New Evangelization) നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. മാതൃസഭയിൽ പ്രേഷിതചൈതന്യം വളർത്തുവാനും താൽപര്യമുള്ളവരെ മാതൃസഭയിൽനിന്നുതന്നെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതോടൊപ്പം മിഷൻ രൂപതയിൽ തന്നെയുള്ള അനുയോജ്യരായവരെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതോടൊപ്പം മിഷൻ രൂപതയിൽ തന്നെയുള്ള അനുയോജ്യരായവരെ തിരഞ്ഞെടുത്ത് ഈ പദ്ധതിയിൽ സംബന്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പ്രവാസികളായ ഉദ്യോഗമൊഴിഞ്ഞവരുടെ (Retired hands) സേവനം ഈ കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. സഭയിൽ അല്മായ പ്രേഷിത ചൈതന്യം വളർത്താനായി 'സുവിശേഷ സാക്ഷികളുടെ സംരംഭം' എന്ന ഈ പദ്ധതി പരീക്ഷണാർത്ഥം ആരംഭിക്കുവാൻ സിനഡ് തീരുമാനിച്ചു.

നമ്മുടെ ദൈവാലയങ്ങളും കപ്പേളകളും പള്ളിപ്പരിസരങ്ങളും സിനിമ സീരിയിൽ ഷൂട്ടിംഗിനു നൽകുന്നതിലുള്ള അനൗചിത്യം സിനഡ് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ദൈവാലയവും കുരിശുപള്ളികളും കൊമേർഷ്യൽ സിനിമ -സീരിയിൽ ഷൂട്ടിങ്ങിന് കൊടുക്കരുതെന്ന് സിനഡ് നിർദ്ദേശിച്ചു. എന്നാൽ ഈ സ്ഥലങ്ങൾ കാത്തലിക് ചാനലുകൾക്ക് ഡോക്യുമെന്ററി, സീരിയൽ എന്നിവയ്ക്ക് കൊടുക്കാവുന്നതാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന നമ്മുടെ നാട്ടിൽ ജോലിയിൽ നിന്നും വിരമിച്ചവരും പ്രത്യേകിച്ചു പ്രവാസികളും ധാരാളം ഉണ്ട്. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽനിന്നും വരുന്ന റിട്ടേയർഡ് ഹാൻസിന്റെ സേവനം സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉപയോഗിക്കുവാൻ സഭ വളരെ ആഗ്രഹിക്കുന്നു. അതിനായി സഭാ തലത്തിൽ ഒരു സംഘടനയെപ്പറ്റി സിനഡ് ചർച്ചചെയ്തെങ്കിലും തൽക്കാലം അതാതു രൂപതകളിലും ഇടവകകളിലും

കാത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇവരെ സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കാം എന്ന് നിർദ്ദേശിച്ചു.

ആരാധാനക്രമ പരിഷ്കരണത്തെ സംബന്ധിച്ച് സിനഡ് ചർച്ചചെയ്യുകയുണ്ടായി പ്രത്യേകിച്ച് പ്രാർത്ഥനകളും ദൈവാലയ ആരാധനക്രമഗീതങ്ങളും ഭക്ത്യോദകമാക്കുന്നതിന്റെ ആവശ്യകത സിനഡ് ഊന്നിപ്പറയുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ പരസ്യാവിഷ്കാരമാണ് ആരാധനക്രമശുശ്രൂഷകൾ അവ നമ്മുടെ സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും ആനുകാലിക പ്രസക്തമായും ആഘോഷിക്കുവാൻ/ആചരിക്കുവാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്.

സിനഡിന്റെ വിവിധ കമ്മീഷനുകളുടെ പ്രവർത്തന റിപ്പോർട്ടും ഈ സെഷനിൽ അവതരിപ്പിക്കുകയുണ്ടായി. മതബോധനത്തെ സംബന്ധിച്ച്, ആധുനിക വിദ്യാഭ്യാസരംഗത്ത് Smart Class, Family Catechism, Youth Faith Formation എന്നിവയെപ്പറ്റി ചർച്ച ചെയ്തു. വിശ്വാസപരിശീലനം കുട്ടികൾക്ക് അറിവിനേക്കാൾ വിശ്വാസാനുഭമാകുവാൻ മതദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മതാദ്ധ്യാപനത്തിൽ മാതാപിതാക്കൾ പ്രത്യേകിച്ചും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇടവകയിലെ സൺഡേ ക്ലാസുകൾ സജീവമാക്കുവാൻ ബഹുമാനപ്പെട്ട വികാരിമാരും സിസ്റ്റേഴ്സും പൂർവ്വാധികം ശ്രദ്ധിക്കേണ്ടതാണ്. കുടുംബയൂണിറ്റിലെ ഭാരവാഹികൾക്കും മതാദ്ധ്യാപനം കൂടുതൽ ഫലപ്രദമാക്കുവാൻ സാധിക്കും. യുവജനപ്രേഷിതത്വത്തിനു വേണ്ടിയുള്ള കമ്മീഷന്റെ റിപ്പോർട്ടിൽ അടുത്തുവരുന്ന സാർവ്വത്രിക മെത്രാൻസിനഡിന്റെ വിഷയത്തെ ആസ്പദമാക്കി നൂതന കർമ്മപദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായി. അതാതു രൂപതകളിലെയും റീജിയനിലെയും യുവജനങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തുവാൻ യുവജനങ്ങൾ കൺവെൻഷനുകൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി.

സഭയിലെ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി Spandan എന്ന പദ്ധിക്ക് രൂപം നൽകിയിട്ടുള്ള കാര്യം നേരത്തെ എല്ലാവരെയും അറിയിച്ചരുന്നതാണല്ലോ. രൂപതാ തലത്തിലും സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിലും ധാരാളം സാമൂഹിക സേവനങ്ങൾ നടത്തുന്നു എന്നത് പ്രശംസനീയമാണ്. രൂപതയിലെയും സന്യാസസമൂഹങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സമൂഹത്തിൽ വലിയൊരു ചലനം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും. നമ്മുടെ സമൂഹത്തിൽ റബർ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സിനഡ് ഉത്കണ്ഠയോടെയാണ് കാണുന്നത്. കർഷകർക്ക് ആവശ്യമായ ബാങ്ക് ലോൺ ലഭ്യമാക്കുക, കാർഷിക വിളകൾക്ക് ന്യായമായ വില നിർദ്ദേശിക്കുക തുടങ്ങിയ

കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു. സാമൂഹിക പ്രവർത്തനങ്ങളിൽ അല്മായ പങ്കാളിത്തത്തോടെ പരിഹാരം തേടണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. അല്മായ മുന്നേറ്റങ്ങൾ സഭയുടെ ബഹുമുഖ പ്രവർത്തനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണെന്ന് സിനഡ് വിലയിരുത്തി. തൊഴിലില്ലായ്മ, പാർപ്പിടപ്രശ്നങ്ങൾ,രോഗങ്ങൾ, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ദാമ്പത്യബന്ധങ്ങളിലുണ്ടാകുന്ന തകർച്ച, തുടങ്ങിയ വിഷയങ്ങളിൽ അല്മായരുടെ അഭിപ്രായങ്ങൾ എന്തെന്നറിയുവാൻ വൈദികരും സമർപ്പിതരും  ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബങ്ങളുടെ നവീകരണത്തിന് വലിയ പ്രധാന്യമാണ് സഭ നൽകുന്നത്. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ അല്മായരുമായി അജപാലകർ നിരന്തരം ആശയവിനിമയം നടത്തണം. കുടുംബങ്ങളും സമൂഹവും നേരിടുന്നപ്രശ്നങ്ങൾക്ക് നൂതനമായ പരിഹാര മാർഗ്ഗങ്ങളാണ് ആവശ്യം.

അല്മായർ ഏറ്റെടുത്തു നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങൾ സഭ അഭിമാനത്തോടെയാണ് കാണുന്നത്. അല്മായരുടെ നേതൃത്വത്തിലുള്ള വയോജന കേന്ദ്രങ്ങൾ, അനാഥമന്ദിരങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടത്തുന്ന സ്ഥാപനങ്ങൾ, ആശുപത്രിയിലെ ഭക്ഷണവിതരണം, അനുബന്ധശുശ്രൂഷകൾ എന്നിവ പ്രോത്സാഹിപ്പിക്കണം. ഓരോ ഇടവകകളിലും ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബൾക്കായുള്ള ശുശ്രൂഷകളിൽ വൈദികർക്കൊപ്പം അല്മായരും മുന്നിട്ടിറങ്ങണം. സഭയുടെ കുടുംബം-അല്മായർ-ജീവൻ എന്നിവയ്ക്കായുള്ള കമ്മീഷൻ കൂടുതൽ ഉണർവ്വോടെ പ്രവർത്തിക്കേണ്ട കാലമാണിതെന്നും സിനഡ് ഓർമ്മിപ്പിച്ചു. കുടുംബകൂട്ടായ്മ, മാതൃവേദി, പ്രോലൈഫ്, കാത്തോലിക്കാ കോൺഗ്രസ് എന്നിവയെ ഏകോപിപ്പിക്കുന്ന അല്മായ കമ്മീഷൻ ഏറ്റെടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സിനഡ് വിലയിരുത്തി. വൈദികപരിശീലനത്തിനു ആനുകാലികമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. ഇതിനായി അടുത്തയിടെ വത്തിക്കാൻ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ (Ratio Fundamentalis Sacerdotalis) പ്രാവർത്തികമാക്കേണ്ടതാണ്. മാറിക്കൊണ്ടിരിക്കുന്ന മാധ്യമ സാക്ഷരതയുടെയും സാമൂഹിക മാധ്യമങ്ങളുടെയും പശ്ചാത്തലത്തിൽ സീറോ മലബാർ സഭയുടെ എക്യുമെനിക്കൽ ഡയറക്ടറി (called to be united)ഈ സിനഡിൽ പ്രകാശനം ചെയ്തു. സീറോ മലബാർ സഭയുടെ സഭൈക്യപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനും ദൈവജനത്തിന് സഭൈക്യപ്രവർത്തനങ്ങളുടെ ശരിയായ ലക്ഷ്യങ്ങൾ മനസ്സിലാക്കുവാനും ഡയറക്ടറിയുടെ ഉപയോഗം സാധ്യമാകട്ടെ എന്നും സിനഡ് ആശംസിച്ചു.

വന്ദ്യസഹോദരരേ, പ്രിയ മക്കളേ, നമ്മുടെ സഭ Major Acrchiepiscopal സഭയായിട്ടു 25–ാമത്തെ വർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ ആഗോളതലത്തിൽ പ്രേഷിതരംഗത്തും ദൈവവിളി പ്രോത്സാഹനത്തിലും ഒത്തിരിയേറെ ഇനിയും നാം മുന്നോട്ടുപോകേണ്ടതുണ്ട്. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ശക്തമായ മാദ്ധ്യസ്ഥ്യത്താൽ കൂടുതൽ ഐക്യവും കൂട്ടായ്മയും പുലർത്തിക്കൊണ്ട് ആധുനിക കാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൊതുസാക്ഷ്യം നൽകുവാൻ നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതാതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.*

**സർക്കുലർ** 18 Ch.187-262

## അജപാലനപദ്ധതി ദനഹാ, നോമ്പ് കാലങ്ങളിലൂടെ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

1. പഞ്ചവത്സര അജപാലന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഏതാനും കാര്യങ്ങൾ പങ്കുവയ്ക്കട്ടെ. 'സഭയോടൊത്ത് ചിന്തിക്കുകയും സഭയോടൊത്ത് ജീവിക്കുകയും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കു ചേരുകയും ചെയ്യുക' (സന്ന്യാസജീവിതം, 6) എന്നുള്ള സഭാമക്കളുടെ ദൈവനിയോഗം വിശ്വസ്തതയോടെ നടപ്പിലാക്കുക എന്നതാണ് പഞ്ചവത്സര അജപാലന പദ്ധതിയിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. വ്യക്തികളോ കുടുംബങ്ങളോ ഇടവകകളോ സ്ഥാപനങ്ങളോ പ്രസ്ഥാനങ്ങളോ പരസ്പരബന്ധമില്ലാതെ ഒറ്റയ്ക്ക് നടത്തുന്ന ഒരു യജ്ഞമല്ലിത്. സഭയോടൊത്ത് ദൈവരാജ്യത്തിന്റെ സന്ദേശവാഹകരായി നടത്തുന്ന പ്രേഷിത യാത്രയാണിത്. സഭാകൂട്ടായ്മയുടെ ഭാഗമാകുമ്പോൾ മിശിഹായുടെ ശരീരമായി നമ്മൾ പടുത്തുയർത്തപ്പെടുകയാണ്. മിശിഹായാകുന്ന ശിരസ്സിനോട് ചേർക്കപ്പെട്ടിരിക്കുന്ന സഭാശരീരത്തിലെ വിവിധ അവയവങ്ങൾ എന്ന നിലയിൽ പരസ്പരബന്ധത്തിൽ ആയിരിക്കേണ്ടവരാണ് എല്ലാ സഭാംഗങ്ങളും. സഭാപ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുന്നതിലൂടെയാണ് ഈ ബന്ധം നിലനിൽക്കുന്നതും ദൃഢപ്പെടുന്നതും. സഭയുടെ ഏറ്റവും ശ്രേഷ്ഠവും ഫലദായകവുമായ പ്രവൃത്തിയായി രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാണിക്കുന്നത് വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും കേന്ദ്രീകൃതമായ ആരാധനക്രമമാണ്. സഭയുടെ മറ്റെല്ലാ പ്രവൃത്തികളുടെയും ശക്തിസ്രോതസ് ആരാധനക്രമമാണെന്നും, വിശിഷ്യാ വിശുദ്ധ കുർബാനയിൽനിന്ന്, ഒരു ഉറവയിൽനി

ന്നെന്നപോലെ പ്രസാദവരം നമ്മിലേക്ക് പ്രവഹിക്കുന്നുവെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (ആരാധനക്രമം, 7,10).

2. ചുരുക്കത്തിൽ, നമ്മെ സഭയോടും മിശിഹായോടും ബന്ധപ്പെടുത്തി മിശിഹായിൽ ഏകശരീരമായി രൂപപ്പെടുത്തുന്നതും, സഭയുടെ ആന്തരികവും ബാഹ്യവുമായ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തി പകരുന്നതും ആരാധനക്രമമാണ്. വിശുദ്ധ കുർബാനയെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമാക്കിയല്ലാതെ ഒരു ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുക സാദ്ധ്യമല്ലെന്നും, ദിവ്യബലിയർപ്പണത്തിൽ നിന്നായിരിക്കണം സാമൂഹ്യബോധത്തിന്റെ അഭ്യസനം ആരംഭിക്കേണ്ടതെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു (വൈദികർ, 6). അതിനാലാണ് ഓരോ സഭയും അതിന്റെ ആരാധനാവത്സരത്തിനനുസരിച്ച് അജപാലനപദ്ധതി തയ്യാറാക്കണമെന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചത്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പഞ്ചവത്സരഅജപാലന പദ്ധതിക്ക് നമ്മൾ രൂപം കൊടുത്തിരിക്കുന്നത്.

3. ഈ ലോകത്തിൽ ദൈവരാജ്യം പ്രഘോഷിച്ചുകൊണ്ട് സ്വർഗ്ഗോന്മുഖമായുമുള്ള സഭയുടെ സഞ്ചാരപഥമാണ് ആരാധനവത്സരം. നാമോരോരുത്തരും സഭയിൽ സഹയാത്രികരാണ്. ആരും വിട്ടുപോകാനിടയാകരുത്. സഭയോടും മിശിഹായോടുമുള്ള ബന്ധം ഇല്ലാതാകുന്നത് ചെടിയിൽനിന്ന് വിച്ഛേദിക്കപ്പെട്ട ശാഖയുടെ അവസ്ഥയാണ്. അതിന് ഫലം പുറപ്പെടുവിക്കാൻ സാധിക്കയില്ല. ആത്മീയപോഷണം ലഭിക്കാതെ അത് കരിഞ്ഞുപോകുന്നു. കൂട്ടംവിട്ടുപോകുന്നവരെ, നല്ല ഇടയനെപ്പോലെ അന്വേഷിച്ചു കണ്ടെത്തി കൂട്ടായ്മയിൽ നിലനിർത്താൻ നിരന്തരം പരിശ്രമിക്കുന്നവരായിരിക്കണം അജപാലകർ. ഓരോ കുടുംബത്തെയും, കുടുംബത്തിലെ ഓരോ അംഗത്തെയും നന്നായി അറിഞ്ഞ്, സഭാകൂട്ടായ്മയിലാണോ എന്ന് മനസ്സിലാക്കി ആവശ്യമായ ശുശ്രൂഷ സ്നേഹപൂർവ്വം നൽകാൻ അജപാലകർ തയ്യാറാകണം. അതോടൊപ്പം, ഈ തൊഴുത്തിൽപ്പെടാത്തവരെയും സഭാകൂട്ടായ്മയിലേക്കാനയിക്കുക എന്ന പ്രേഷിതദൗത്യവും വിസ്മരിക്കരുത്.

ലോകാവസാനം വരെ നമ്മോടൊപ്പമുണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്ത നമ്മുടെ കർത്താവിനോടൊപ്പമാണ് സഭയുടെ യാത്ര. ആ വഴി

ത്താരയാണ് ആരാധനവത്സരം. മംഗലവാർത്തക്കാലം പിന്നിട്ട് ദനഹാക്കാലത്തിലൂടെയും തുടർന്ന് നോമ്പുകാലത്തിലൂടെയും നമ്മുടെ യാത്ര തുടരുകയാണ്.

4. കൂട്ടായ്മാജീവിതത്തിന്റെ ആദ്യാനുഭവം സ്വന്തം കുടുംബത്തിൽനിന്നാണ് ഒരാൾക്കു ലഭിക്കേണ്ടത്. പങ്കുവയ്ക്കലിന്റെ ആദ്യപാഠങ്ങൾ അവിടെയാണ് നമ്മൾ പരിശീലിക്കുന്നത്. സുഖദുഃഖങ്ങളിൽ പങ്കുചേരാനും പ്രതിഫലേച്ഛയില്ലാതെ സേവനം ചെയ്യാനും, ഉച്ചനീചത്വഭാവമില്ലാതെ പ്രവർത്തിക്കാനും, ബലഹീനരെ പ്രത്യേകം പരിഗണിക്കാനും, അധികാരികളെ ആദരിക്കയും അനുസരിക്കയും ചെയ്യാനും, പരസ്പരം തിരുത്താനും, അച്ചടക്കവും കൃത്യനിഷ്ഠയും പാലിക്കാനും, മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കാനും, അടുക്കും ചിട്ടയും പാലിച്ച് പരിസരം വൃത്തിയായി സംരക്ഷിക്കാനുമൊക്കെ നാം പഠിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. ആദ്യമായി പ്രാർത്ഥിക്കാൻ പഠിക്കുന്നതും, സ്നേഹം, സത്യസന്ധത, ക്ഷമ, ത്യാഗം തുടങ്ങിയ പുണ്യങ്ങൾ അഭ്യസിക്കാൻ വേദിയൊരുക്കുന്നതും കുടുംബം തന്നെയാണ്. ഇപ്രകാരം വിശ്വാസവും ധാർമ്മികമൂല്യങ്ങളും കൂട്ടായ്മയുടെ ജീവിതശൈലിയും കുടുംബങ്ങളിലൂടെ അടുത്ത തലമുറയിലേക്ക് കൈമാറപ്പെടണം.

5. കുടുംബത്തിൽ ആരംഭം കുറിക്കുന്ന കൂട്ടായ്മാനുഭവം ഇടവകജീവിതത്തിലേക്ക് വളർന്ന് ശക്തിപ്പെടണം. ആരാധനാശുശ്രൂഷകളും കുടുംബകൂട്ടായ്മകളും സംഘടനാപ്രവർത്തനങ്ങളും സാമൂഹികക്ഷേമ പ്രവർത്തനങ്ങളുമെല്ലാം ഇടവകയെ ആദിമക്രൈസ്തവസമൂഹത്തിന്റെ ചൈതന്യത്തിൽ ഒരു സ്നേഹകൂട്ടായ്മയായി രൂപപ്പെടുത്തുവാൻ വേണ്ടിയുള്ളവയാണ്. ഓരോ ഇടവകയും പൊതുസമൂഹത്തിൽ സത്യത്തിന്റെ പാത കാണിച്ചുകൊടുക്കുന്ന ജീവിതമാതൃകയുടെ ദീപമായി പ്രകാശിക്കണം. വിശ്വാസം അഭംഗുരം സംരക്ഷിച്ചുകൊണ്ടും ക്രൈസ്തവമൂല്യങ്ങളിൽനിന്ന് വ്യതിചലിക്കാതെ ഇതര ക്രൈസ്തവസഭകളും മതസമുദായങ്ങളുമായി നല്ല ബന്ധം പുലർത്തിക്കൊണ്ടും പൊതുനന്മയ്ക്കുവേണ്ടി ഒരുമിച്ചു പ്രവർത്തിച്ച് വിശാലമായ മാനവസാഹോദര്യത്തിന്റെ സന്ദേശം പകരാൻ ഓരോ ഇടവകയ്ക്കും കഴിയണം. മിശിഹായിലൂടെ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്കാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കി

പരിശുദ്ധിയിൽ വളരാനും, അങ്ങനെ ഈ ലോകത്തിൽ സ്വർഗ്ഗം പണിയാനും നമുക്കു സാധിക്കണം. ദനഹാക്കാലത്ത് നാമനുസ്മരിക്കുന്ന വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ജീവിതസാക്ഷ്യം ഇക്കാര്യത്തിൽ നമുക്കു മാതൃകയും പ്രചോദനവുമാകണം.


6. പാപപ്പരിഹാരത്തിനും വിശുദ്ധീകരണത്തിനും വേണ്ടിയുള്ള പ്രത്യേക അവസരമാണല്ലോ നോമ്പുകാലം. പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ബന്ധം ആഴപ്പെടുത്തി ദൈവകൃപയിൽ നിറയുക, ഉപവാസത്തിലൂടെ ശരീരത്തെയും മനസ്സിനെയും നിയന്ത്രിച്ച് പാപപ്രവണതകളെ ഇല്ലാതാക്കുക, ദാനധർമ്മത്തിലൂടെ പങ്കുവയ്ക്കലിലും സഹോദരസ്നേഹത്തിലും വളരുക എന്നിവയ്ക്ക് നോമ്പുകാലത്ത് പ്രത്യേക പ്രാധാന്യം നൽകണം. പാവപ്പെട്ടവരിലും അവശരിലും ഭിന്നശേഷിക്കാരിലും സഹായം ആവശ്യമുള്ള എല്ലാവരിലും ഈശോയെ കണ്ട് നല്ല അയൽക്കാരനെപ്പോലെ അവർക്ക് സ്നേഹശുശ്രൂഷ ചെയ്ത് മിശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ നമുക്കു സാധിക്കണം. ആവശ്യവും സാഹചര്യവുമനുസരിച്ച് വ്യക്തിപരമായും മറ്റുള്ളവരോടു ചേർന്നും ഇപ്രകാരമുള്ള സൽപ്രവൃത്തികൾ ചെയ്യാൻ ശ്രമിക്കണം. ഇപ്പോൾത്തന്നെ മാതൃകാപരമായ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു. ആരാധനക്രമത്തിൽനിന്ന്, പ്രത്യേകിച്ച് വിശുദ്ധകുർബാനയിൽനിന്ന് ശക്തിയാർജ്ജിച്ചുവേണം നമ്മൾ പ്രവർത്തിക്കാൻ. മിശിഹായുടെ പീഡാസഹനത്തിലും മരണത്തിലും ഉയിർപ്പിലും കേന്ദ്രീകൃതമായ ദിവ്യരഹസ്യങ്ങളെ ധ്യാനിച്ച് ദൈവസ്നേഹത്താൽ പ്രചോദിതരായി നന്മ ചെയ്യുമ്പോഴാണ് അത് നിസ്വാർത്ഥവും വിശുദ്ധവും രക്ഷാകരവുമാകുന്നത്. ഈയൊരു ആദ്ധ്യാത്മിക അടിത്തറയിലായിരിക്കണം അജപാലന പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതും ഇടവകസമൂഹങ്ങളെ പടുത്തുയർത്തേണ്ടതും.

7. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പൊതുവെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന അതിരൂപതാ മക്കളായ ദളിത്, നാടാർ സഹോദരങ്ങളിലേക്ക് ഈ വർഷം നമ്മുടെ ശ്രദ്ധ സവിശേഷമായി തിരക്കണമെന്നാഗ്രഹിക്കുന്നു. അവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി സമാഹരിക്കാൻ എല്ലാവരും കഴിവനുസരിച്ച് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

വലിയനോമ്പുകാലത്ത് കാരിത്താസ് ചങ്ങനാശേരിക്കുവേണ്ടി നടത്തുന്ന സ്തോത്രക്കാഴ്ച ഈ വർഷം ഈ ക്ഷേമനിധിയ്ക്കായി വിനിയോഗിക്കുന്നതാണ്. ഓരോ കുടുംബവും സ്ഥാപനങ്ങളും സമർപ്പിതഭവനങ്ങളും ഏതെങ്കിലും ഒരു ദിവസം ഉപവസിച്ച് അതിൽനിന്നു ലഭിക്കുന്ന തുക മാർച്ചുമാസത്തിൽത്തന്നെ അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കണമെന്ന് താൽപര്യപ്പെടുന്നു.

ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട്,

സ്നേഹപൂർവ്വം



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*N.B: ഈ സർക്കുലർ ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

**സർക്കുലർ** 18 Ch.188-263

## പഞ്ചവത്സര അജപാലനപദ്ധതി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകേണ്ട വൈദികരും മറ്റു ബന്ധപ്പെട്ടവരും അറിയുന്നതിന്,

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ അടുത്ത അഞ്ചുവർഷത്തേക്കുള്ള അജപാലന പദ്ധതി നാം ആരംഭിച്ചിരിക്കുകയാണല്ലോ. ഇതിനു സഹായകമായ അജപാലന മാർഗരേഖ ജനുവരി 27-ാം തീയതി നടന്ന പാസ്റ്ററൽ കൗൺസിലിൽ പ്രകാശനം ചെയ്തു. ഈ മാർഗരേഖ അതിരൂപതയുടെ അടുത്ത അഞ്ചുവർഷത്തെ അജപാലനപ്രവർത്തനങ്ങളുടെ ഏകോപനവും സഭാത്മക രൂപീകരണവും ലക്ഷ്യം വയ്ക്കുന്നു. എല്ലാവരും ഈ മാർഗരേഖ ശ്രദ്ധാപൂർവ്വം വായിക്കുകയും എല്ലാ തലങ്ങളിലും ഇതു വിചിന്തനത്തിനും ചർച്ചയ്ക്കും വിഷയമാക്കുകയും ചെയ്യണം. അതനുസരിച്ചുള്ള കർമ്മപരിപാടികൾ എല്ലായിടത്തും ആവിഷ്ക്കരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഒരുക്കവും ആരംഭവുമായി എല്ലാ ഇടവകകളിലും ഒരു ധ്യാനം ക്രമീകരിക്കുന്ന കാര്യം നേരത്തേ സൂചിപ്പിച്ചിരുന്നല്ലോ. ഇതിനായുള്ള ധ്യാനടീമുകളുടെ ഒരുക്കം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഉയിർപ്പുതിരുനാളിനു മുമ്പായി നമ്മുടെ എല്ലാ ഇടവകകളിലും ഈ ധ്യാനം ക്രമീകരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം. അതിലൂടെ നമ്മുടെ അതിരൂപതാകുടുംബം മുഴുവൻ ആത്മീയമായ ഒരു പുതിയ ചൈതന്യത്തോടെ ഈ അജപാലനപദ്ധതിയിലേക്കു പ്രവേശിക്കുന്ന സാഹചര്യം ഉണ്ടാകണം.

പഞ്ചവത്സര അജപാലനപദ്ധതിയുടെ ഏറ്റവും പ്രധാനഭാഗം പ്രത്യേക അജപാലനശ്രദ്ധ ആവശ്യമുള്ള മേഖലകൾ കേന്ദ്രീകരിച്ചുള്ള കർമ്മപദ്ധതികളാണ്. ദൈവാരാധന, വിശ്വാസപരിശീലനം, വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹിക ക്ഷേമം, പ്രേഷിതദൗത്യം, കൂട്ടായ്മ, കുടുംബം, പരിസ്ഥിതി സംരക്ഷണം, പ്രവാസിക്ഷേമം എന്നിവയാണ് ഈ മേഖലകൾ. തുടർച്ചയായ അജപാലന ശ്രദ്ധ എല്ലാ മേഖലകളിലും ആവശ്യമായിരിക്കുമ്പോഴും ആരാധനവത്സരകാലങ്ങളുടെ ചൈതന്യമനുസരിച്ച് ഓരോ കാലത്തും പ്രസക്തമായ മേഖലയ്ക്കു പ്രത്യേക ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നു. അത് താഴെപ്പറയുന്ന രീതിയിലാണ്. മംഗലവാർത്തക്കാലം: കുടുംബം; ദനഹാക്കാലം: കൂട്ടായ്മ; നോമ്പുകാലം: ആതുരസേവനം, സാമൂഹികക്ഷേമം; ഉയിർപ്പുകാലം: ദൈവാരാധന; ശ്ലീഹാക്കാലം: പ്രേഷിതദൗത്യം; ഏലിയാ-സ്ലീവാ-മൂശെക്കാലം: പരിസ്ഥിതി സംരക്ഷണം, പ്രവാസിക്ഷേമം; പള്ളിക്കൂദാശക്കാലം: വിലയിരുത്തൽ, അടുത്തവർഷത്തേക്കുള്ള ഒരുക്കം. ഈ വർഷം യുവജനവർഷമായി ആചരിക്കുന്നതിന് കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുന്നതിനാൽ യുവജനപ്രേഷിതത്വത്തിന് പ്രാധാന്യം

നൽകിക്കൊണ്ടുള്ള ചില കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അതിരൂപതയുടെ വിവിധ തലങ്ങളിൽനിന്നു ലഭിച്ച നിർദ്ദേശങ്ങൾ ആസ്പദമാക്കി ഓരോ വർഷവും ഈ മേഖലകളിൽ നടപ്പിലാക്കേണ്ട പരിപാടികൾ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ച് ആദ്യവർഷത്തേക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നോമ്പുകാലത്തേക്കു നാം പ്രവേശിക്കുമ്പോൾ ആതുരസേവനവും സാമൂഹികക്ഷേമവുമായി ബന്ധപ്പെട്ടു നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒപ്പം മംഗലവാർത്തക്കാലത്തു കുടുംബവുമായും ദനഹാക്കാലത്തു കൂട്ടായ്മയുമായും ബന്ധപ്പെടുത്തി നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും പ്രാവർത്തികമാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈ അജപാലനപദ്ധതിയുടെ ഭാഗമായി പ്രസക്തമായ ചില വിഷയങ്ങൾ ഓരോ വർഷവും പഠനത്തിനായി നിർദ്ദേശിച്ചിട്ടുണ്ട്. സഭാചരിത്രം, ദൈവവചനം, ആത്മീയജീവിതം, വിശ്വാസവെല്ലുവിളികൾ, ധാർമ്മികപ്രശ്നങ്ങൾ തുടങ്ങിയവ പഠനവിഷയങ്ങളാകും. അതിരൂപതയുടെ എല്ലാ തലങ്ങളിലും ഇതനുസരിച്ചുള്ള പഠനവും വിചിന്തനവും നടക്കണം. അതിരൂപതാ കുടുംബത്തിലെ എല്ലാ അംഗങ്ങളും ശരിയായ ബോധ്യങ്ങൾ ഉൾക്കൊള്ളണം. ഈ വർഷത്തെ പഠനവിഷയം ജീവിതം സഭയോടൊത്ത് (സഭാജീവിതം-സഭാചരിത്രം-സമുദായബോധം) എന്നതാണ്. പഠനഗ്രന്ഥം ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പഠനങ്ങൾ ക്രമീകരിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ.

വിവിധ തലങ്ങളിൽ അജപാലനപദ്ധതി എത്രമാത്രം നടപ്പിലാക്കിയെന്നും ഫലപ്രദമായെന്നും വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ഓരോ വർഷവും മൂന്നു ഘട്ടങ്ങളായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. അതിനുള്ള ഒരു ഫോറം യഥാസമയത്ത് നൽകുന്നതാണ്. അതിരൂപത, ഫൊറോന, ഇടവക, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ മുതലായ വിവിധ തലങ്ങളിൽ നടപ്പാക്കുന്ന കർമ്മപരിപാടികൾ കാലക്രമമനുസരിച്ച് രേഖപ്പെടുത്തുന്നതിന് അതാതു തലങ്ങളിൽ ഒരു രജിസ്റ്റർ (നാളാഗമം) സൂക്ഷിക്കേണ്ടതാണ്.

പഞ്ചവത്സര അജപാലനപദ്ധതിയുടെ നടത്തിപ്പിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. അതിരൂപതാതലത്തിൽ ഈ പദ്ധതിയുടെ പ്രധാന ചുമതല വഹിക്കുന്നത് വികാരി ജനറാളായ പെ. ബഹു. ജയിംസ് പാലയ്ക്കലച്ചനാണ്. ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിക്കുമല്ലോ. അതിരൂപതയിൽ നാം ഒരു കുടുംബം എന്ന ആദർശം പ്രാവർത്തികമാക്കി നമുക്ക് ഏകമനസ്സോടെ മുന്നേറാം. നമ്മുടെ രക്ഷയ്ക്കായി പീഡകൾ സഹിച്ചു മരിച്ചുയർത്ത മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**സർക്കുലർ** 18 Ch.189-264

## വിവാഹവാഗ്ദാനക്രമം

സീറോമലബാർ സഭയിൽ നിലവിലുള്ള കൂദാശാനുകരണങ്ങളിലൊന്നാണ് വിവാഹവാഗ്ദാനക്രമം! ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഒരു പൊതുക്രമം ഇതുവരെയും വിവാഹവാഗ്ദാന ശുശ്രൂഷയ്ക്ക് ഉണ്ടായിരുന്നില്ല. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് 2016 ആഗസ്റ്റിലും 2017 ജനുവരിയിലും നടന്ന സീറോ മലബാർ മെത്രാന്മാരുടെ സിനഡ് ഒരു വിവാഹവാഗ്ദാനക്രമത്തിനു രൂപം കൊടുക്കുകയും റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ അംഗീകാരത്തോടെ ഇപ്പോൾ നമ്മുടെ സഭയിൽ നടപ്പിലാക്കിയിരിക്കുകയുമാണ്. സഭയുടെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് കാർഡിനൽ ആലഞ്ചേരിപ്പിതാവിന്റെ കല്പനപ്രകാരം ഈ വിവാഹവാഗ്ദാനക്രമം 2018 ജനുവരി 25 മുതൽ നമ്മുടെ സഭയിൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു. ഇനിമുതൽ ഈ ക്രമമായിരിക്കണം വിവാഹവാഗ്ദാനശുശ്രൂഷയ്ക്ക് ഉപയോഗിക്കേണ്ടത്.

30.1.2018

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3062/K-5/KCBC/OL/DS 17.1.2018

# 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. ഈശോയുടെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി വി യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും

ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴികളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവിതത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266, 267, 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി– 682 025

---

NB: *2018 ഫെബ്രുവരി 11–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.*




## I

## വലിയ നോമ്പുകാലത്തെ വിവാഹാഘോഷങ്ങൾ

വലിയ നോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ പീഡാനുഭവ ശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വസ്തുത ഇടവകജനങ്ങളെ ഓർമ്മിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## II

## രോഗീദിനം (ഫെബ്രുവരി 11)

ആഗോളസഭയിൽ ഫെബ്രുവരി മാസം 11-ാം തീയതി രോഗീദിനമായി ആചരിക്കുന്നു. രോഗികളെയും ശാരീരികവും മാനസികവുമായ വൈകല്യങ്ങളനുഭവിക്കുന്നവരേയും അന്നേദിവസം പ്രത്യേകമായി പ്രാർത്ഥനയിൽ അനുസ്മരിക്കേണ്ടതാണ്. രോഗികൾക്കായുള്ള പ്രത്യേകനിയോഗപ്രകാരം അന്നേദിവസം നമ്മുടെ ദൈവാലയങ്ങളിൽ പ്രത്യേക സ്തോത്ര കാഴ്ചയെടുക്കേണ്ടതും അങ്ങനെ ലഭിക്കുന്ന തുക Medical Aid Fund ലേക്കായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഫെബ്രുവരി 28-നകം ഏല്പിക്കേണ്ടതുമാണ്.

## III

## Department of Finance

There will be an input session on “How to prepare budget” on Thursday 22nd of February from 10.00 a.m. - 12.00 noon. The heads and the finance officers of all the institutions and departments of the Archepharchy are expected to participate.

Resource person: Prof. Simon Thattil, Kerala University

## IV

## സ്ഥാപക (നിത്യ) കുർബാന (Foundation Mass)

സീറോ മലബാർ സഭാ സിനഡ് സാധാരണ സ്ഥാപക കുർബാന ധർമ്മം 10,000 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. സ്ഥാപക കുർബാനകൾ 25 വർഷത്തെ കാലാവധിക്കു മാത്രമേ സ്വീകരിക്കാവൂ. സ്ഥാപക കുർബാനയ്ക്ക് 150 രൂപ വൈദികന് നൽകേണ്ടതാണ്.

## V
## On-going Formation for Priests

നമ്മുടെ അതിരൂപതയിലെ 1999-2005 ബാച്ചുകളിലെ ബഹു. വൈദികരുടെ കൂട്ടായ്മയും പഠന ശിബിരവും ഫെബ്രുവരി മാസം 26, 27 തീയതികളിൽ അതിരൂപതാ കേന്ദ്രത്തിൽ നടത്തുകയാണ്. 26-ാം തീയതി തിങ്കളാഴ്ച്ച 10.00 മണിയ്ക്ക് ആരംഭിച്ച് 27-ാം തീയതി ചൊവ്വാഴ്ച്ച ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്ന ഈ പരിപാടിയിൽ 1999-2005 ബാച്ചുകളിലെ വൈദികർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### Programme

**Jan 26th 2018**

10.00 a.m. - 12.30 p.m. - Psycho-Spiritual Integration (Bishop Thomas Tharayil)

2.30 p.m. - 4.00 p.m. - Interaction with the Archbishop Mar Joseph Perumthottam

5.30 p.m. - 7.30 p.m. - POCSO-Legal Implications (Adv. Litto Palathinkal)

**Jan 27th 2018**

9.00 a.m. - 10.30 a.m. - *Amoris Laetitia*- Pastoral Implications (Rev. Dr. Antony Moolayil)

11.00 a.m. - 12.30 p.m. - Accounting, Sharing with Syncelli, Chancellor and Procurator

### ബധിരർക്കും മൂകർക്കുമായുള്ള വിവാഹ ഒരുക്ക ക്ലാസ്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ ആരംഭിക്കുന്നു.


ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം.

2018-ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള രണ്ടു വിവാഹ ഒരുക്ക കോഴ്സുകളാണ് പിഒസിയിൽ ഒരുക്കിയിരിക്കുന്നത്: (1) ഏപ്രിൽ 13, 14, 15 (2) നവംബർ 9, 10, 11

ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ പിഒസി, പാലാരിവട്ടം, കൊച്ചി- 682 025, ഫോൺ: 99950 28229, 9495812190

Email : kcbcfamilycommission@gmail.com

Website : www.kcbcfamilycommission.org



# അനുസ്മരണം

## റവ. ഫാ. സഖറിയാസ് ചൂരക്കാട്ട്
(1933 – 2018)

ചൂരക്കാട്ട് ബഹു. സഖറിയാസച്ചൻ നമ്മുടെ പൗരോഹിത്യകൂട്ടായ്മയോടു വിട പറഞ്ഞ് സ്വർഗീയ പിതാവിന്റെ ഭവനത്തിലേക്കു യാത്രയായി. ഒരു സഹ പാഠി എന്ന നിലയിൽ അദ്ദേഹത്തെപ്പറ്റി ഈ അനുസ്മരണമെഴുതുവാൻ സന്തോഷമുണ്ട്. കുടമാളൂർ സെന്റ് മേരീസ് ഇടവകയിലെ ചൂരക്കാട്ടു കുടുംബത്തിൽ, കുര്യൻ-മറിയം ദമ്പതികളുടെ മകനായി 1933 സെപ്റ്റംബർ 23-ാം തീയതി അദ്ദേഹം ഭൂജാതനായി. കോട്ടയം നട്ടാശ്ശേരി ഹോളിഫാമിലി പ്രൈമറി സ്കൂളിലും, തുടർന്ന് കോട്ടയം എസ്. എച്ച്. മൗണ്ട് ഹൈസ്കൂളിലും പഠനം നടത്തിയതിനുശേഷമാണ് അദ്ദേഹം സെമിനാരിയിലേക്കുള്ള തന്റെ പ്രവേശനത്തിനൊരുങ്ങിയത്. ഭക്തരായ മാതാപിതാക്കളുടെ വളർത്തലിലൂടെ ദൈവവിളിയിൽ വളർന്ന ചെറിയാച്ചൻ ഇ.എസ്.എൽ.സി. പരീക്ഷ പാസായ ഉടനെ വൈദികപരിശീലനത്തിനായി സെമിനാരിയിൽ പ്രവേശിച്ചു. 'ചെറിയാൻ മുണ്ടൻപറമ്പിൽ' എന്ന പേരോടുകൂടി 1951 ൽ പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ പ്രവേശിച്ച അദ്ദേഹം 'സഖറിയാസ് ചൂരക്കാട്ട്' എന്ന പേരോടുകൂടി 1960 മാർച്ചു മാസം 12-ാം തീയതി മംഗലപ്പുഴ സെമിനാരിയിൽനിന്ന് കർത്താവിന്റെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട് ചങ്ങനാശ്ശേരി അതിരൂപതയിൽ തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു.

അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിലെ അംഗമെന്ന നിലയിൽ ആറു വർഷങ്ങൾ അദ്ദേഹം ഇപ്പോഴത്തെ കാഞ്ഞിരപ്പള്ളി രൂപതയുടെ പള്ളികളിലാണ് സേവനമനുഷ്ഠിച്ചത്. പെരുവന്താനം, കോരുത്തോട്, ഉമ്മിക്കുപ്പ, പുത്തൻകൊരട്ടി, നെറ്റിത്തൊഴു എന്നീ ഇടവകകളിൽ ശുശ്രൂഷ നിർവഹിച്ച അദ്ദേഹം, 1981 മുതൽ ചങ്ങനാശ്ശേരി അതിരൂപതയിലെ കൈനടി, അയർക്കുന്നം, തത്തംപള്ളി, മാടപ്പള്ളി, കോട്ടയ്ക്കുപുറം, കടയനിക്കാട്, പുതുക്കരി, ചാഞ്ഞോടി എന്നീ ഇടവകകളിലാണ് തന്റെ ശുശ്രൂഷ നിർവഹിച്ചത്. അതേത്തുടർന്ന് അസുഖമായി പന്ത്രണ്ടു വർഷത്തോളം ഇത്തിത്താനത്ത് വൈദികമന്ദിരത്തിൽ അദ്ദേഹം വിശ്രമിക്കുകയായിരുന്നു.

മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലും സഹപാഠികളായിരുന്നതുകൊണ്ട് അദ്ദേഹത്തെ വളരെ അടുത്തറിയുവാനും മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്. നിഷ്കളങ്കവും നിസ്വാർത്ഥവുമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. തന്റെ അജപാലനശുശ്രൂഷയിൽ നൂറു ശതമാനം ആത്മാർത്ഥതയോടെ വ്യാപരിച്ച ഒരു നല്ല ഇടയൻ. അജഗണങ്ങളുടെ നന്മമാത്രം ലക്ഷ്യമാക്കി, എവിടെയും എപ്പോഴും സംലഭ്യനായി ശുശ്രൂഷ നിർവഹിച്ച അജപാലകൻ. ഏത് ഇടവകയിലേക്കും മേലദ്ധ്യക്ഷനാൽ നിയോഗിക്കപ്പെട്ടാലും പരാതികളൊന്നുമില്ലാതെ ഇടവകയെ സ്വന്തമായി കണ്ട് സന്തോഷത്തോടെ ശുശ്രൂഷ ചെയ്യുന്ന ഒരു പുരോഹിതൻ. തന്നെ സമീപിക്കുന്നവരെ നർമ്മരസത്തോടെ തമാശകൾ പറഞ്ഞ് സന്തോഷിപ്പിക്കുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു സഖറിയാസച്ചൻ.

പൗരോഹിത്യവിശുദ്ധിയിലും കൂട്ടായ്മയിലും വിശ്വസിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ബഹുമാനപ്പെട്ട ചൂരക്കാട്ടച്ചൻ. പുരോഹിതരുടെ വിശുദ്ധിയും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുവാൻവേണ്ടി സ്ഥാപിതമായ ഇടവകവൈദികരുടെ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗമായിത്തീരുകയും ആരോഗ്യം അനുവദിച്ചിടത്തോളംകാലം കൂട്ടായ്മയിൽ പങ്കുചേരുകയും ചെയ്തുവെന്നത് എന്റെ ഓർമ്മയിലുണ്ട്. പുരോഹിതർ ഒന്നായിരിക്കണമെന്ന നിത്യപുരോഹിതനായ ഈശോയുടെ ഹൃദയാഭിലാഷം ഹൃദയത്തിലേറ്റുവാങ്ങി വൈദികസൗഹൃദം പുലർത്തുകയും വളർത്തുകയും ചെയ്യുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. വൈദികർ ഒന്നിച്ചുകൂടുവാൻ ഒരുക്കപ്പെടുന്ന വേദികൾ ഒന്നുപോലും ഒഴിവാക്കാതെ സന്തോഷത്തോടും താല്പര്യത്തോടുംകൂടെ അതിൽ പങ്കുചേരുന്ന ഒരു പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

2018 ജനുവരി 15-ാം തീയതി നമ്മിൽനിന്നും മരണംമൂലം വേർപിരിഞ്ഞ ചൂരക്കാട്ട് ബഹു. സഖറിയാസച്ചന്റെ ഖബറടക്കം നടന്നത് ജനുവരി 18-ാം തീയതി കുടമാളൂർ സെന്റ് മേരീസ് ഫൊറോനാപള്ളിയിലാണ്. നമ്മുടെ വൈദികസഹോദരന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. ഇടയന്മാരുടെ തലവനായ മിശിഹാ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം അദ്ദേഹത്തെ അണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**ബഹുമാനപ്പെട്ട സഖറിയാസ് ചൂരക്കാട്ടച്ചന്റെ ആത്മശാന്തിക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. എല്ലാ പി.പി.എഫ്.എ. അംഗങ്ങളും ഓരോ കുർബാന അച്ചനുവേണ്ടി അർപ്പിക്കേണ്ടതാണ്.**

സെക്രട്ടറി

പി.പി.എഫ്.എ.

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**ജാഗ്രതാ സായാഹ്നം നടത്തി**

അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ ജനുവരി 21-ാം തീയതി വെരൂർ സെന്റ് ജോസഫ് ഇടവകയിൽ ജാഗ്രതാ സായാഹ്നം സംഘടിപ്പിച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. ആരാധനാ സ്വാതന്ത്ര്യവും, വിദ്യാഭ്യാസവകാശവും, പരസ്പര പൂരകങ്ങളായ അവകാശങ്ങളാണെന്നും ക്രൈസ്തവ സ്നേഹത്തിന്റെ നിലനിൽപിനും വളർച്ചയ്ക്കും ഇവ അത്യന്താപേക്ഷിതമാണെന്നും, അതിനാൽ ഇവ സംരക്ഷിക്കുവാൻ ന്യൂനപക്ഷം നിതാന്ത ജാഗ്രതപുലർത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, കോ-ഓർഡിനേറ്റർ ഫാ. ആന്റണി തലച്ചെല്ലൂർ, അഡ്വ. ജോർജ്ജ് വർഗ്ഗീസ് എന്നിവർ സഭാവബോധം, സമുദായ സ്നേഹം, നവമാധ്യമ സംസ്കാരവും വെല്ലുവിളികളും, കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്നീ വിഷയങ്ങൾ സംസാരിച്ചു. തുടർന്ന് ടി വിഷയങ്ങൾ സംബന്ധിച്ച് പൊതു ചർച്ചയും നടന്നു. പരിപാടിക്ക് ജോസി പ്രാക്കുഴി, ടോം അറയ്ക്കപ്പറമ്പിൽ, ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. ലിജോ കുഴിപ്പള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

## പഠന ശിബിരം

അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമതിയുടെ ആഭിമുഖ്യത്തിലുള്ള അടുത്ത പഠനശിബിരം തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ ക്രമീകരിച്ചിരിക്കുന്നു. കാലിക പ്രധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ സംഗമത്തിൽ മുഴുവൻ ജാഗ്രതാ സമിതി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. താൽപര്യമുള്ള മറ്റ് ആളുകളേയും പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ

| | |
|---|---|
| **വിഷയം** | **: ഇന്ത്യൻ മതേതരത്വം നേരിടുന്ന വെല്ലുവിളികൾ** |
| **സ്ഥലം** | **: തുരുത്തി മർത്ത് മറിയം ഫൊറോനപള്ളി** |
| **സമയം** | **: ഫെബ്രുവരി 17 ശനിയാഴ്ച 10 മുതൽ 1 വരെ** |
| **നയിക്കുന്നത്** | **: പ്രൊഫ. റോണി കെ. ബേബി** |

# XIV PASTORAL COUNCIL
**ARCHEPARCHY OF CHANGANACHERRY**

**അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിനുള്ള**

## പാസ്റ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ്

"ഇടവകയിലെ ദൈവജനകൂട്ടായ്മയുടെ പ്രകാശനം എന്ന നിലയിലുള്ള പള്ളി യോഗത്തിന്റെ ലക്ഷ്യം, ഇടവകയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിലും സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പിലും ഇടവക വികാരിയെ ഉപദേശിക്കുകയും സഹായിക്കുകയും അദ്ദേഹത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്."

(ചങ്ങനാശ്ശേരി അതിരൂപത പള്ളിയോഗ നടപടിക്രമം ഭാഗം1:1.2)

പ്രിയ വൈദികരേ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ, ഇടവക കൈക്കാരന്മാരേ, പ്രതിനിധി യോഗാംഗങ്ങളേ,

ചങ്ങനാശേരി അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിന് "പാസ്റ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ്" ഏർപ്പെടുത്തുന്ന വിവരം 2017-ലെ അതിരൂപതാ ദിനത്തിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് പ്രഖ്യാപിച്ചത് ഓർക്കുമല്ലോ. അതിരൂപത നിർദ്ദേശങ്ങൾക്കനുസൃതം രൂപീകരിക്കുകയും ഏറ്റവും മാതൃകാപരമായും മികച്ച രീതിയിലും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടവക പ്രതിനിധി യോഗത്തിനാണ് ഓരോ വർഷവും പ്രസ്തുത സമ്മാനം ലഭിക്കുക.

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി നൽകുന്ന പ്രഥമ സമ്മാനം 2018 മെയ് 20-ന് തുരുത്തി മർത്ത് മറിയം ഫൊറോന പള്ളിയിൽ നടക്കുന്ന അതിരൂപതാദിനത്തിൽ നൽകുന്നതാണ്. ഇതിനായി താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ 2018 മാർച്ച് 31നു മുമ്പായി ലഭിക്കത്തക്ക വിധത്തിൽ അയയ്ക്കുകയോ, നേരിട്ട് ഏല്പിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം: റവ. ഡോ. റ്റോം പുത്തൻകളം<br>
ചാൻസിലർ, ആർച്ച്ബിഷപ്പ് ഹൗസ്<br>
പി.ബി. നമ്പർ 20, ചങ്ങനാശേരി - 686101

അപേക്ഷാഫാറം അതിരൂപതാ വെബ്സൈറ്റിലും (www.archdiocesechanganacherry.org) ലഭ്യമാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**<br>
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**<br>
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

**അതിരൂപതയിലെ ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിനുള്ള**

## പാസ്റ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ്

### അപേക്ഷാഫോറം

**വിലയിരുത്തുന്ന കാലഘട്ടം: 1.4.2016 മുതൽ 31.03.2017 വരെ**

1. ഇടവകയുടെ പേരും വിലാസവും:
   ഓഫീസ് ഫോൺ നമ്പർ: ഇ-മെയിൽ:
2. കുടുംബങ്ങളുടെ എണ്ണം: ദളിത്/ നാടാർ കുടുംബങ്ങളുടെ എണ്ണം:
3. വികാരിയച്ചന്റെ പേരും ഫോൺ നമ്പറും:
4. അസി. വികാരിമാരുടെ പേരുകളും ഫോൺ നമ്പരും:
5. കൈക്കാരന്മാരുടെ പേരുകളും ഫോൺ നമ്പരും:
6. പ്രതിനിധിയോഗം സെക്രട്ടറിയുടെ പേരും ഫോൺ നമ്പരും:
7. പ്രതിനിധിയോഗം നിലവിൽ വന്ന തീയതി:
8. പ്രതിനിധി യോഗരൂപീകരണം പള്ളിയോഗ
   നടപടിക്രമത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമാണോ? അതെ ☐ അല്ല ☐
9. ആകെഅംഗങ്ങളുടെ എണ്ണം:
   തെരഞ്ഞെടുക്കപ്പെട്ടവർ: വനിതകൾ:
   നാമനിർദ്ദേശം ചെയ്യപ്പെട്ടവർ: ദളിത്/ നാടാർ:
10. പ്രതിനിധിയോഗ സമ്മേളനങ്ങളുടെ എണ്ണം:

| നമ്പർ | പ്രതിനിധിയോഗം നടന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം | അജണ്ട (പ്രധാനപ്പെട്ടവ) |
|---|---|---|---|
| 1 | 2016 ഏപ്രിൽ ....... | | |
| 2 | 2016 മെയ് ....... | | |
| 3 | 2016 ജൂൺ ....... | | |
| 4 | 2016 ജൂലൈ ....... | | |
| 5 | 2016 ആഗസ്റ്റ് ....... | | |
| 6 | 2016 സെപ്റ്റംബർ ....... | | |
| 7 | 2016 ഒക്ടോബർ ....... | | |
| 8 | 2016 നവംബർ ....... | | |
| 9 | 2016 ഡിസംബർ ....... | | |
| 10 | 2017 ജനുവരി ....... | | |
| 11 | 2017 ഫെബ്രുവരി ....... | | |
| 12 | 2017 മാർച്ച് ....... | | |

11. ഹാജർ രജിസ്റ്റർ ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐

12. മിനിറ്റ്സ് ബുക്ക് ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐

13 യോഗപുസ്കം ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐

14. കണക്കവതരണത്തിന്റെ രീതി: മാസം ☐ ത്രൈമാസം ☐ അർദ്ധവാർഷികം ☐

15 കണക്ക് ഓഡിറ്റ് ചെയ്തശേഷമാണോ അവതരിപ്പിക്കുന്നത്?
അതെ ☐ അല്ല ☐

16. അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ നടപ്പിലാക്കിയ പ്രതിനിധിയോഗ നിശ്ചയങ്ങൾ 5 എണ്ണം ചുരുക്കി പ്രതിപാദിക്കുക.

17. പ്രതിനിധിയോഗത്തിൽ ചർച്ച ചെയ്യപ്പെട്ട ഇതര പ്രധാന വിഷയങ്ങൾ ഏവ? (5 എണ്ണം)

18. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏതെങ്കിലും കാരണത്താൽ പ്രാധിനിധ്യം നഷ്ടപ്പെട്ടവരുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ എത്ര പേർ:
കാരണം:

19. പകരം പ്രതിനിധികളെ തദ്രീതിയിൽ കണ്ടെത്തിയിട്ടുണ്ടോ?
ഉണ്ട് ☐ ഇല്ല ☐

20. അടിയന്തിര പ്രതിനിധിയോഗം കൂടിയിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ അജണ്ടയിലെ വിഷയങ്ങൾ ഏവ?

21. കോറം തികയാഞ്ഞതിനാൽ പ്രതിനിധിയോഗം മാറ്റി വച്ചിട്ടുണ്ടോ?
ഉണ്ട് ☐ ഇല്ല ☐ ഉണ്ടെങ്കിൽ എത്ര തവണ .......

22. പ്രതിനിധിയോഗത്തിന്റെ കമ്മിറ്റികൾ/കമ്മീഷനുകൾ നിലവിലുണ്ടോ?
ഉണ്ട് ☐ ഇല്ല ☐ ഉണ്ടെങ്കിൽ ഏതൊക്കെ? അവയുടെ പ്രവർത്തനങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

23. സമാധാനപരമായി യോഗം നടത്താൻ സാധിക്കാതെ പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐

24 അതിരൂപതക്ക് നൽകേണ്ട ഇടവക വിഹിതത്തിൽ കുടിശിഖയുണ്ടോ?
ഉണ്ട് ☐ ഇല്ല ☐
ഉണ്ടെങ്കിൽ സാമ്പത്തിക വർഷങ്ങൾ:

25. മറ്റെന്തെങ്കിലും സംഗതികൾ ഉണ്ടെങ്കിൽ താഴെ ചേർക്കുക

## പ്രസ്താവന

................................................ ഇടവക പ്രതിനിധിയോഗത്തെ സംബന്ധിച്ച് മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

(നടത്തുകൈക്കാരന്റെ പേരും ഒപ്പും) (വികാരിയച്ചന്റെ പേരും ഒപ്പും)

(സീൽ)

ചങ്ങനാശ്ശേരി അതിരൂപത

# 19 –ാമത് ബൈബിൾ കൺവൻഷൻ

ആപ്തവാക്യം : "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." (മർക്കോ. 16:15)

**2018 ഫെബ്രുവരി 13 ചൊവ്വ മുതൽ ഫെബ്രുവരി 17 ശനി വരെ പാറേൽപള്ളി മൈതാനിയിൽ**

**രാവിലെ 9 മുതൽ 4.00 വരെയും വൈകുന്നേരം 4.30 മുതൽ 9 വരെയും രണ്ട് സെഷനുകൾ**

**മുഖ്യവിഷയം : "വിശ്വാസജീവിതവും പ്രേഷിതസാക്ഷ്യവും"**

**ഉദ്ഘാടനം : 2018 ഫെബ്രുവരി 13 ചൊവ്വ രാവിലെ 10.30–ന്**

**അനുഗ്രഹപ്രഭാഷണം : മാർ ജോസഫ് പവ്വത്തിൽ & മാർ തോമസ് തറയിൽ**

## വചനപ്രഘോഷകർ

**ഫെബ്രുവരി 13 ചൊവ്വ**

11.15 a.m. : **വെരി. റവ. ഡോ. മാണി പുതിയിടം**

12.00 noon. : **റവ. ഡോ. സിറിയക് വലിയകുന്നുംപുറം**

02.00 p.m & 6.00 p.m. : **വെരി. റവ. ഫാ. ജോസഫ് പുത്തൻപുര** OFM Cap.

**ഫെബ്രുവരി 14 ബുധൻ**

11.00 a.m. : **ബ്രദർ റ്റി.സി. ജോർജ്** (ബോംബെ)

2.00 p.m. & 6.00 p.m. : **റവ. ഫാ. ഡേവിസ് ചിറമേൽ** (ഇരിങ്ങാലക്കുട)

7.30 p.m. : **റവ. ഫാ. ജേക്കബ് ചക്കാത്ര**

**ഫെബ്രുവരി 15 വ്യാഴം**

11.00 a.m. : **റവ. ഫാ. ജോമോൻ കൊച്ചുകണിയാൻപറമ്പിൽ** MCBS (ആലപ്പുഴ)

2.00 p.m. & 6.00 p.m. : **റവ. ഫാ. ആദർശ് കുമ്പളത്ത്** (തിരുവനന്തപുരം)

**ഫെബ്രുവരി 16 വെള്ളി**

11 a.m. : **റവ. ഡോ. തോമസ് വള്ളിയാനിപ്പുറം**

2.00 p.m. & 6.00 p.m. : **റവ. ഫാ. ബോസ്കോ തെള്ളിയത്ത്** OCD (കൊച്ചി)

6.00 p.m. : **വെരി റവ. ഫാ. ജോസഫ് പുത്തൻപുര** OFM. Cap.

**ഫെബ്രുവരി 17 ശനി**

11 a.m. – & 6.00 p.m : **റവ. റവ. ഫാ. ഷാർലോ ഏഴാനിക്കാട്** CST (ബാംഗ്ലൂർ)

## വിശുദ്ധ കുർബാന അർപ്പിക്കുന്നത് (രാവിലെ 9.15–ന്)

ഫെബ്രുവരി 13 ചൊവ്വ – ചങ്ങനാശേരി ഫൊറോനയിലെ വൈദികർ

ഫെബ്രുവരി 14 ബുധൻ – തൃക്കൊടിത്താനം ഫൊറോനയിലെ വൈദികർ

ഫെബ്രുവരി 15 വ്യാഴം – മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ & നവ വൈദികർ

ഫെബ്രുവരി 16 വെള്ളി – കുറുമ്പനാടം ഫൊറോനയിലെ വൈദികർ

ഫെബ്രുവരി 17 ശനി – തുരുത്തി ഫൊറോനയിലെ വൈദികർ

ഫാ. തോമസ് പ്ലാപ്പറമ്പിൽ
(കൺവൻഷൻ കോ–ഓർഡിനേറ്റർ)

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

ദനഹാക്കാലനിറവിലാണു നാം. കർത്താവിന്റെ പരസ്യജീവിതകാലത്തോടൊപ്പം തന്നെ അവന്റെ ജീവിതത്തിനു സാക്ഷികളായ പ്രവാചകരെയും, ശ്ലീഹന്മാരെയും, സുവിശേഷകന്മാരെയും, വേദസാക്ഷികളെയും ഒക്കെ നാം അനുസ്മരിക്കുന്ന കാലം. രക്ഷാകരചരിത്രം രക്ഷയുടെ സുവിശേഷമായി നമുക്കു മുൻപിൽ അനാവരണം ചെയ്യപ്പെടുന്നു. ഇനിയുള്ള ദിനങ്ങൾ കർത്താവിന്റെ പീഡാസഹനങ്ങളിലേയ്ക്കുള്ള വാതായനങ്ങൾ തുറന്നിടുന്ന നോമ്പിന്റെ നാളുകളിലേയ്ക്ക് നമ്മെ എത്തിക്കുന്ന അവസരമാണ്. വിശ്വാസപരിശീലനത്തിലും ഇതൊരുക്കത്തിന്റെ നാളുകളാണ്.

വജ്രജൂബിലി വർഷത്തിലെ മതാദ്ധ്യാപക കൺവൻഷൻ ജനുവരി 26 നു നടന്നു. ഹൃദ്യവും ആത്മീയവുമായ ഒരനുഭവമായിരുന്നു **കെരിഗ്മ 2018**. അധ്യാപകരുടെ പങ്കാളിത്തം കൊണ്ടും ക്രമീകരണം കൊണ്ടും ശ്രദ്ധേയമായ ഒരു ദിനമായി അതു മാറി. നമ്മുടെ അധ്യാപകരുടെ സമർപ്പിതവും സംഘാടാത്മകവുമായ പ്രവർത്തനത്തിന്റെ തെളിവായി അതിന്റെ വിജയത്തെ നമുക്കു കാണാം. ഏവർക്കും നന്ദി. അറുപത്, അൻപത്, ഇരുപത്തഞ്ച് വർഷങ്ങൾ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിലൂടെ മാതൃകയായവർക്കും, ഫാ. മാത്യു നടയ്ക്കൽ പുരസ്കാര ജേതാക്കൾക്കും അഭിനന്ദനങ്ങൾ.

ഇനി വിശ്വാസോത്സവ പരിശീലന ദിനങ്ങൾ ആണ്. **റൂഹാദ്ക്കുദ്ശാ** എന്നതാണ് ഈ വർഷത്തെ വിഷയം. ഏപ്രിൽ 2 മുതലുള്ള പത്തു ദിനങ്ങളിലായി വിശ്വാസോത്സവം ക്രമീകരിക്കുവാൻ മുൻകൂട്ടി ഒരുക്കങ്ങൾ നടത്തുമല്ലോ. കുട്ടികളുടെ പരിശീലനത്തിനും വളർച്ചയ്ക്കുമായി നാം വ്യയം ചെയ്യുന്ന സമയവും ധനവും വ്യർത്ഥമാവില്ല പ്രത്യാശാത്മകമായ ചിന്ത നമ്മുടെ ഒരുക്കങ്ങളിൽ ഉണ്ടാവണം. ഫെബ്രുവരി 24 മുതൽ വിവിധ ഫൊറോന കേന്ദ്രങ്ങളിലായി മതാധ്യാപകർക്കായുള്ള വിശ്വാസോത്സവ പരിശീലന ക്ലാസ്സുകൾ ആരംഭിക്കും.

നിർത്തും മുമ്പ് നന്ദിയുടെ നറുമലരുകൾ അർപ്പിക്കട്ടെ. നമ്മുടെ അതിരൂപതയിലെ മതബോധന കുടുംബത്തിന്റെ സ്നേഹവും കൂട്ടായ്മയും ഞാൻ ഏറ്റവുമടുത്തറിഞ്ഞ ദിനങ്ങളായിരുന്നു സ്നേഹധനനായ എന്റെ പിതാവിന്റെ വിയോഗത്തിന്റെ നാളുകൾ. പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും ശവസംസ്കാരദിനങ്ങളിലും തുടർന്നും അതിരൂപതയിലെ വിവിധ ഇടവകളിൽ നിന്നുള്ള വൈദികരും, സിസ്റ്റേഴ്സും, അദ്ധ്യാപകരും, കുട്ടികളും മാതാപിതാക്കളും എന്നോടും ഞങ്ങളുടെ കുടുംബത്തോടും കാട്ടിയ സ്നേഹത്തിനും പരിഗണനയ്ക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

ഫെബ്രുവരി 4 രണ്ടാം സെമസ്റ്റർ പരീക്ഷയാണ്. തുടർന്നുള്ള ഞായറാഴ്ച

കൾ സഭാചരിത്രപഠനത്തിനും ക്രിസ്തീയധാർമ്മികബോധ്യങ്ങളുടെ പരിശീലനത്തിനായും മാറ്റിവയ്ക്കാനും ഫലപ്രദമായി ഉപയോഗിക്കുവാനും നമ്മൾ ശ്രദ്ധിക്കണം.

ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്

നിങ്ങളുടെ സ്വന്തം

***ജോബിയച്ചൻ***

***ജോസിയച്ചൻ***

**സന്ദേശനിലയം അറിയിപ്പുകൾ**

**2018 ഫെബ്രുവരി**

| | | |
|---|---|---|
| 4 ഞായർ | : | **രണ്ടാം ടേം പരീക്ഷ** |
| 10 ശനി | : | CLT ക്ലാസ്സ്, MCC Class |
| 12 തിങ്കൾ | : | നോമ്പാരംഭശുശ്രൂഷ |
| 17 ശനി | : | CLT ക്ലാസ്സ് |
| 24 ശനി | : | CLT ക്ലാസ്സ് |

**2018 മാർച്ച്**

| | | |
|---|---|---|
| 3 ശനി | : | CLT ക്ലാസ്സ് |
| 10 ശനി | : | CLT ക്ലാസ്സ്, MCC Class |
| 17 ശനി | : | CLT ക്ലാസ്സ് |
| 18 ഞായർ | : | **രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ** |
| 19 തിങ്കൾ | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (ഓഫിസ് അവധി) |

**പ്രത്യേകശ്രദ്ധയ്ക്ക്**

രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ മാർച്ച് 18-ാം തീയതി ഞായറാഴ്ചയായിരിക്കും.

ഫെബ്രുവരിയിലെ പരീക്ഷയ്ക്കുശേഷം നാലാം ക്ലാസിൽ ആഘോഷമായ വി.കുർബാന സ്വീകരണവും ആദ്യകുമ്പസാരവും മുന്നിൽകണ്ട് **'നാഥാ വന്നു വസിച്ചാലും'** എന്ന ടെക്സ്റ്റ് പഠിപ്പിച്ചു തുടങ്ങാവുന്നതാണ്. വി.കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുവാൻ തയ്യാറുള്ളവരെത്തന്നെ നാലാംക്ലാസ്സിൽ വർഷാരംഭം മുതൽ പഠിപ്പിക്കുവാൻ നിയോഗിക്കുന്നത് അഭികാമ്യമായിരിക്കും. ഇവർക്കായി ഏപ്രിലെ പരീക്ഷയിൽ 'നാഥാ വന്നു വസിച്ചാലും' എന്ന ടെക്സ്റ്റിലെ ആദ്യത്തെ 4 പാഠങ്ങളിലെ നമസ്കാരവും 1 മുതൽ 3 വരെയുള്ള ക്ലാസ്സുകളിലെ നമസ്കാരവും ഉൾപ്പെടുത്താവുന്നതാണ്.

**വിശ്വാസോത്സവം 2018 അദ്ധ്യാപക പരിശീലനം**

പുതുതായി തയ്യാറാക്കപ്പെട്ട വർക്കുബുക്കുകളുടെ പരിചയപ്പെടുത്തൽ ആയ

തിനാൽ അധ്യാപകർ പരിശീലന സെമിനാറിൽ ആദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സെമിനാറിന്റെ സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 മണിവരെയായിരിക്കും. സെമിനാറിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഓർഗനൈസറച്ചന്റെ നേതൃത്വത്തിൽ ഫൊറോന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. തന്നിരിക്കുന്ന സമയക്രമീകരണങ്ങളോട് എല്ലാ ഫൊറോനകളും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. സെമിനാർ ഫെബ്രുവരി 24 മുതൽ ആരംഭിക്കുന്നു.

**വിശ്വാസോത്സവം സെമിനാർ**

| | |
|---|---|
| ഫെബ്രുവരി 24 ശനി | - പുളിംകുന്ന്, ചമ്പക്കുളം, ആലപ്പുഴ |
| ഫെബ്രുവരി 25 ഞായർ | - കൊല്ലം, ചങ്ങനാശേരി |
| മാർച്ച് 3 ശനി | - തൃക്കൊടിത്താനം, തുരുത്തി |
| മാർച്ച് 4 ഞായർ | - കുടമാളൂർ, അതിരമ്പുഴ |
| മാർച്ച് 10 ശനി | - എടത്വാ, അമ്പൂരി, കോട്ടയം |
| മാർച്ച് 11 ഞായർ | - തിരുവനന്തപുരം, നെടുംകുന്നം |
| മാർച്ച് 17 ശനി | - മണിമല, കുറുമ്പനാടം |

**രണ്ടാംഘട്ട സപ്ലിമെന്ററി പരീക്ഷ സിലബസ്**

1 മുതൽ 3 വരെ ക്ലാസ്സുകൾക്ക് - പാഠപ്പുസ്തകത്തിലെ നമസ്കാരങ്ങളും ബൈബിൾ വാക്യങ്ങളും

ക്ലാസ്സ് 4 : നമസ്കാരങ്ങൾ, ആഘോഷമായ വി.കുർബാന സ്വീകരണത്തിനുള്ള നാഥാ വന്നു വസിച്ചാലും എന്ന പുസ്തകം (1 മുതൽ 4 വരെ പാഠങ്ങൾ).

ക്ലാസ്സ് 5, 6 : നമസ്കാരങ്ങൾ, ഉപപാഠപുസ്തകം (CML പ്രസിദ്ധീകരണം)

ക്ലാസ്സ് 7 : നമസ്കാരങ്ങൾ, ഭാരതസഭ ചരിത്രവഴികളിലൂടെ എന്ന പുസ്തകം

ക്ലാസ്സ് 8 : നമസ്കാരങ്ങളും ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ (പാഠങ്ങൾ 4, 5, 6, 8)

ക്ലാസ്സ് 9 : നമസ്കാരങ്ങളും രാജ്യപുരോഗതിയ്ക്ക് ക്രൈസ്തവ സംഭാവനകൾ (പാഠങ്ങൾ 3, 4 , 8, 9)

(കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 16-17 കാണുക)

**അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 21-ാം തീയതി ശനിയാഴ്ച സ്ക്കോളർഷിപ്പ്പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 28 കാണുക.

## നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 17, 18, 19 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേ സ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. മാർച്ച് 19നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമല്ലോ. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 27, 28 കാണുക.

## അതിരൂപതാ മതാധ്യാപക കൺവൻഷൻ

ചങ്ങനാശേരി അതിരൂപത മതബോധനകേന്ദ്രമായ സന്ദേശനിലയത്തിന്റെ വജ്രജൂബിലിയുടെ ആഘോഷങ്ങളുടെ ഭാഗമായി 2018 ജനുവരി 26ന് എസ്ബി കോളജ് കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച മതാധ്യാപക കൺവൻഷൻ **കെരിഗ്മ-2018** സീറോമലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുര ഉദ്ഘാടനം ചെയ്തു. മതാധ്യാപകർ വിദ്യാർഥികളുടെ മനസുകളിൽ സ്നേഹസാന്നിധ്യമാകണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. സന്ദേശനിലയം ഡയറക്ടർ റവ. ഡോ. ജോബി കറുകപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുര ഖുത്താആ പ്രാർത്ഥന നയിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസി പൊക്കാവരയത്ത്, എസിസി കവീനർ ഡോ.രാജൻ കെ.അമ്പൂരി എന്നിവർ പ്രസംഗിച്ചു. സീറോമലബാർ സിനഡൽ കാറ്റകെറ്റിക്കൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് ക്ലാസ് നയിച്ചു.

ഉച്ചകഴിഞ്ഞ് നടന്ന സമാപന സമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. വിശ്വാസപരിശീലനം ഗൗരവത്തോടും ജാഗ്രതയോടും നിർവ്വഹിക്കേണ്ട ശുശ്രൂഷയാണെന്ന് ആർച്ച് ബിഷപ്പ് ഉദ്ബോധിപ്പിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ സന്ദേശം നൽകി. അതിരൂപതാ മതബോധനകേന്ദ്രമായ സന്ദേശനിലയത്തിന്റെ പ്രഥമ ഡയറക്ടറായിരുന്ന ഫാ. മാത്യു നടക്കലിന്റെ സ്മരണാർത്ഥം മതാധ്യാപകർക്കായി ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ തുരുത്തി മർത്ത് മറിയം സൺഡേസ്കൂളിലെ പ്രഫ. ജോസഫ് ടിറ്റോ നേര്യംപറമ്പിൽ, തിരുവനന്തപുരം പേരൂർക്കട ലൂർദ്ഹിൽ സൺഡേസ്കൂളിലെ ലീലാമ്മ ദേവസി വലിയകോട്ടൂർ, മങ്കൊമ്പ് പയസ് ടെൻത് സൺഡേസ്കൂളിലെ സിസ്റ്റർ ജെനറസ് എഫ്സിസി എന്നിവർക്ക് മാർ പെരുന്തോട്ടം സമ്മാനിച്ചു.

ഡയറക്ടർ റവ. ഡോ. ജോബി കറുകപ്പറമ്പിൽ, ഫാ. ജോസി പൊക്കാവരയത്ത്, ജോസ് കെ. ജേക്കബ്, ജോസി ആലഞ്ചേരി, സിസ്റ്റർ ഗൊരേത്തി എസ്എബിഎസ് ബ്രദർ. ജോയൽ പുന്നശ്ശേരി എന്നിവർ പ്രസംഗിച്ചു. മതാധ്യാപനത്തിൽ 25, 50, 60 വർഷം പൂർത്തിയായ അധ്യാപകരേയും സീറോമലബാർ സഭാപ്രതിഭാ പുരസ്കാരം ലഭിച്ച പുതുപ്പള്ളി സെന്റ് ആന്റണീസ് സഡേസ്കൂളിലെ കുമാരി ദിയാ മരിയ ജോർജിനെയും സമ്മേളനത്തിൽ ആദരിച്ചു. സന്ദേശനിലയത്തിന്റെ വജ്രൂബിലി വർഷത്തിൽ തുടക്കംകുറിക്കുന്ന

എക്കോസ് അറ്റ് സന്ദേശ് എ ഓൺലൈൻ പ്രോഗ്രാമിന്റെ ഉദ്ഘാടനവും മാർ പെരുന്തോട്ടം നിർവഹിച്ചു. സന്ദേശനിലയം പ്രസിദ്ധീകരിച്ച ബേസ് സ്വർസ ബുള്ളറ്റിൻ അഭി. പിതാവ് പ്രകാശനം ചെയ്തു. ഫാ. മാത്യു അഞ്ചിൽ, സി. ലിസി കണിയാംപറമ്പിൽ എിവരുടെ നേതൃത്വത്തിൽ സന്ദേശനിലയം ഗായക സംഘം ഗാനശുശ്രൂഷയ്ക്കു നേതൃത്വം നല്കി. അതിരൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നായി മൂവായിരത്തോളം മതാധ്യാപകർ കവൻഷനിൽ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

നമ്മുടെ പ്രിയങ്കരനായ അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ജോബി കറുകപ്പറമ്പിലച്ചന്റെ പ്രിയപ്പെട്ട അച്ചാച്ചന്റെ നിര്യാണത്തിൽ അതിരൂപതാ മതബോധന കുടുംബത്തിന്റെ സ്നേഹനിർഭരമായ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

സന്ദേശനിലയം വിശ്വാസോത്സവം ടീച്ചിംഗ് ടീം അംഗമായ സി. റ്റെസി കറുകപ്പറമ്പിൽ A.O.,കുറിച്ചി സെന്റ ് ജോസഫ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. അഗസ്റ്റിൻ കെ. ജോർജ്ജ് കറുകപ്പറമ്പിൽ എന്നിവരുടെ പിതാവിന്റെയും പായിപ്പാട് ലൂർദ്ദ് മാതാ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ഡെന്നീസ് ജോസഫിന്റെ പിതാവിന്റെയും കുറുമ്പനാടം അസംപ്ഷൻ സൺഡേസ്കൂൾ അദ്ധ്യാപിക സി. ജെയിൻ മേരി എഫ്. സി.സി. യുടെ പിതാവിന്റെയും വില്ലൂന്നി സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ വിദ്യാർത്ഥിനി മേഘയുടെ നിര്യാണത്തിലും ളായിക്കാട് സെന്റ് ജോസഫ് സൺഡേസ്കൂൾ വിദ്യാർത്ഥിനി മേരി ജോസഫ് കളരിക്കലിന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ☸

**സീറോമലബാർ സഭയുടെ അജപാലനാധികാര പുനഃസ്ഥാപനം: സാധ്യതകളും വെല്ലുവിളികളും**

നമ്മുടെ മാതൃസഭയ്ക്ക് ഇന്ത്യ മുഴുവനും അജപാലന-പ്രേഷിതദൗത്യം നിർവഹിക്കുന്നതിനുള്ള അവകാശം പുനഃസ്ഥാപിച്ചു നൽകിയതിന്റെ വെളിച്ചത്തിൽ സഭയുടെ പുതിയ അജപാലന-സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്യുന്നതിന് മാർ അപ്രേം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസ് ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു.

**തീയതി : 24 ഫെബ്രുവരി 2018**

**സ്ഥലം : അസംപ്ഷൻ കോളജ് ഓഡിറ്റോറിയം**

**സമയം : 10.00 a.m. - 4.00 p.m.**

വിശദവിവരങ്ങൾക്ക്: **ഫാ. തോമസ് പാടിയത്ത്**

ഫോൺ: 944 620 1820

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

സംഘടനാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു കരുതുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം പരീക്ഷകളും അടുത്തുവരുകയാണ്. ചിട്ടയായ പഠനവും പരിശീലനവുമാണ് വിജയത്തിലേയ്ക്കുള്ള വഴിയെന്ന കാര്യം മറക്കാതിരിക്കുക. നമ്മുടെ പരിശ്രമത്തോടൊപ്പം പ്രാർത്ഥനയും മികച്ച വിജയത്തിന് അത്യന്താപേക്ഷിതമാണ്. വലിയനോമ്പിലേയ്ക്കു നാം പ്രവേശിക്കുകയാണ്. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പാതയിലൂടെ ചരിച്ച് നമ്മുടെ ജീവിതങ്ങളെ നമുക്കു ധന്യമാക്കാം. മിഷൻ വോയ്സ് പത്രനിർമ്മിതി, മിഷൻ എലൈവ്, ക്രിസ് കാർഡ് മത്സരങ്ങളിൽ പങ്കെടുത്തവർക്കും വിജയികൾക്കും പ്രത്യേകാഭിനന്ദനങ്ങൾ.

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നാളുകളിലേയ്ക്കു നാം പ്രവേശിക്കുമ്പോൾ നമ്മുടെ നിയോഗങ്ങൾ പ്രേഷിതമുന്നേറ്റത്തിനും വളർച്ചയ്ക്കുമായി സമർപ്പിക്കുവാൻ എല്ലാ കുഞ്ഞുമിഷനറിമാരും ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കട്ടെ.

സ്നേഹാശംസകളോടെ

*ജോബിയച്ചൻ*

*ജോസിയച്ചൻ*

**അറിയിപ്പുകൾ**

**ഫെബ്രുവരി**

| | | |
|---|---|---|
| 4 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ |
| 9 വെള്ളി | : | സകല മരിച്ചവരുടെയും ഓർമ്മ |
| 11 ഞായർ | : | തിരുബാലസഖ്യദിനം |
| 12 തിങ്കൾ | : | 50 നോമ്പാരംഭം |

**മാർച്ച്**

| | | |
|---|---|---|
| 18 ഞായർ | : | രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ |
| 19 തിങ്കൾ | : | മാർ യൗസേപ്പ്, അതിരൂപതാ മദ്ധ്യസ്ഥൻ, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ നാമഹേതുകത്തിരുനാൾ (ഓഫീസ് അവധി) |

**മിഷൻവോയ്സ് പത്രം**

മിഷൻവോയ്സ് പത്രമത്സരത്തിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. മത്സരത്തിന്റെ ഫലങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | സെന്റ് ജോസഫ്സ് ചമ്പക്കര |
| രണ്ടാം സമ്മാനം | : | ലൂർദ്ദ് മാതാ പുതുശേരി |
| മൂന്നാം സമ്മാനം | : | സെന്റ് മേരീസ് കൂത്രപ്പള്ളി |

**പ്രോത്സാഹന സമ്മാനങ്ങൾ**

| | | |
|---|---|---|
| ആലപ്പുഴ | : | സെന്റ് ജോർജ്ജ് പുത്തനങ്ങാടി |
| അതിരമ്പുഴ | : | സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ |
| ചമ്പക്കുളം | : | എസ്. എച്ച്. ഗാഗുൽത്താ |
| ചങ്ങനാശേരി | : | സെന്റ് മേരീസ് പാറേൽ |
| എടത്വാ | : | സെന്റ് റീത്താസ് തകഴി |
| കൊല്ലം - ആയൂർ | : | ക്രിസ്തുരാജ് ആയൂർ |
| കോട്ടയം | : | സെന്റ് ആന്റണീസ് പുതുപ്പള്ളി |
| കുടമാളൂർ | : | സെന്റ് മേരീസ് കുടമാളൂർ |
| കുറുമ്പനാടം | : | ഹോളി ഫാമിലി മാന്നില |
| മണിമല | : | ഹോളി മാഗി മണിമല |
| പുളിംകുന്ന് | : | സെന്റ് റീത്താസ് കണ്ണാടി |
| തിരുവനന്തപുരം | : | മദർ തെരേസാ കണ്ണമ്മൂല |
| തൃക്കൊടിത്താനം | : | ഫാത്തിമമാതാ ഫാത്തിമാപുരം |
| തുരുത്തി | : | ഹോളി ഫാമിലി പൊടിപ്പാറ |

**മിഷൻ എലൈവ്**

**ജനുവരി 20 ശനിയാഴ്ച സന്ദേശനിലയത്തിൽവച്ച് നടന്ന മിഷൻഎലൈവ് മത്സരവിജയികൾ**

ഒന്നാം സമ്മാനം : സെന്റ് പോൾസ് വേഴപ്രാ

രണ്ടാം സമ്മാനം : ഫാത്തിമമാതാ പള്ളിക്കൂട്ടുമ്മ

മൂന്നാം സമ്മാനം : ഡോൺ ബോസ്കോ ചെത്തിപ്പുഴ

**പ്രോത്സാഹനസമ്മാനങ്ങൾ**

1. സെന്റ് സേവ്യേഴ്സ് മിത്രക്കരി
2. ഹോളി ഫാമിലി ഈസ്റ്റ് മിത്രക്കരി
3. സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം

**ക്രിസ് കാർഡ് മത്സര വിജയികൾ**

ഒന്നാം സമ്മാനം : അശ്വിൻ എബി സെന്റ് സെബാസ്റ്റ്യൻസ് പനയമ്പാല

രണ്ടാം സമ്മാനം : നെവിൻ എബ്രാഹം സെന്റ് റീത്താസ് കണ്ണാടി

മൂന്നാം സമ്മാനം : നോയൽ ലാലിച്ചൻ ഹോളി മാഗി മണിമല

**പ്രോത്സാഹന സമ്മാനങ്ങൾ**

1. സോണി ജോർജ്ജ് ഹോളി ഫാമിലി മാന്നില
2. സെബാസ്റ്റ്യൻ ഷിബു ക്രൈസ്റ്റ് ദ കിംഗ് ആയൂർ
3. ആൽഫി വികാസ് സെന്റ് മദർ തെരേസാ കണ്ണമ്മൂല
4. എൽസാ ജ്യൂവൽ ഹോളി ഫാമിലി പൊടിപ്പാറ
5. ആകാശ് ബൈജു സെന്റ് മേരീസ് അതിരമ്പുഴ

**പ്രത്യേകശ്രദ്ധയ്ക്ക്**

- ശാഖാ ഫൊറോതല ഇലക്ഷനുകൾ നടത്തി മാർച്ച് 17-നകം റിപ്പോർട്ട് അതിരൂപതയിൽ ഏല്പിക്കേണ്ടതാണ്.
- 5, 6 ക്ലാസ്സുകളിലേയ്ക്കുള്ള **വൊക്കാരേ** എന്ന പഠനഗ്രന്ഥം ഇനിയും വാങ്ങിയിട്ടില്ലാത്തവർ സി.എം.എൽ ഓഫീസിൽ നിന്നും വാങ്ങേണ്ട താണ്.
- രണ്ടാം ഘട്ട റിപ്പോർട്ട് ഫെബ്രുവരി 5-നകം അതിരൂപതാ ഓഫീസിൽ ഏല്പി ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ആദരാഞ്ജലികൾ**

നമ്മുടെ പ്രിയങ്കരനായ ചങ്ങനാശേരി അതിരൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെയും വൊക്കോഷൻ ബ്യൂറോയുടെയും ഡയറക്ടർ ബഹുമാനപ്പെട്ട ജോബി കറുകപ്പറമ്പിലച്ചന്റെ അച്ചാച്ചന്റെ നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിന്റെ സ്നേഹനിർഭരമായ അനുശോച നവും പ്രാർത്ഥനയും അറിയിക്കുന്നു.

## അഭിനന്ദനങ്ങൾ



**കെ.സി.ബി.സി. യുടെ പാസ്റ്ററൽ കൗൺസിലായ കേരളാ കാത്തലിക് കൗൺസിലിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ചങ്ങനാശ്ശേരി അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിലിന്**

**അഭിനന്ദനങ്ങൾ!**

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ള കുടുംബപ്രേഷിതരേ,

പുതിയൊരു പ്രവർത്തന വർഷത്തേക്ക് നാം പ്രവേശിക്കുമ്പോൾ ഏറെ പ്രതീക്ഷളോടെയാണ് നമ്മൾ തുടങ്ങുന്നത്. മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നാം ഇക്കഴിഞ്ഞ 27-ാം തീയതി പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്ക് തിരി കൊളുത്തി. ഏതൊരു വ്യക്തിയുടെയും പ്രസ്ഥാനത്തിന്റെയും വിജയത്തിൽ പ്രവർത്തന രൂപരേഖ അഥവാ പ്ലാനിങ് ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഫാമിലി അപ്പൊസ്തലേറ്ററിന്റെ ആകമാനവും മാതൃ പിതൃവേദി സംഘടനയുടെ പ്രത്യേകിച്ചും ഉള്ള പ്രവർത്തനങ്ങളെല്ലാം നമുക്ക് നന്നായി പ്ലാൻ ചെയ്തു വേണം തുടങ്ങാൻ. ഇടവകയിലും ഫൊറോനയിലും സംഘടനയ്ക്കു നേതൃത്വം വഹിക്കുന്നവർ ഫൊറോനാ ഡയറക്ടറോടും ഇടവക വികാരിയോടും ചേർന്ന് ഈ ഒരു വർഷത്തേക്ക് മുഴുവനുമുള്ള പരിപാടികൾ കഴിയുമെങ്കിൽ ഈ മാസം തന്നെ പ്ലാൻ ചെയ്യണം. ഈ വർഷത്തെ മാർഗ്ഗരേഖയായ അഗാപ്പെ ഇതിനോടകം തന്നെ ഇടവകകളിൽ എത്തിച്ചേർന്നിട്ടുണ്ടാവും. വ്യത്യസ്തവും കുടുംബക്ഷേമത്തിനു ഊന്നൽ നൽകുന്നതുമായ നിരവധി കർമ്മപരിപാടികൾക്ക് നേതൃത്വം കൊടുക്കാൻ ഈ വർഷവും മാതൃ പിതൃവേദി സംഘടനയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ ഫാമിലി അപ്പോസ്തലെറ്റിന്റെ എല്ലാ പ്രവർത്തനങ്ങളോടും അകമഴിഞ്ഞ് സഹകരിച്ച വികാരിയച്ചന്മാരോടും അനിമേറ്ററു മാരോടും സംഘടനാഭാരവാഹികളോടും മറ്റു കുടുംബക്ഷേമ പ്രവർത്തകരോടുമുള്ള നന്ദിയും കൃതജ്ഞതയും അറിയിക്കുന്നു. ഈ വരുന്ന വർഷവും ഫാമിലി അപ്പോസ് തലേറ്റിന്റെ എല്ലാ ഉദ്യമങ്ങളിലും ഏവരുടെയും സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ ജോസ് മുകളേൽ**

**ഫാ ജോസഫ് ഇലഞ്ഞിമറ്റം**

### യുവദമ്പതിധ്യാനം

വിവാഹം കഴിഞ്ഞ് 15 വർഷം വരെയുള്ളവർക്കായി ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽവച്ച് 2018 ഫെബ്രുവരി 9 വെള്ളിയാഴ്ച 5 pm ന് ആരംഭിച്ച് 11 ഞായറാഴ്ച 4 pm ന് അവസാനിക്കുന്നു. ഒരാൾക്ക് ഫീസ് 500 രൂപ. കൗൺസിലിംഗിനും മറ്റുമുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

### ചങ്ങനാശേരി അതിരൂപത മാതൃവേദി പിതൃവേദി സമ്മാന കൂപ്പൺ

1-ാം സമ്മാനം - അലിൻ ടോം ജെസ്റ്റിൻ കണ്ടങ്കരി

2-ാം സമ്മാനം - ജോ ജോബി കൺട്രാമറ്റം, ഇരവുചിറ

3-ാം സമ്മാനം - മാത്യു ചിറ്റേട്ട്, ആർപ്പൂക്കര ചെറുപുഷ്പം

**കൂപ്പൺ ഏറ്റവും കൂടുതൽ വിറ്റ ഫൊറോന - തിരുവനന്തപുരം**

**കൂപ്പൺ ഏറ്റവും കൂടുതൽ വിറ്റ യൂണിറ്റ് - ആർപ്പൂക്കര ചെറുപുഷ്പം**

## വാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും

ഫെബ്രുവരി മാസത്തിൽ ഉചിതമായ തീയതികളിൽ യൂണിറ്റുകളിലും ഫൊറോനക ളിലും വാർഷികവും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തേണ്ടതാണ്.

## വി. ജിയന്നയുടെ തിരുശേഷിപ്പ് പ്രയാണം, എടത്വാ, ആലപ്പുഴ ഫൊറോനകളിൽ നടത്തപ്പെട്ടു

എടത്വാ ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ മണക്കുന്നേൽ, ഫൊറോന ഡയറക്ടർ ഫാ. ജേക്കബ് നടുവിലേക്കളം ആലപ്പുഴ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് തൂമ്പുങ്കൽ, ഫൊറോന ഡയറക്ടർ ഫാ. മാത്യു പുളിച്ചുമാക്കൽ, ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും രൂപതാ കോഓർഡിനേറ്റർ, എബ്രഹാം പുത്തൻകളം, എടത്വാ ഫൊറോന കൺവീനർമാരായ ശ്രീ. റോബിൻ റ്റി. കുളങ്ങര, വർഗീസ് നെല്ലിക്കൻ, ജോസഫ് വർഗീസ് ഏഴരയിൽ, ആലപ്പുഴ ഫോറോന കൺവീനർമാരായ ആന്റണി പള്ള ത്ത്, ജോൺസൺ ആലപ്പാട്ട്, റോയി വേലിക്കെട്ടിൽ, ജോൺ ബോസ്ക്കോ, ക്രിസ് പുത്തൻക ളം, മാതൃവേദി, പിതൃവേദി ഭാരവാഹികൾ, പ്രൊലൈഫ് പ്രവർത്തകർ തുടങ്ങി പ്രയാണ ത്തിനു നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

| | |
|---|---|
| ഡിസംബർ 31 ഞായർ | - ഐക്കരച്ചിറ മാതൃ-പിതൃ യൂണിറ്റ് വാർഷികം രജത, സുവർണ്ണ ജൂബിലി അനുമോദനസമ്മേളനം |
| ജനുവരി 11 | - അതിരൂപത എക്സിക്യൂട്ടീവ് |
| ജനുവരി 14 | - കുടമാളൂർ ഫൊറോന വാർഷികം മുടിയൂർക്കരയിൽ |
| ജനുവരി 19 | - സീറോ മലബാർ മാതൃവേദി നേതൃത്വ ക്യാമ്പ്, ഇരിഞ്ഞാലക്കുട |
| ജനുവരി 21 | - ആലപ്പുഴ ഫൊറോന വാർഷികം - പഴവങ്ങാടി |
| ജനുവരി 26 | - അമ്പൂരി, തിരുവനന്തപുരം ഫൊറോന -പ്രൊലൈഫ് നേതൃത്വ മീറ്റിംഗ് |
| ജനുവരി 28 | - ചമ്പക്കുളം വാർഷികം |

## തിരുശേഷിപ്പ് പ്രയാണം ഫെബ്രുവരിയിൽ നടക്കുന്ന ഇടവകകൾ

| | |
|---|---|
| 31-1 | - കരവാളൂർ |
| ഫെബ്രുവരി 1-2 | - നരിക്കൽ |
| 2-3 | - വെഞ്ചെമ്പ് |
| 3-4 | - ചെറിയ വിളനല്ലൂർ |
| 4-5 | - ആയൂർ |
| 5-6 | - അമ്പൂരി ഫൊറോന |
| 6-7 | - മായം |
| 7-8 | - വാവോട് |
| 8-9 | - തേക്കുപാറ |
| 9-10 | - രാജഗിരി |
| 10-11 | - ഡാൽമുഖം |

11-12 - പച്ചക്കാട്
12-13 - കുച്ചപ്പുറം
13-14 - കിള്ളി, വട്ടിയൂർക്കാവ്
14-15 - തിരുമല
15-16 - വെള്ളായണി
16-17 - കൊളിയൂർ
17-18 - ലൂർദ്ദ്
18-19 - നിർമ്മല ഭവൻ, കേശവദാസപുരം
19-20 - പൊങ്ങുംമൂട്
20-21 - ശ്രീകാര്യം
21-22 - കഴക്കൂട്ടം, കാര്യവട്ടം, ആറ്റിങ്ങൽ
22-23 - മണ്ണന്തല
23-24 - പേരൂർക്കട
24-25 - പാലോട്, വിതുര
25-26 - തുരുത്തി ഫൊറോന

**ഫെബ്രുവരി മാസത്തെ പ്രോഗ്രാം**

ഫെബ്രു. 17 - പ്രൊലൈഫ് റീജിയണൽ കൺവൻഷൻ - കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോന

ഫെബ്രു. 24 രാവിലെ - പ്രൊലൈഫ് റീജിയണൽ കൺവൻഷൻ - നെടുങ്കുന്നം, മണിമല ഫൊറോനകളുടെ

ഉച്ചയ്ക്ക് - പ്രൊലൈഫ് റീജിയണൽ കൺവൻഷൻ - കുറുമ്പനാടം, തൃക്കൊടിത്താനം, തുരുത്തി, ചങ്ങനാശേരി ഫൊറോനകളുടെ

മാർച്ച് 4 - പ്രൊലൈഫ് റീജിയണൽ കൺവൻഷൻ - ആലപ്പുഴ, പുളിങ്കുന്ന്, ചമ്പക്കുളം, എടത്വാ
എല്ലാ മാതാക്കളും പിതാക്കളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

ഫെബ്രു. 10 - 2.30 - വി. ജിയന്നയുടെ തിരുശേഷിപ്പ് പ്രാണം
തുരുത്തി ഫൊറോന പിതൃവേദി-മാതൃവേദി, പ്രൊലൈഫ് ലീഡേഴ്സ് മീറ്റ്

ഫെബ്രു. 10 - 2.00 - ചങ്ങനാശേരി ഫൊറോന പിതൃവേദി-മാതൃവേദി, പ്രൊലൈഫ് ലീഡേഴ്സ് മീറ്റ്

## വിവാഹ ഒരുക്കധ്യാനം

| 2018 ജനുവരി | 2018 ഫെബ്രുവരി | 2018 മാർച്ച് |
|---|---|---|
| 1,2,3 (Chry) | | |
| 12,13, 14 (Chry) | 5, 6, 7 (Zion) | 5, 6, 7 (Zion) |
| 22, 23, 24 (Zion) | 12, 13, 14 (Zion) | 16, 17, 18 (Zion) |
| 29, 30, 31 (Chry) | | 22, 23, 24 (Chry) |

"Change the world from your home"

# INTERNATIONAL SYMPOSIUM

# on

**Affective Maturity in Celibate Life:**
**Challenges in Formation**

In Connection with Silver Jubilee celebration of Denahalaya

**At**

PaurastyaVidyâpîtham,
the Pontifical Oriental Institute of Religious Sciences, Kottayam

**on**

**21-22 February 2018.**

Jointly organized by
Danahalaya Institute of Formation and Counselling, Alappuzha
and PaurastyaVidyâpîtham, the Pontifical Oriental Institute of Religious Sciences, Kottayam

The topics for the Symposiume:

1. Ratio Fundamentals: Aspects of Formation to Celibate Chastity and to Safeguarding: **Rev. Dr. Hans Zollner SJ**, President, Institute of Psychology & Vice Rector, Pontifical Gregorian University, Rome.
2. Screening and Formation for Human Sexuality: Promoting Health and Dealing with Pathology **Rev. Dr. Stephen Rosetti**, Former Director, St. Luke's Institute, Maryland, USA.
3. Spirituality is integrity: **Rev. Dr. Vincent Variath**
4. Affective Maturity and Gender Psychology**: Rev Dr. Manuel Karimpanckal**
5. Healing from Effects of Sexual Abuse**: Rev. Dr. Jose Parappully SdB**
6. Emotional Maturity and Community life in the life of women religious : **Rev. Sr. Sancta CMC**
7. Reinterpreting One's Family Relationships and its Effects on Emotional Life: **Mar Thomas Tharayil**, Auxiliary Bishop of the Archdiocese of Changanacherry
8. Formator's Role in Promoting Psychological Integration**: Rev. Fr. Gabriel Mathias Ofm**
9. Intimacy and Joyful Celibacy: **Rev. Dr. Joe MannathSdB**
10. Consecrated Life and Loneliness: **Rev. Sr. Dr. Josia FCC**

Fr. Tijo Pathalil (Director, Denahalaya)
Dr. Andrews Mekkatukunnel (President, PVP)

## ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

കുടുംബക്കൂട്ടായ്മാ വിഭാഗവും അതിരൂപതാ ജീവകാരുണ്യ ട്രസ്റ്റും സംയുക്തമായി നടത്തിയ കളർ എ ഹോം സംഭാവന സമാഹരണത്തിലും വിവരശേഖരണത്തിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് ചേർന്ന് സഹകരിച്ച എല്ലാ കുടുംബക്കൂട്ടായ്മാ പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദിയും ആശംസകളും അറിയിക്കുന്നു. നമ്മുടെ അതിരൂപതയുടെ അജപാലന മാർഗ്ഗരേഖ നിങ്ങളുടെ കൈകളിൽ എത്തുമ്പോൾ അതു വിജയകരമാക്കിത്തീർക്കുവാൻ ഏറെ പരിശ്രമിക്കേണ്ടവരാണ് കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അജപാലകരോടു ചേർന്നു നിന്നുകൊണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും സഹായ സഹകരണങ്ങൾ നൽകുവാൻ ഏവർക്കും സാദ്ധ്യമാകണം. നോമ്പുകാലത്തിലേക്ക് പ്രവേശിക്കാൻ പോകുമ്പോൾ കാലത്തിന്റെ ചൈതന്യത്തിലുൾച്ചേർന്ന് ജീവിക്കുവാൻ ഏവർക്കും ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

### അറിയിപ്പുകൾ

**ലോഗോസ് ക്വിസ് സമ്മാനങ്ങൾ**

കഴിഞ്ഞ വർഷത്തെ ലോഗോസ് ക്വിസ് സമ്മാനങ്ങളും, സർട്ടിഫിക്കറ്റുകളും ഇനിയും വാങ്ങിയിട്ടില്ലാത്ത ഇടവകകൾ അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫിസിൽനിന്നും ഏറ്റു വാങ്ങേണ്ടതാണ്.

**2017 ലോഗോസ് ഫാമിലിയാ ക്വിസിൽ അതിരൂപതയിൽ**

**സമ്മാനാർഹമായ കുടുംബം**

**ശ്രീ. കെ. വി. ജോസഫ്, കൈപ്പള്ളിൽ, ഇരവുചിറ**

**ലോഗോസ് ക്വിസ് 2018 - പഠനഭാഗം**

നിയമാവർത്തനം 1-11, പ്രഭാഷകൻ 1-10, വി. മത്തായി 10-18, വെളിപാട് 10-16

**പ്രായവിഭാഗങ്ങൾ**

എ - വിഭാഗം 01-01-2007 നു ശേഷം ജനിച്ചവർ

ബി - വിഭാഗം 01-01-2002 നും 31 -12- 2006 നും ഇടയ്ക്ക് ജനിച്ചവർ

സി - വിഭാഗം 01-01-1987 നും 31 -12- 2001 നും ഇടയ്ക്ക് ജനിച്ചവർ

ഡി - വിഭാഗം 01-01-1967 നും 31 -12- 1986 നും ഇടയ്ക്ക് ജനിച്ചവർ

ഇ - വിഭാഗം 01 -01-1954 നും 31 -12- 1966 നും ഇടയ്ക്ക് ജനിച്ചവർ

എഫ് - വിഭാഗം 31 -12- 1953 നു മുമ്പ് ജനിച്ചവർ

## WINNERS OF LITURGICAL QUIZ 2017 - 2018

| | | |
|---|---|---|
| FIRST | - | MR. GEORGEKUTTY JOSE , KURIKKADU, CHAMPAKKARA |
| SECOND | - | MR. SIJO, VENATTUSSERY, ST. MARYS PAREL |
| THIRD | - | Smt. FILSY SANIL, THURUTHEL MATHICHY, ST. GREGORIOUS KIDANGARA |
| FORTH | - | NITHYANTON KAILATH , LOURDE MATHA MAMMOODU |
| FIFTH | - | MR. SIBICHAN PARAPPALLY ,ST. JOSEPHS KAYALPURAM |

**കുടുംബക്കൂട്ടായ്മാ ഡയറി**

കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയ ഡയറി അതിരൂപതാ കുടുംബക്കട്ടായ്മാ ഓഫിസിൽ ലഭ്യമാണ്. ഇനിയും വാങ്ങുവാനുള്ള ഇടവകകൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

# യുവദീപ്തി–എസ്.എം.വൈ.എം.

### കരോൾഗാന മത്സരവും, ക്രിസ്തുമസ് ആഘോഷവും നടത്തി

യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ച് കരോൾഗാന മത്സരവും, ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. അതിരൂപതാ പ്രൊക്കുറേറ്റർ വെരി. റവ. ഫാ. ഫിലിപ്പ് തയ്യിൽ കരോൾഗാന മത്സരം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖസന്ദേശം നൽകി നിഷഞ്ജന എസ്. നൃത്തം അവതരിപ്പിച്ചു. നിതിൻ ജോസഫ്, ഷിജോ മാത്യു, ട്രീസാ തോമസ്, സി. സെലിൻ എസ്.ഡി., ലാലിച്ചൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. മത്സരത്തിൽ

1-ാം സ്ഥാനം - മണിമല ഫൊറോന

2-ാം സ്ഥാനം - കോട്ടയം ഫൊറോന

3-ാം സ്ഥാനം - തൃക്കൊടിത്താനം ഫൊറോന എന്നീ ക്രമത്തിൽ സമ്മാനങ്ങൾ ലഭിച്ചു. വിജയികൾക്ക് ജോയി അമ്പാട്ട്, ഡൽഹി, സ്പോൺസർ ചെയ്ത സമ്മാനങ്ങളും ട്രോഫികളും, കെ.സി.എസ്.എൽ. അതിരൂപത ഡയറക്ടർ ഫാ. മാത്യു വാരുവേലിൽ വിതരണം ചെയ്തു.

### പൊടിപ്പാറ - പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും

പൊടിപ്പാറ ഹോളി ഫാമിലി യുവദീപ്തി- എസ്സ്.എം.വൈ.എമ്മിന്റെ 2018 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും, സ്ഥാനാരോഹണവും 13-താം തീയതി ശനിയാഴ്ച 2.00 പി.എം. ന് പാരിഷ്ഹാളിൽ വച്ചു നടത്തി. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര പ്രസംഗിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മുളവന ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ജെറോം കുരുവിള, അജയ് വർഗ്ഗീസ്, സെബിൻ വർഗ്ഗീസ്, ട്രീസ്സാ റോസ് ഐസക്, റോഷ്നി സെബാസ്റ്റ്യൻ, അലീന മരിയ സെബാസ്റ്റ്യൻ, സി. ട്രീസ്സാ എസ്.ഡി. എന്നിവർ പ്രസംഗിച്ചു.

### ളായിക്കാട് യുവദീപ്തി വാർഷികം

ളായിക്കാട് യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ജനുവരി 14 ഞായറാഴ്ച 2017 വർഷത്തിലെ വാർഷികം നടത്തി. അന്നേദിവസം പുതിയ പ്രവർത്തന വർഷത്തെ പ്രോജക്ട് ഉദ്ഘാടനും നടത്തുകയുണ്ടായി. യൂണിറ്റ് ഡയറക്ടർ ഫാ. ടോം കുന്നുംപുറം വാർഷികവും, പുതിയ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു. അതിരൂപത ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ്എസ്.ഡി. പുതിയ പ്രവർത്തന പരിപാടികൾക്കും, പുതിയ ഭാരവാഹികൾക്കും ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. റ്റോണി ജോസഫ്, അഞ്ജലി ഇസബൽ ജോസഫ്, ജോസപ് മത്തായി, അലിനാ

ജോസഫ്, ജോസ് മോൻ ജെയിംസ്, ജെയിംസ്, സോനാ കെ, എന്നീ ഭാരവാഹികൾ ആശംസാപ്രസംഗങ്ങൾ നടത്തി.

## കടയനിക്കാട്- യുവജനദിനം

യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ജനുവരി 13 ശനിയാഴ്ച യുവജനദിനമായി ആചരിച്ചു. വൈകിട്ട് 5.00 മണിക്ക് അർപ്പിച്ച വിശുദ്ധ കുർബാനയ്ക്ക് യുവജനങ്ങൾ സജീവ പങ്കാളിത്തം വഹിച്ചു.

## നേതൃത്വപരിശീലന ക്യാമ്പ് - 1

പാസ്റ്ററൽ സെന്റർ ചങ്ങനാശേരി ജനുവരി - 6, 7

2018 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രഥമ നേതൃത്വ പരിശീനക്യാമ്പ് ചങ്ങനാശേരി പാസ്റ്റർ സെന്ററിൽ വച്ച് ജനുവരി 6, 7 തീയതികളിൽ നടത്തി. മുൻ അതിരൂപത പ്രസിഡണ്ടും, എകെസിസി പ്രസിഡണ്ടുമായ ശ്രീ. വർഗ്ഗീസ് ആന്റണി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗ്ഗനിർദ്ദേശപ്രസംഗം നടത്തി. ശ്രീ. എ.പി. തോമസ്, ജിൻസ് സണ്ണി, ലാലിച്ചൻ മറ്റത്തിൽ, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്ലാസ്സുകൾ നയിച്ചു. സി. സെലിൻ എസ്. ഡി, ബ്രദർ ടോം കരിക്കണ്ടം എന്നിവർ പരിപാടികൾക്ക് നേതൃത്വം.

## നേതൃത്വപരിശീലന ക്യാമ്പ് - I1

മേരി റാണി പബ്ളിക് സ്കൂൾ - ളായിക്കാട് ജനുവരി 13-14

പുതിയ വർഷത്തെ ഭാരവാഹികളെ നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ നേതൃത്വപരിശീലന ക്യാമ്പ് ജനുവരി 13, 14 തീയതികളിൽ ളായിക്കാട് മേരി റാണി പബ്ലിക് സ്കൂളിൽവച്ചു നടത്തി. സ്കൂൾ പ്രിൻസിപ്പാൾ സി. എമിലി എസ്.എ.ബി.എസ്. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് ചക്കാത്ര, ജിൻസ് സണ്ണി, പ്രിൻസ് അറയ്ക്കൽ, ലാലിച്ചൻ മറ്റത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സി. സെലിൻ എസ്.ഡി, ബ്രദർ റ്റോണി കാരിക്കണ്ടം എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

## അതിരൂപതാ ഇലക്ഷൻ ക്യാമ്പ്

2018 പ്രവർത്തനവർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള അതിരൂപത ക്യാമ്പ് ഫെബ്രുവരി 10,11 തീയതികളിൽ (ശനി, ഞായർ) മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ വച്ചു നടത്തുന്നതാണ്. 10-ാം ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്ന തെരഞ്ഞെടുപ്പ് ക്യാമ്പ് 11-ാം തീയതി 3 മണിക്ക് സമാപിക്കും. അതിരൂപതയിലെ പതിനാറു ഫൊറോനകളിലേയും പ്രസിഡണ്ട്, ഡെപ്യൂട്ടി പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, രണ്ടു സിൻഡിക്കേറ്റ് അംഗങ്ങൾ ഇങ്ങനെ അഞ്ചു ഭാരവാഹികൾ ക്യാമ്പിൽ പങ്കെടുക്കും.

## ഫൊറോനാ തെരഞ്ഞെടുപ്പുകൾ

| | | |
|---|---|---|
| ജനുവരി | - 21 - | ആലപ്പുഴ |
| ,, | - 28 - | അതിരമ്പുഴ |
| ,, | - 28 - | ചമ്പക്കുളം |
| ,, | - 28 - | എടത്വാ |
| ,, | - 28 - | കുടമാളൂർ |

**യുവജനകൺവൻഷൻ - ഫെബ്രുവരി 18 ഞായർ**

അതിരൂപത ബൈബിൾ കൺവൻഷന്റെ സമാപനദിനമായ ഫെബ്രുവരി 18 ഞായറാഴ്ച യുവദീപ്തി പാറേൽപ്പള്ളി മൈതാനത്തെ പ്രത്യേക പന്തലിൽ യുവജനകൺവൻഷൻ നടത്തുന്നു. രാവിലെ 9.30ന് വിശുദ്ധ കുർബാനയോടുകൂടി ആരംഭിക്കുന്ന കൺവൻഷൻ ഉച്ചയ്ക്കുശേഷം 3.30ന് സമാപിക്കും. അഭിവന്ദ്യ പിതാക്കന്മാരും ജനറാളച്ചന്മാരും കൺവൻഷനിൽ പങ്കെടുക്കും. വചനപ്രഘോഷണം, ആരാധന, ആത്മാവിന് ഉണർവ്വ് പകരുന്ന ഭക്തിസാന്ദ്രമായ ഗാനശുശ്രൂഷ എന്നിവയെല്ലാം കൺവൻഷനോടനുബന്ധിച്ച് നടക്കുന്നതാണ്. കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം ക്രമീകരിക്കുന്നതായിരിക്കും.

## ഫെബ്രുവരി മാസത്തെ പരിപാടികൾ

| | | |
|---|---|---|
| ഫെബ്രുവരി 4 ഞായർ | | - കോട്ടയം ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - മണിമല ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - തൃക്കൊടിത്താനം ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - തുരുത്തി ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - ചങ്ങനാശേരി ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - നെടുങ്കുന്നം ഫൊറോന തെരഞ്ഞെടുപ്പ് |
| ,, | | - കുറുമ്പനാടം ഫൊറോന തെരഞ്ഞെടുപ്പ് |
| ഫെബ്രുവരി | 10,11 | - അതിരൂപത തെരഞ്ഞെടുപ്പ് (സ്പിരിച്ചാലിറ്റി സെന്റർ - മാങ്ങാനം |
| ,, | 18 | - യുവജനകൺവൻഷൻ - പാറേൽ |
| ,, | 25 | - ഫൊറോന സന്ദർശനം |

**ഫാ. ജേക്കബ് ചക്കാത്ര**

ഡയറക്ടർ

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹമുള്ള കെ.സി.എസ്.എൽ കൂട്ടുകാരേ,

സംസ്ഥാന കലോത്സവവും 102-ാം സംസ്ഥാനവാർഷികവും 2018 ജനുവരി 12,13, തീയതികളിൽ കൊല്ലം രൂപതയിൽ നടന്നു. സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി ഈ വർഷവും ചരിത്രവിജയം നേടുവാൻ നമ്മുടെ അതിരൂപ തയ്ക്കു സാധിച്ചു. അതിനുസഹായിച്ച എല്ലാ കലാപ്രതിഭകൾക്കും, അവരെ ഒരുത്തിയ ആനിമേറ്റേഴ്സിനും, സ്കൂൾ അതിരൂപതാ ഭാരവാഹികൾക്കും അഭി നന്ദനം.

**ചങ്ങനാശേരി അതിരൂപതയ്ക്കു ഈ വർഷം ലഭിച്ച സംസ്ഥാനനേട്ടങ്ങൾ;**

1. ഏറ്റവും മികച്ച അതിരൂപതാതല പ്രവർത്തനങ്ങൾക്കുള്ള ട്രോഫി
2. 102-ാം കലേത്സവ ഓവറോൾ ട്രോഫി
3. HSS -വിഭാഗം കലോത്സവ ഓവറോൾട്രോഫി
4. HS വിഭാഗം കലോത്സവ ഓവറോൾട്രോഫി
5. UP വിഭാഗം കലോത്സവ ഓവറോൾട്രോഫി
6. UP-വിഭാഗം സ്റ്റഡിസർക്കിൾ ട്രോഫി
7. ബെസ്റ്റ് ഹൗസ് മാഗസിൻ
8. ബെസ്റ്റ് യൂണിറ്റ് UP ട്രോഫി - S.B Higher Secondary School
9. KCSL-സാഹിത്യ രചനാമത്സരം ഓവറോൾ ട്രോഫി.
10. കയ്യെഴുത്തു മാസിക യു.പി. ഒന്നാം സ്ഥാനം

സംസ്ഥാന കലോത്സവത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ ഓവറോൾ ചാമ്പ്യ ന്മരായതിന്റെ ആഘോഷത്തിനും അതിരൂപതാ വാർഷികത്തിനും 2018 ജനു വരി 19ന് പ്രോട്ടോ സിഞ്ചെള്ളുസ് വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷത വഹിച്ച് കുട്ടികളോട് സംസാരിച്ചു. ജീസസ്കിഡ്സ് മെഗാഫെസ്റ്റ് ബഹു. രൂപതാ പ്രൊക്കുറേറ്റർ ഫിലിപ്പ് തയ്യിൽ അച്ചന്റെ അദ്ധ്യക്ഷതയിലും കെ.സി.എസ്.എൽ. ഡയറക്ടർ റവ. ഫാ. മാത്യു വാരുവേലിന്റെ നേതൃത്വ ത്തിലും നടത്തപ്പെട്ടു.

**ജീസസ് കിഡ്സ് മെഗാഫെസ്റ്റ് റിസൽട്ട്**

| | |
|---|---|
| St. Marys LPS Edathua | - Ist |
| St. Josephus UPS Kayalpuram | - 2nd |
| St. Marys LPS Veroor | - 3rd |

**എല്ലാവർക്കും അഭിനന്ദനങ്ങൾ**

പൂർവ്വാംഗ സംഗമം- 2018 ജനുവരി മൂന്നിന് SBHSS സെമിനാർ ഹാളിൽ കെ.സി.എസ്.എൽ. ഡയറക്ടർ അച്ചനും അതിരൂപതാ ഭാരവാഹികളും മുൻ പ്രവർത്തക ഡയറക്ടേഴ്സ്മായി ഒന്നുചേർന്നു കെ.സി.എസ്.എൽ. പ്രവർത്തന സംബന്ധമായ ആശയങ്ങൾ പങ്കുവച്ചത് ഒരു വ്യത്യസ്ഥ അനുഭവമായിരുന്നു. സംബന്ധിച്ച എല്ലാവർക്കും നന്ദി.

10,11,12 ക്ലാസ്സിലെ കുട്ടികൾക്കായുള്ള പരീക്ഷ ഒരുക്ക ധ്യാനവും ജീസസ് കിഡ്സ് കുരുന്നുകൽക്കായിട്ടുള്ള ഗെറ്റ് സെറ്റ് ഗോ പരിപാടിയും 2018 ഫെബ്രുവരി മാസം നടത്തപ്പെടും. സ്ഥലവും തീയതിയും പിന്നീട് അറിയിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2018 ഫെബ്രുവരി മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഫെബ്രുവരി | 5-7 | : വിവാഹഒരുക്കധ്യാനം |
| ,, | 8 | : സോണൽ സോണൽ സേവനസമിതി അംഗങ്ങളുടെ ഓറിയന്റേഷൻ പ്രോഗ്രാം |
| ,, | 9-11 | : ആന്തരിക സൗഖ്യധ്യാനം (വെള്ളി 8.30 എ.എം.- ഞായർ 3.00 പി.എം. സെഹിയോൻ ടീം) |
| ,, | 12-14 | : വിവാഹഒരുക്കധ്യാനം |
| ,, | 14 | : നിശാരാധന (6.00 പി.എം. - 10.00 പി.എം) |
| ,, | 15 | : അഖണ്ഡ ജപമാല (10.00 എ.എം - 2.00 പി.എം) |
| ,, | 16-18 | : എക്ലേസിയ: സിസ്റ്റേഴ്സിന്റെ ധ്യാനം |
| ,, | 21 | : വിശ്വാസാനുഭവധ്യാനം (സെഹിയോൻ ടീം) |

* *ബഹു. അച്ചന്മാരുടെ ശ്രദ്ധയ്ക്ക്:* നോമ്പുകാലത്തേയും മറ്റുമായി ഇടവക ധ്യാനങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

(സെഹിയോൻ ടീം)

**ഫാ. മാത്യു താന്നിയത്ത്**

9446903631

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

**രേഷിചാസിൽ നിന്നും ആശംസകൾ !!!**

പുതിയ പ്രവർത്തന വർഷ (2018-2019) ത്തിലേയ്ക്ക് ഇനി കേവലം 2 മാസങ്ങൾകൂടിയേയുള്ളൂ. ഫലവത്തായ ഒരു പ്രവർത്തനവർഷത്തിന്റെ സമാപന ഘട്ടത്തിൽ, അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുള്ള തായാറെടുപ്പ് നടത്തേണ്ടതുണ്ട്. ചാസിന്റെ ജനകീയ കൂട്ടയാമകൾക്ക് പ്രത്യേകിച്ച് സ്വാശ്രയസംഘങ്ങളെ സജീവമാക്കുന്നതിന് നമ്മൾ മുൻഗണന നൽകേണ്ടതുണ്ട്. അതിനായി (ഊർജ്ജിതം- 2018) എന്ന പദ്ധതി വിഭാവനം ചെയ്യുകയാണ്. നിലവിലുള്ള സംഘങ്ങൾ സജീവമാക്കുക, അംഗബലം വർദ്ധിപ്പിക്കുക, കൂടുതൽ സംഘങ്ങൾ രൂപീകരിക്കുക, സംഘാംഗങ്ങൾ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങളിൽ കൂടുതൽ ആളുകളെ പങ്കുചേർക്കുക, സംഘങ്ങൾ ഉദ്പാദന യൂണിറ്റുകളായി മാറുക, സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സൺഡേ മാർക്കറ്റുകൾ വിപുലമാക്കുക, സംഘാംഗങ്ങൾക്കുവേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവയെല്ലാം 'ഊർജ്ജിത'ത്തിന്റെ ലക്ഷ്യങ്ങളാണ്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന പദ്ധതികൾ ഈ കാലയളവിൽ കൂടുതലായി നടപ്പാക്കാൻ യൂണിറ്റുകൾ സംഘങ്ങളെ പ്രേരിപ്പിക്കണം. അതോടൊപ്പം ചാസിന്റെ സംഘങ്ങൾ സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. അതിനായി മേഖലാ-യൂണിറ്റ് സമിതികൾ സംഘങ്ങൾ സന്ദർശിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശവും പരിശീലനവും നൽകുകയും വേണം. പരസ്പര ബന്ധിതമായ പദ്ധതികളാണ് ചാസ് നടപ്പാക്കുന്നത്. അതുകൊണ്ടുതന്നെ യൂണിറ്റ്-സംഘ പ്രവർത്തകരുടെ പരസ്പര സഹകരണവും കൂട്ടായ്മയും ഉണ്ടെങ്കിൽ മാത്രമേ പദ്ധതികൾ വിജയിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പുകൾ

### 2018 ഫെബ്രുവരി മാസത്തെ യൂണിറ്റ് പരിപാടികൾ

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| 02 | നെടുംകുന്നം | കൂത്രപ്പള്ളി | സംരംഭകത്വ പരിശീലനം |
| 03 | ചങ്ങനാശ്ശേരി | പുഴവാത് | സ്വാശ്രയസംഘസംഗമം |
| 03 | ചങ്ങനാശ്ശേരി | ളായിക്കാട് | തയ്യൽ പരിശീലനം |
| 03 | കുട്ടനാട് | പുന്നക്കുന്നം | യൂണിറ്റ് ഉദ്ഘാടനം |
| 05 | നെടുംകുന്നം | പുളിക്കൽകവല | സംരംഭകത്വ പരിശീലനം |
| 05 | കോട്ടയം | പങ്ങട | സ്വാശ്രയസംഘസംഗമം |
| 05 | നെടുംകുന്നം | പുളിക്കൽകവല | സംരംഭകത്വ പരിശീലനം |
| 08 | കുറുമ്പനാടം | മാടപ്പള്ളി | സ്വാശ്രയസംഘസംഗമം |
| 08 | കോട്ടയം | വടവാതൂർ | സ്വാശ്രയസംഘസംഗമം |
| 09 | കുട്ടനാട് | കൈനകരി | സ്വാശ്രയസംഘസംഗമം |
| 10 | കുറുമ്പനാടം | മാടപ്പള്ളി | കുടനിർമ്മാണപരിശീലനം |
| 10 | അതിരമ്പുഴ | വെട്ടിമുകൾ | യൂണിറ്റ് വാർഷികം |
| 10 | എടത്വാ | മരിയാപുരം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 12 | നെടുംകുന്നം | പനയംപാല | സ്വാശ്രയസംഘസംഗമം |
| 12 | മണിമല | കരിമ്പനക്കുളം | ബേക്കറി നിർമ്മാണ പരിശീലനം |
| 13 | കുട്ടനാട് | കായൽപുറം | യൂണിറ്റ് ഉദ്ഘാടനം |
| 13 | തൃക്കൊടിത്താനം | തൃക്കൊടിത്താനം | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് |
| 15 | കുട്ടനാട് | കായൽപുറം | ഊർജ്ജകിരൺ |
| 15 | കുട്ടനാട് | കായൽപുറം | ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം |
| 16 | അതിരമ്പുഴ | തെള്ളകം | ബേക്കറി നിർമ്മാണ പരിശീലനം |
| 16 | കുട്ടനാട് | പുല്ലങ്ങടി | സ്വാശ്രയസംഘ രൂപീകരണം |
| 17 | തൃക്കൊടിത്താനം | പായിപ്പാട് | ഊർജ്ജകിരൺ |
| 17 | എടത്വാ | കൊടുപ്പുന്ന | ഊർജ്ജകിരൺ |
| 19 | നെടുംകുന്നം | ചമ്പക്കര | സ്വാശ്രയസംഘസംഗമം |
| 20 | കോട്ടയം | ചേപ്പുംപാറ | തേനീച്ചവളർത്തൽ പരിശീലനം |
| 23 | കുറുമ്പനാടം | തോട്ടയ്ക്കാട് | ആശാകിരണം-കാൻസർ ബോധവത്ക്കരണം |
| 24 | അതിരമ്പുഴ | മണ്ണാർകുന്ന് | യൂണിറ്റ് വാർഷികം |
| 26 | കുട്ടനാട് | കായൽപുറം | യൂണിറ്റ് ഉദ്ഘാടനം |
| 27 | നെടുംകുന്നം | നെടുമണ്ണി | സ്വാശ്രയസംഘസംഗമം |
| 27 | അതിരമ്പുഴ | വെട്ടിമുകൾ | യൂണിറ്റ് വാർഷികം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 ജനുവരി മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

## (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 344. ലൂയിസ് എം.സി. | ഉദയ | കുളത്തൂർ | മണിമല |
| 345. ആനിമ്മ വർഗ്ഗീസ് | തേജസ് | നാലുകോടി | തൃക്കൊടിത്താനം |
| 346. ശാന്തമ്മ കെ.എൻ. | അഭയ | മാടപ്പള്ളി | കുറുമ്പനാടം |
| 347. ത്രേസ്യാമ്മ ജോസഫ് | സ്നേഹസേന | കൊടുപ്പുന്ന | എടത്വാ |
| 348. അന്നമ്മ കണ്ണൻചിറ | തിരുഹൃദയക്കുന്ന് | ഇത്തിത്താനം | കുറുമ്പനാടം |
| 349. ജോസഫ് വി. | സെന്റ് ജോസഫ് | വെട്ടിക്കൽപുരയിടം | നെടുംകുന്നം |
| 350. കെ.എസ്. ജോസഫ് | ശാലോം | പായിപ്പാട് | തൃക്കൊടിത്താനം |
| 351. സൂസമ്മ വർഗ്ഗീസ് | ശാന്തിഭവൻ | മരിയാപുരം | എടത്വാ |
| 352. ലീലാമ്മ ജേക്കബ് | മയൂരി | രാജഗിരി | അമ്പൂരി |
| 353. റാണി സെബാസ്റ്റ്യൻ | പൊൻപുലരി | പുഴവാത് | ചങ്ങനാശ്ശേരി |
| 354. ജോർജ്ജ് കൊട്ടാരംപറമ്പ് | മഹാത്മാ | നാൽപ്പാത്തിമല | അതിരമ്പുഴ |

## (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 141. വർക്കി കരിമ്പ് കാലായിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 142. തോമസ് ഒ.എ. എള്ളുകാലായിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 143. മറിയക്കുട്ടി ചാക്കോ, പുതിയംപുറത്ത് കാലായിൽ | ആറുമാനൂർ | അതിരമ്പുഴ |
| 144. ഐഷാ ബീവി, ബിസ്മി ഭവനം | ഫിൽഗിരി | കൊല്ലം |
| 145. ജോസഫ് കെ.വി. കൊച്ചുഴത്തിൽ | വെട്ടിക്കൽപുരയിടം | നെടുംകുന്നം |
| 146. റാണി സെബാസ്റ്റ്യൻ പുതുപ്പറമ്പിൽ | പുഴവാത് | ചങ്ങനാശ്ശേരി |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 64. ജെസീനാ നൗഫൽ, ചന്ദനപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 65. റോസമ്മ വർഗ്ഗീസ് കടുപ്പിൽ | ചമ്പക്കര | നെടുംകുന്നം |
| 66. ജോസഫ് കാരിക്കൽ | ചേപ്പുംപാറ | കോട്ടയം |
| 67. ഓമന മോഹൻ, മാളിയേക്കൽ | തത്തംപള്ളി | ആലപ്പുഴ |

## (3) ആം ആദ്മി ബീമാ യോജന (AABY)

കേന്ദ്രസർക്കാർ, LIC യിലൂടെ ചാസുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയായ ആം ആദ്മി ബീമാ യോജനയിൽ **2018 ജനുവരി മാസം** രണ്ട് കുടുംബങ്ങൾക്ക് 60,000/- രൂപ സാമ്പത്തിക സഹായം ലഭിച്ചു.

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 1. ചെല്ലപ്പൻ ചെട്ടിയാർ, മാളിയേക്കൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 2. കെസ്സി വി. കുഞ്ഞുകോണത്ത് പുത്തൻവീട് | പച്ചക്കാട് | അമ്പൂരി |

## (4) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ജനുവരി മാസം 49 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 53 അപേക്ഷകർക്ക് 12,450/- രൂപ നൽകി.

# കേന്ദ്രവാർത്തകൾ

## യാത്രയയപ്പ് നല്കി

കറ്റാനം അക്സപ്റ്റ് ഡി അഡിക്ഷൻ സെന്ററിൽ കഴിഞ്ഞ 15 വർഷക്കാലം സേവനമനുഷ്ടിച്ചുവന്ന റവ.സി. ജോവാൻ HCS ക്ക് യാത്രയയപ്പ് നല്കി. സെന്ററിന്റെ പ്രാരംഭകാലം മുതൽ ബഹുമാനപ്പെട്ട സിസ്റ്ററിന്റെ സേവനം ലഭിച്ചിരുന്നു. ജനുവരി 4 -ാം തീയതി രോഗികളും, കുടുംബാംഗങ്ങളും, സ്റ്റാഫും പങ്കെടുത്ത യാത്രയയപ്പ് സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കോ-ഓർഡിനേറ്റർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, പ്രോഗ്രാം ഡയറക്ടർ ശ്രീ ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു.

## ചാസ്-റിഹാസ്വിസ് റൂബി ജൂബിലി സ്മാരക പദ്ധതി പ്രഖ്യാപനവും ഉദ്ഘാടനവും ആദരിക്കലും

ചാസും റിഹാസ്വിസും ഭിന്നശേഷിക്കാരുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ള 'ആശാ പ്രോജക്ട്' റൂബിജൂബിലി സ്മാരക പദ്ധതി പ്രഖ്യാപനവും ഉദ്ഘാടനവും ജനുവരി 6 ന് കളത്തിപ്പടി സൂസൻവില്ലയിൽ നടത്തപ്പെട്ടു. മൈത്രി റസിഡൻസ് വെൽഫെയർ അസോസിയേഷന്റെയും ചാസിന്റെയും സംയുക്തസമ്മേളനത്തിൽ ചങ്ങനാശ്ശേരി സഹായ മെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിസി ബോബി, പള്ളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. റോയി ജോൺ ഇടത്തറ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ഭിന്നശേഷിക്കാർക്കു വേണ്ടി മികച്ച സേവനം നടത്തുന്ന റീഹാസ്വിസിന്റെ സ്ഥാപക ഡയറക്ടറായ ശ്രീ. ജോസഫ് ഏർത്തോട്ടിനേയും മുഴുവൻ സമയ സാമൂഹിക പ്രവർത്തകയായ ശ്രീമതി സൂസൺ ജോസഫ് ഏർത്തോട്ടിനേയും അഭിവന്ദ്യ തറയിൽ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. ആശാ ഉല്പ്പന്നങ്ങളുടെ പ്രദർശനം ക്രമീകരിച്ചിരുന്നു.

## ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽ സഹായ വായ്പാ വിതരണം

ഭിന്നശേഷിക്കാർക്കുള്ള വായ്പാ വിതരണത്തിന്റെ 2017 ലെ രണ്ടാംഘട്ടം ചേപ്പുംപാറ യൂണിറ്റിൽവച്ച് ജനുവരി 11 ന് സംഘടിപ്പിച്ചു. കോട്ടയം മേഖലയിലുള്ള അയർക്കുന്നം, പേപ്പുംപാറ, കൂരോപ്പട യൂണിറ്റുകളിലെ 15 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി പലിശ രഹിത വായ്പ, ചാസ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേർജ് കപ്പാംമൂട്ടിൽ വിതരണം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി പദ്ധതി വിശദീകരണം നടത്തി. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

## തുണിസഞ്ചി നിർമ്മാണ പരിശീലനം

പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 12 ന് ചാസ് കോപ്ടാക് തയ്യൽ പരിശീലന കേന്ദ്രത്തിൽ വിവിധതരത്തിലുള്ള തുണിസഞ്ചി നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീ

ലനം നൽകി. ശ്രീമതി രേഖ സജി, ശ്രീമതി ഏലിയാമ്മ കുഞ്ഞുമോൻ എന്നിവർ ക്ലാസ് നയിച്ചു.

**മാലിന്യസംസ്ക്കരണ സെമിനാർ**

സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിൽ കാഞ്ഞിരപ്പള്ളി എസ്. ഡി. കോളേജ് വിവിധ സ്കൂളുകളിൽ നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊൻകുന്നം ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ 2018 ജനുവരി 19 വെള്ളിയാഴ്ച ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി മാലിന്യസംസ്ക്കരണ സെമിനാർ നയിച്ചു. ചിറക്കടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജയാ ശ്രീധർ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീമതി ഫിൽസി കെ. ആന്റണി അദ്ധ്യക്ഷതവഹിച്ചു. പ്രിൻസിപ്പൽ ശ്രീമതി ലീല ഒ. ആശംസയർപ്പിച്ചു. കോ-ഓർഡിനേറ്റർ ഡോ. സിസ്റ്റർ സിൽവി പദ്ധതി വിശദീകരണം നടത്തി.

**വാഴപ്പള്ളി ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ ചാസ് സന്ദർശിച്ചു**

വാഴപ്പള്ളി HSS ഹ്യൂമാനിറ്റി വിഭാഗം, 55 വിദ്യാർത്ഥികൾ സന്നദ്ധ സംഘടനാപ്രവർത്തനം അടുത്തറിയാൻ അദ്ധ്യാപകൻ ശ്രീ. വി.ജെ. ലാലിയുടെ നേതൃത്വത്തിൽ ജനുവരി 22 ന് ചാസ് സന്ദർശിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ വിദ്യാർത്ഥികളെ സ്വാഗതം ചെയ്ത് ആമുഖ സന്ദേശം നൽകി. ചാസിന്റെ സംഘടനാസംവിധാനവും വിവിധ വികസന പദ്ധതികളും പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി വിശദീകരിച്ചു.

## മേഖലാവാർത്തകൾ

**വാഴവിത്ത് വിതരണം**

**കാവാലം** യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 29-ാം തീയതി സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ഏത്തവാഴ വിത്ത് വിതരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സിറിൾ ചേപ്പില ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മീൻവളർത്തൽ പരിശീലനം-ബോധവത്ക്കരണം**

**ചമ്പക്കര** യൂണിറ്റിൽ ജനുവരി 6 ന് മീൻവളർത്തൽ പരിശീലനം റിട്ട. കൃഷി ഓഫീസർ ശ്രീ. ലൂക്കോസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് കാട്ടടി അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 30 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘ ശാക്തീകരണ പരിപാടി- ഊർജ്ജിതം 2018**

ചാസ് ആലപ്പുഴ മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണത്തിനായി 'ഊർജ്ജിതം 2018' പദ്ധതി ആരംഭിച്ചു. സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**ആറാട്ടുവഴി** യൂണിറ്റിൽ 'ഊർജ്ജിതം 2018' ജനുവരി 7 ന് ശ്രീമതി പുഷ്പമ്മ

കിഴക്കേകുന്നിലിന്റെ ഭവനത്തിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പവ്വംചിറയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ശ്രീ. പി. ജെ. ചെറിയാൻ, സെക്രട്ടറി ശ്രീ. കെ.എൻ. ജോസഫ് എന്നിവർ ക്ലാസ് നയിച്ചു. തുടർന്ന് മദർ തെരേസാ, മറിയംത്രേസ്യാ, ചെറുപുഷ്പം, ദീപം എന്നീ സംഘങ്ങളിലും ഊർജ്ജിതം 2018 നടന്നു.

**പഴവങ്ങാടി** യൂണിറ്റിലെ ഊർജ്ജിതം 2018 ന്റെ ഉദ്ഘാടനം ശ്രീമതി മേരിക്കുട്ടി ജോസഫ് കല്ലുപറയ്ക്കലിന്റെ ഭവനത്തിൽ ജനുവരി 23 ന് സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പി. ജെ. ചെറിയാന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി ശ്രീ. കെ. എൻ ജോസഫ്, വൈസ് പ്രസിഡന്റ് ശ്രീമതി ആൻസമ്മ അഗസ്റ്റിൻ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ് എന്നിവർ പ്രസംഗിച്ചു.

## സ്വാശ്രയസംഘസംഗമം

**മങ്കൊമ്പ്** യൂണിറ്റിൽ ജനുവരി 2 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 'സ്ത്രീയും സമൂഹവും' എന്ന വിഷയത്തിൽ ചാസ് അസി. ഡയറക്ടർ റവ. ഫാ. ലിജോ കുഴിപ്പള്ളി ക്ലാസ് നയിച്ചു. 38 പേർ പങ്കെടുത്തു. യൂണിറ്റ്, മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**പള്ളാത്തുരുത്തി** യൂണിറ്റിൽ സംഘടിപ്പിച്ച സംഗമം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. റവ. സിസ്റ്റർ സാന്റാ CMC 'കുടുംബജീവിത'ത്തെകുറിച്ച് ക്ലാസ് നയിച്ചു. 72 അംഗങ്ങൾ പങ്കെടുത്തു. 'ശില്പ' മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**ഏറ്റുമാനൂർ** യൂണിറ്റിലെ സ്വാശ്രയസംഘസംഗമം ജനുവരി 9 ന് സംഘടിപ്പിച്ചു. ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി, ലിവ് ഫ്രീ സാനിട്ടറി പാഡ്, ജീവിതശൈലി രോഗങ്ങൾ എന്നിവയെക്കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ശ്രമതി സജി ഷാജി ക്ലാസ് നയിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

**പുഴവാത്** യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമവും പരിശീലനവും ജനുവരി 21 ഞായറാഴ്ച സംഘടിപ്പിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു. ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു.

## KCBC കർഷകദിനാചരണവും സ്വാശ്രയസംഘ വാർഷികവും

**കൂരോപ്പട** യൂണിറ്റിൽ ജനുവരി 13 ന് സ്വാശ്രയസംഘങ്ങളുടെ സംയുക്ത വാർഷികവും കെ.സി.ബി.സി യുടെ നേതൃത്വത്തിൽ കർഷക ദിനാചരണവും മികച്ച കർഷകരെ ആദരിക്കലും നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. കൂരോപ്പട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കുഞ്ഞു പുതുശ്ശേരി സ്വാശ്രയസംഘ വാർഷികം ഉദ്ഘാടനം ചെയ്തു.

ഇൻഫാം ദേശീയ സെക്രട്ടറി ഷെവലിയാർ വി.സി. സെബാസ്റ്റ്യൻ കർഷകദിനാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കർഷർ അനുഭവിക്കുന്ന അവഗണന, പ്രതിസന്ധി എന്നിവയെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഡയറക്ടർ അഗസ്റ്റിൻ പൊങ്ങനാംതടം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 105 അംഗങ്ങൾ പങ്കെടുത്തു.

### രജതജൂബിലി രക്ഷകർതൃ സമ്മേളനം

ഭിന്നശേഷിയുള്ള കുട്ടികൾക്കായി ചാസ് ആലപ്പുഴ പൂന്തോപ്പിൽ നടത്തുന്ന അസ്സീസി വിദ്യാലയത്തിന്റെ രജതജൂബിലി രക്ഷകർതൃ സമ്മേളനം ജനുവരി 16 ന് നടത്തി. നഗരസഭ ചെയർമാൻ ശ്രീ. തോമസ് ജോസഫ് ഉദ്ഘാടനം ചെയ്തു. കൗൺസിലർ ആർ. ഷീബ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രിൻസിപ്പൽ സിസ്റ്റർ ജയിംസ് സിഎംസി, മേഖലാ പ്രസിഡന്റ് പി.ജെ. ചെറിയാൻ, കോ-ഓർഡിനേറ്റർ എൻ.ഐ. തോമസ്, പി.ടി.എ. പ്രസിഡന്റ് മുഹമ്മദ് സാലി, യൂണിറ്റ് പ്രസിഡന്റ് ജോയി കൊല്ലാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. തിരുവനന്തപുരത്തു നടന്ന സ്പെഷ്യൽ ഒളിംപിക്സിൽ മികച്ച വിജയം നേടിയവരെ യോഗം അഭിനന്ദിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ബിർള ആന്റണി, ബെൻ കര്യൻ എന്നിവർ ക്ലാസ് നയിച്ചു.

### യൂണിറ്റ് നവീകരണം

**പച്ച-ചെക്കിടിക്കാട്** ലീഡേഴ്സ് മീറ്റിംഗിനോടനുബന്ധിച്ച് ജനുവരി മാസത്തിൽ കോ-ഓർഡിനേറ്ററും യൂണിറ്റ് ഭാരവാഹികളും യൂണിറ്റ് നവീകരണത്തിന്റെ ഭാഗമായി എല്ലാ സംഘങ്ങളും സന്ദർശിച്ച് മാർഗ്ഗനിർദ്ദേശം നൽകി. പുതിയ സംഘങ്ങൾ രൂപീകരിച്ചു.

### വ്യവസായ സംരംഭകത്വ പരിശീലനം

**കാവാലം, പള്ളാത്തുരുത്തി** യൂണിറ്റുകളിൽ ഡിസംബർ 18, 19 തീയതികളിൽ വ്യവസായ സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. കാവാലം യൂണിറ്റിൽ 35 അംഗങ്ങളും പള്ളാത്തുരുത്തിയിൽ 31 അംഗങ്ങളും പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**നാൽപ്പാത്തിമല** യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ജനുവരി 20 ന് സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ചാസ് ഖാദിയുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ സംരംഭങ്ങളെകുറിച്ച് ഖാദി മാനേജർ ശ്രീ. ജോൺ സക്കറിയാസ് ക്ലാസ് നയിച്ചു. 56 അംഗങ്ങൾ പങ്കെടുത്തു.

**ഇരവുചിറ** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി 20 ന് സംരംഭകത്വ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഖാദി മാർക്കറ്റിംഗ് മാനേജർ ശ്രീ. ജോജോ കെ.സി ക്ലാസ് നയിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു.

### കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ്

ചങ്ങനാശ്ശേരി, തുരുത്തി മേഖലകളിലെ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം ജനുവരി 19 ന് പാറേൽ യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറ

ക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി ക്ലാസ് നയിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

## തയ്യൽപരിശീലനം

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ജനുവരി 3-ാം തീയതി തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി ഉദ്ഘാടനം ചെയ്തു. 28 വനിതകൾ പരിശീലനം നേടിവരുന്നു.

## തയ്യൽ പരിശീലനം സമാപനം

കുടമാളൂർ മേഖല കുമരകം നവനസ്രത്ത് യൂണിറ്റിൽ 4 മാസം ദീർഘിച്ച തയ്യൽ പരിശീലനം സമാപിച്ചു. ജനുവരി 19 വെള്ളിയാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പരിശീലനം പൂർത്തിയാക്കിയ 25 അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി പോരൂക്കര അദ്ധ്യക്ഷതവഹിച്ചു.

## ബേക്കറി നിർമ്മാണ പരിശീലനം

കുറുമ്പനാടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി 19 ന് ബേക്കറി നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീമതി സജി ഷാജി, ശ്രീമതി അൽഫോൻസ് വർഗ്ഗീസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. 20 അംഗങ്ങൾ പങ്കെടുത്തു.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 20.12.2017 | നന്മ | കാവാലം | 12 |
| 20.12.2017 | സാഫല്യ | വെട്ടിമുകൾ | 15 |
| 27.12.2017 | ബദ്സെയ്ദ | കരുമാടി | 16 |
| 10.01.2018 | ഡാലിയ | തെള്ളകം | 11 |
| 10.01.2018 | സീയോൻ | തെള്ളകം | 10 |
| 11.01.2018 | ദീപിക | പനയമ്പാല | 16 |
| 11.01.2018 | അമൃത | പനയമ്പാല | 10 |
| 12.01.2018 | സെന്റ് ആന്റണീസ് | കാവാലം | 20 |

## ആശാകിരണം

### കാൻസർ ബോധവത്ക്കരണം

| തീയതി | സ്ഥലം | അംഗങ്ങൾ |
|---|---|---|
| 30.12.2017 | മാടപ്പള്ളി-സ്നേഹതീരം റസിഡൻസ് അസോസിയേഷൻ | 32 |
| 02.01.2018 | കുമരകം വടക്കുംകര | 58 |
| 08.01.2018 | സെന്റ് ഫിലോമിനാസ് നെടുംങ്ങാടപ്പള്ളി | 107 |
| 08.01.2018 | ചെത്തിപ്പുഴ | 46 |

# കെയർ ഹോംസ്

## കെയർ ഹോംസ് വാർഷിക ജനറൽ ബോഡി മീറ്റിംഗ്, ഓഫീസ് വെഞ്ചരിപ്പ്, ഉദ്ഘാടനം, കർമ്മപദ്ധതി പ്രകാശനം

കെയർ ഹോം ഫെല്ലോഷിപ്പ് ചങ്ങനാശേരി അതിരൂപത (CFCA) വാർഷിക ജനറൽ ബോഡി മീറ്റിംഗും അതിരൂപതാ കേന്ദ്രത്തിൽ ആരംഭിക്കുന്ന കേന്ദ്രഓഫീസിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും 2018 ഫെബ്രുവരി 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ചങ്ങനാശേരി സന്ദേശനിലയം ഓപ്പൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം, അഭിവന്ദ്യ മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ തുടങ്ങിയവർ പങ്കെടുക്കും. സ്തുത്യർഹമായ സേവനത്തിനുശേഷം CFCA യുടെ ചുമതലയിൽനിന്ന് മാറിയ വികാരിജനറൽ മോൺ ജെയിംസ് പാലയ്ക്കൽ, ഫാ. തോമസ് താന്നിയത്ത് തുടങ്ങിയവർക്ക് നന്ദി പ്രകാശനവും ഇതോടൊപ്പം നടക്കും. കെയർ ഹോമുകളുടെ കൂട്ടായ്മയ്ക്കായി തയ്യാറാക്കിയിരിക്കുന്ന വിവിധ പദ്ധതികളുടെ അവതരണവും ചർച്ചയും സമ്മേളനത്തിൽ നടക്കും. അതിരൂപതയുടെ ഭാഗമായി പ്രവർത്തിക്കുന്ന 110 ഓളം സ്ഥാപനത്തിൽനിന്നുള്ള പ്രതിനിധികളാണ് പരിപാടിയിൽ പങ്കെടുക്കുക. മുഴുവൻ സ്ഥാപനപ്രതിനിധികളും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. സോണി മുണ്ടുനടയ്ക്കൽ**
(ഡയറക്ടർ)

കൂടുതൽ വിവരങ്ങൾക്ക്: 9961049933, 9946000599

### വാർഷിക ജനറൽബോഡി അറിയിപ്പ്

കെയർ ഹോം ഫെല്ലോഷിപ്പ് ചങ്ങനാശേരി അതിരൂപത (CFCA) വാർഷിക ജനറൽബോഡി മീറ്റിംഗ് 2018 ഫെബ്രുവരി 17, ശനി രാവിലെ 10 മുതൽ ചങ്ങനാശേരി സന്ദേശനിലയം ഓപ്പൺ, ഓഡിറ്റോറിയത്തിൽവച്ച് നടക്കും. എല്ലാ അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

**1. 'എന്റെ ഗ്രാമം' പദ്ധതിക്ക് തുടക്കമായി**

'എന്റെ ഗ്രാമം നിർമ്മല ഗ്രാമം' എന്ന മുദ്രാവാക്യവുമായി ചീരഞ്ചിറയിൽ ആരംഭിക്കുന്ന 'എന്റെ ഗ്രാമം' പദ്ധതിയുടെ ആരംഭമായി രണ്ടു ദിവസത്തെ സെമിനാർ നടത്തപ്പെട്ടു. സാമൂഹിക പരിശീലകനും പ്രവർത്തകനുമായ ഡോ. തോമസ് എബ്രഹാം ജനുവരി 22, 23 തീയതികളിൽ ക്ലാസ് നയിച്ചു. സെമിനാറിലൂടെ സ്വരൂപിച്ച ആശയം ചീരഞ്ചിറ ഗ്രാമത്തിൽ നടപ്പാക്കുന്നതായിരിക്കും.

**2. കടപ്ര പഞ്ചായത്ത് കൈകോർത്ത് സമാഹരിച്ചത് 31 ലക്ഷം**

കടപ്ര ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ താമസിക്കുന്ന വൃക്കരോഗിയായ ജിൻസ് കെ. ജോർജ്ജിനു വേണ്ടി 15 വാർഡുകൾ ഒന്നുചേർന്ന് 10 ലക്ഷം രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടെങ്കിൽ 5 മണിക്കൂർ കൊണ്ട് ലഭിച്ചത് 31 ലക്ഷം രൂപയാണ്. 2017 നവംബർ 19-ാം തീയതി ഞായറാഴ്ച, 2500-ൽപരം ആളുകൾ ബക്കറ്റുമായി വീടുവീടാന്തരം കയറിയിറങ്ങി.

**3. സോജൻ ജോസഫിന്റെ വൃക്ക മാറ്റി വയ്ക്കുവാൻ ലഭിച്ചത് 17.50 ലക്ഷം**

പെരുവന്താനം ഗ്രാമപഞ്ചായത്തിലെ തെക്കേമല വാർഡിൽ പുതുപ്പറമ്പിൽ സോജൻ ജോസഫ് എന്ന വൃക്കരോഗിയായ ചെറുപ്പക്കാരനെ രക്ഷിക്കുവാൻ പെരുവന്താനം ഗ്രാമം കൈകോർത്തു. 10 ലക്ഷം രൂപ സമാഹരിക്കുവാൻ സമതി തീരുമാനിച്ചെങ്കിലും ലഭിച്ചത് 17.50 ലക്ഷം രൂപ. മലകളും കുന്നുകളും നിറഞ്ഞ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ 2017 ഡിസംബർ 3 ഞായറാഴ്ച നടന്ന സമാഹരണം നടത്തിയ ജനങ്ങൾ പ്രശംസ അർഹിക്കുന്നു.

**4. കുറിച്ചിയിലെ 3 വാർഡുകളിൽനിന്നും ലഭിച്ചത് 5.50 ലക്ഷം**

കുറിച്ചി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ കേളൻകവലയിൽ താമസിക്കുന്ന 44 വയസ്സുള്ള പ്ലാമ്മൂട്ടിൽ ഓമനക്കുട്ടന്റെ വൃക്കരോഗ ചികിത്സയ്ക്കായി 3 വാർഡുകളിൽനിന്നും ലഭിച്ചത് 5.50 ലക്ഷം രൂപ. 2017 ഡിസംബർ 3-ാം തീയതി ഞായറാഴ്ച നടന്ന പിരിവിൽ ഓമനക്കുട്ടന്റെ അയൽവാസികൾ പങ്കെടുത്തു.

**5. ആരോഗ്യ രക്ഷാ മൊബൈൽ ലാബ്**

ആരോഗ്യഗ്രാമം ലക്ഷ്യം വച്ചുകൊണ്ടുള്ള ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ മൊബൈൽ ലാബ് 2018 ജനുവരി 15, 26 തീയതികളിൽ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ നെടുങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ രണ്ടു വാർഡുകളിൽ ടെസ്റ്റുകൾ നടത്തി. 300 പേരോളം പ്രസ്തുത ലാബ് ടെസ്റ്റിൽ പങ്കെടുത്ത് ജീവിതശൈലി, വൃക്കരോഗങ്ങളെ നിർണ്ണയിക്കുവാൻ അവസരം ലഭിച്ചു. തുടർന്ന് ഡോ. ജോർജ്ജ് പടനിലം ആരോഗ്യരക്ഷ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

**6. ഭിന്നശേഷിക്കാരുടെ ബാന്റുമേളം**

ഭിന്നശേഷിക്കാരായ കുട്ടികളെ സാമ്പത്തികമായി സ്വയംപര്യാപ്തതയിൽ എത്തിക്കുവാനുള്ള ജിമ്മി പടനിലം സെന്ററിന്റെ സംരംഭമായ ബാന്റുമേളം

വെരൂർ, തൃക്കൊടിത്താനം, പൊടിപ്പാറ എന്നീ പള്ളികളിലും ചങ്ങനാശേരി ഡ്രൈവേഴ്സ് ക്ലബ്ബിലും നടത്തപ്പെട്ടു.

**7. ഇരവിപേരൂരിൽനിന്നും സമാഹരിച്ചത് 28.75 ലക്ഷം**

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ താമസിക്കുന്ന പാലമൂട്ടിൽ കാലായിൽ ബൈജുവിന്റെ മകൻ രണ്ടര വയസ്സുള്ള കരൾരോഗിയായ ആദിൽ നാഥിനുവേണ്ടിയും 5-ാം വാർഡിൽ താമസിക്കുന്ന ഞാലിയാകുഴിയിൽ ടിനോ റാഫേൽ എന്ന വൃക്കരോഗിക്കുവേണ്ടിയും ഇരവിപേരൂർ ഒന്നിച്ചപ്പോൾ ലഭിച്ചത് 28.75 ലക്ഷം രൂപ. 2017 ഡിസംബർ 10 ഞായറാഴ്ച നടന്ന പിരിവിൽ 2000-ഓളം ജനങ്ങൾ പങ്കെടുത്തു.

**8. ഉല്ലാസിനുവേണ്ടി ഒരു വാർഡിൽനിന്നും ലഭിച്ചത് 3.75 ലക്ഷം**

തിരുവല്ല മഞ്ഞാടി മൈലമൂട്ടിൽ അയ്യപ്പൻ മകൻ ഉല്ലാസ് എന്ന വൃക്കരോഗിയുടെ ചികിത്സയ്ക്കായി ഒരു വാർഡിൽനിന്നും ലഭിച്ചത്3.75 ലക്ഷം രൂപ. 2017 ഡിസംബർ 17 ഞായറാഴ്ച നടന്ന ധനസമാഹരണത്തിൽ അയൽവാസികൾ പങ്കെടുത്തു.

**9. ഏയ്ഞ്ചൽസ് ഫെസ്റ്റ്**

ഭിന്നശേഷിക്കാർ സ്വയംതൊഴിലിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഏയ്ഞ്ചൽ ഫെസ്റ്റിലൂടെ ജനങ്ങളിൽ എത്തിക്കുന്ന സംരംഭം തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ഇടവകയിൽ 2018 ജനുവരി 21-ാം തീയതി രാവിലെ 7 മണി മുതൽ 12 വരെ നടത്തപ്പെട്ടു. ഫാ. ജെയിംസ് കുന്നിലിന്റെ നിർല്ലോഭമായ സഹകരണത്തിന് നന്ദി.

**10. റെയിൻബോ ക്ലബ്ബ്**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഏഴു കുടുംബങ്ങൾ ചേർന്ന് കൂട്ടായ്മയായ റെയിൻബോ ക്ലബ്ബ് ജനുവരി മാസം പുതുച്ചിറ, തുരുത്തി എന്നീ സ്ഥലങ്ങളിൽ നടത്തപ്പെട്ടു. പ്രസ്തുത കൂട്ടായ്മയിലൂടെ അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾ കൊടുക്കുവാൻ സാധിച്ചു.

**11. അലകുന്നം സമാഹരിച്ചത് 25.14 ലക്ഷം**

അലകുന്നം ഗ്രാമപഞ്ചായത്ത് ഡിസംബർ 17-ാം തീയതി ഞായറാഴ്ച വൃക്കരോഗിയായ സുരേഷിനുവേണ്ടി കൈകോർത്തു പ്രത്യാശയുടെ നേതൃത്വത്തിൽ സമാഹരിച്ചു കൊടുത്തത് 25.15 ലക്ഷം രൂപ.

**12. കാരുണ്യ സ്പർശം**

ക്യാൻസർ, കിടപ്പുരോഗികൾക്കുള്ള പ്രതിമാസ സഹായം കാരുണ്യസ്പർശം ഡിസംബർ മാസത്തിന്റെ അവസാനം വിതരണം ചെയ്തു.

**13. പാലിയേറ്റീവ് കെയർ**

ആധുനിക സജ്ജീകരണത്തോടുകൂടിയ പാലിയേറ്റീവ് കെയർ യൂണിറ്റ് ഡിസംബർ മാസം ഭവനങ്ങൾ സന്ദർശിക്കുകയും രോഗികൾക്ക് ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്യുകയും ചെയ്തു.

**14. ആല സമാഹരിച്ചത് 17 ലക്ഷം**

ചെങ്ങന്നൂരിനടുത്തുള്ള ആല ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ താമസിക്കുന്ന കൊച്ചുതുണ്ടിയിൽ പുത്തൻവീട്ടിൽ സുരേഷ് എന്ന കരൾരോഗിക്കായി ജനുവരി 7 ഞായറാഴ്ച സമാഹരിച്ചത് 17 ലക്ഷം രൂപ.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

## കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"സഭാത്മക പ്രാർത്ഥനകളും നവസമൂഹങ്ങളും തിരുസഭയുടെയും, സമകാലീന സമൂഹത്തിന്റെയുംമേലുള്ള പരിശുദ്ധാത്മാവിന്റെ കോരിച്ചൊരിയലാണ്. പ്രിയ സുഹൃത്തുക്കളെ, മാർപ്പാപ്പയുടെ അപ്പസ്തോലിക ശുശ്രൂഷയിൽ ഇനിയും ധാരാളം സഹകരണം, ക്രിസ്തുവിന് വാതിലുകൾ തുറന്ന് കിട്ടുന്നതിലേക്ക് നിങ്ങളിൽ നിന്നുണ്ടാവട്ടെ...!"

(പോപ്പ് ബനഡിക്ട് XVI, 30.10.2008)

**സർവീസ് ടീം മീറ്റിംഗ്:** 2018-2020 കാലയളവിലെ സേവന സമിതിയുടെ പ്രഥമ യോഗം, ജനുവരി 15-ാം തീയതി ചങ്ങനാശേരി, പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽവച്ച് കൂടുകയുണ്ടായി. യോഗത്തിൽ, വിവിധ സർവീസ് ടീമംഗങ്ങളുടെ ചുമതലകൾ നിശ്ചയിക്കപ്പെട്ടു.

1. **ടോമിച്ചൻ പുല്ലങ്കാവുങ്കൽ (ഫോൺ; 9061954230)**

   സോണൽ കോർഡിനേറ്റർ, മണിമല സബ് സോണിന്റെയും കെരിഗ്മ മിനിസ്ട്രിയുടെയും അധികചുമതല.

2. **മഞ്ജു മാത്തൂർ (ഫോൺ: 9847648550)**

   സോണൽ സെക്രട്ടറി, കുറുമ്പനാടം സബ്സോണിന്റെയും ജീവജ്വാല മിനിസ്ട്രിയുടെയും അധികചുമതല

3. **ജയിംസ് നടുവിലെപ്പറമ്പിൽ (811983938)**

   സോണൽ ട്രഷറർ, പാരിഷ് മിനിസ്ട്രിയുടെയും കുട്ടനാട് സബ്സോണിന്റെയും അധിക ചുമതല

4. **ജിജോ സഖറിയ (ഫോൺ: 9961282172)**

   സർവീസ് ടീമംഗം, ജീവജ്വാല മിനിസ്ട്രിയുടെയും കുന്നന്താനം സബ്സോണിന്റെയും അധിക ചുമതല

5. **ലാലിച്ചൻ നെല്ലിക്കൽ (ഫോൺ; 9744818108)**

   സർവീസ് ടീമംഗം, മദ്ധ്യസ്ഥ പ്രാർത്ഥനാമിനിസ്ട്രിയുടെയും നെടുങ്കുന്നം സബ്സോണിന്റെയും അധികചുമതലകൾ.

6. **ഓമന തോമസ് (തെരേസ) (ഫോൺ: 8547969266)**

   സോണൽ സർവീസ് ടീമംഗം, ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെയും ചെത്തിപ്പുഴ സബ്സോണിന്റെയും അധിക ചുമതല

7. **ജോഷിമ എബി (ഫോൺ: 9061749074)**

   സോണൽ സർവീസ് ടീമംഗം, തുവനിസ മിനിസ്ട്രിയുടെയും കുട്ടനാട് സബ്സോണിന്റെയും അധികചുമതല

**8. സീനാ ടോം (ഫോൺ: 9446518477)**

സോണൽ സർവീസ് ടീമംഗം, ക്രിസ്റ്റ്യൻ മിനിസ്ട്രിയുടെയും മണിമല സബ്സോണിന്റെയും അധിക ചുമതല

9. ജോസഫ് എബ്രഹാം (ഷാജി) (ഫോൺ: 9947310790

സോണൽ സർവീസ് ടീമംഗം, പാരിഷ് മിനിസ്ട്രിയുടെയും കുറുമ്പനാടം സബ്സോണിന്റെയും അധികചുമതലകൾ

ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെ കളമശേരിയിലുള്ള കരിസ്മാറ്റിക് കേന്ദ്രകാര്യാലയത്തിൽ നടക്കുന്ന (എമ്മാവൂസ്) മദ്ധ്യസ്ഥ പ്രാർത്ഥനയിൽ പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ, വിവിധ മിനിസ്ട്രികൾ, സബ്സോണുകൾ എന്നിവയെക്കുറിച്ചുള്ള പ്രസക്ത വിവരങ്ങൾ എന്നിവ ചർച്ചാവിഷയമായി.

**സബ്സോണൽ കൺവൻഷനുകൾ**

കാവാലം ലിസ്യൂ ദൈവാലയത്തിൽ ജനുവരി 16-ാം തീയതി നടന്ന കരിസ്മാറ്റിക് കൂട്ടായ്മ സർവീസ് ടീം സെക്രട്ടറി, മഞ്ജു മാത്തൂർ നയിച്ചു.

ഫെബ്രുവരി മാസത്തിലെ ഇടവക കൺവൻഷൻ, സെന്റ് ജോസഫ് പള്ളി, രാമങ്കരിയിൽ വച്ച് നടക്കും. തീയതി ഫെബ്രുവരി 14; രാവിലെ 10.00 മണി മുതൽ

"സഭയുടെ ഹൃദയത്തിൽ, ആത്മ നിറവോടെ" നിലകൊള്ളാൻ കർത്താവ് നമ്മെ ശക്തരാക്കട്ടെ.

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
9446903631

# പ്രവാസി അപ്പസ്തോലേറ്റ്

പ്രിയ പ്രവാസി കുടുംബാംഗങ്ങളെ,

ഈ ആരാധനാവത്സരത്തിലെ ദനഹാക്കാലത്ത് പാവപ്പെട്ട മക്കളിൽ ഈശോയെ കണ്ടെത്തുന്നതിനും അവരെ സഹായിക്കുവാൻ മനസ്സായതിനും നന്ദി അർപ്പിക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പാ പ്രഖ്യാപിച്ച "World Poor Day" യുടെ ഭാഗമായി ആരംഭിച്ച അരി (ഫുഡ് കിറ്റ്) വിതരണം വിവിധ ഫൊറോനകളിലായി നടന്നുവരുന്നു. ആയതിന്റെ വിജയത്തിനായി സഹകരിക്കുന്ന എല്ലാ ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും, അതിരൂപത, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി. പ്രത്യേകിച്ച് സാമ്പത്തികമായി സഹായിച്ച സഹോദരങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവരുടെ പേരുകൾ കുറിക്കുകയും ചെയ്യുന്നു.

(സുനിൽ പി. ആന്റണി, ജിം തോമസ്, മാത്യു വർഗീസ്, പ്രിൻസ് സി.സി., സാബു ജോസഫ്, ഗ്രിഗറി കെ., തോമസ് കെ., ലൈസാമ്മ ജോസ്, ജേക്കബ് ജോസഫ്കുഞ്ഞ്, നിതാ സെബാസ്റ്റ്യൻ, ട്രീസാ ജിസു, ജോസഫ് സെബാസ്റ്റ്യൻ, ആന്റണി ഇ, സജീവ് ആന്റണി, സിമി സനു, ജോസഫ് ഏബ്രഹാം.)

**Pre Departures Orientation Programs**

a. 2018 ജനുവരി 25 വ്യാഴാഴ്ച, കോട്ടയം എസ്.എച്ച് മെഡിക്കൽ സെന്ററിൽവച്ച് NORKA-CMD യും (Centre for Management Development), ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പസ്തോലേറ്റും ചേർന്ന് Pre Departures awareness programs എസ്.എച്ച്. മെഡിക്കൽ സെന്റർ ഓഡിറ്റോറിയത്തിൽവച്ച് ക്രമീകരിച്ചു. ഏറ്റുമാനൂർ മാതാ ഹോസ്പിറ്റലിൽനിന്നും, കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽനിന്നും 70 നേഴ്സുമാർ പങ്കെടുത്തു.

b. 2018 ഫെബ്രുവരി 4 ഞായറാഴ്ച തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിൽ വച്ച് ആലപ്പുഴ ജില്ലയിലെ നഴ്സുമാർക്കുവേണ്ടി Pre Departure Orientation Program സംഘടിപ്പിച്ചിരിക്കുന്നു. NORKA-CMD Training Team നൊപ്പം പ്രവാസി അപ്പസ്തോലേറ്റിന്റെ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പ്രസ്തുത ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# ദീപിക ഫ്രണ്ട്സ് ക്ലബ്

## ഡി.എഫ്.സി. ചങ്ങനാശേരി അതിരൂപത സമിതിയുടെ കഴിഞ്ഞ മൂന്ന് മാസത്തെ പ്രവർത്തനങ്ങൾ

ഡി.എഫ്.സി., അതിരൂപത സമിതിയുടെ കഴിഞ്ഞ മൂന്ന് മാസംകൊണ്ട് 27.9.2017ലും 13.10.2017ലും രണ്ട് മീറ്റിംഗുകൾ നടത്തി. ഈ മീറ്റിംഗുകളുടെ റിപ്പോർട്ട് സംസ്ഥാന കമ്മറ്റി നൽകിവരുന്നു.

അതിരൂപതയിലെ ആലപ്പുഴ, പുളിങ്കുന്ന്, ചമ്പക്കുളം, കുടമാളൂർ, അതിരമ്പുഴ, മണിമല, കുറുമ്പനാടം, തൃക്കൊടിത്താനം എന്നീ ഫൊറോനാകളിൽ ഓരോ മീറ്റിംഗു വീതം നടന്നു. ചങ്ങനാശേരി ഫൊറോനയിൽ 5 മീറ്റിംഗ് നടക്കുകയുണ്ടായി.

നമ്മുടെ അതിരൂപതയിൽ ഈ കാലയളവിൽ 24 ഇടവകകളിൽ ഡ്രീം ലൈൻ പ്രൊജക്ട് നടന്നു. സാധാരണയായി ഞായറാഴ്ച ദിവസങ്ങളിലാണ് ഇത് നടക്കുന്നത്. ഒരു ഇടവകയിലെ ഡി.എഫ്.സി. ഭാരവാഹികൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, കൈക്കാരന്മാർ, സംഘടനാ ഭാരവാഹികൾ, ദീപികയിലെ ഉദ്യോഗസ്ഥർ, വൈദികരും ഉൾപ്പെടുന്ന വിവിധ ടീമുകൾ ഒറ്റ ദിവസം കൊണ്ട് ഇടവകയിലെ മുഴുവൻ കുടുംബങ്ങളും സന്ദർശിച്ച് ദീപികയ്ക്കുവേണ്ടി വാർഷിക വരിസംഖ്യ കൈപ്പറ്റുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ ഇടവകകളിൽ 40% വരെ പുതിയ വാർഷിക വരിക്കാരെ കണ്ടെത്തുവാൻ സാധിക്കുന്നു. കൂടാതെ നിലവിൽ വരിക്കാരായിട്ടുള്ളവരുടെ പുതുക്കലും നടന്നുവരുന്നു.

ഡ്രീം ലൈൻ പ്രൊജക്ടിന് മുന്നോടിയായി ഇടവകയിൽ ദീപിക മാസാചരണം ആരംഭിക്കുന്നു. ഡ്രീം ലൈൻ നടക്കുന്നതിന്റെ തലേദിവസമായ ശനിയാഴ്ച വൈകിട്ട് മാദ്ധ്യമ ജാഗ്രതാ സമ്മേളനം നടത്തുന്നു. ഇതിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, പാരീഷ് കൗൺസിൽ, യുവദീപ്തി അംഗങ്ങൾ തുടങ്ങി എല്ലാവരും പങ്കെടുക്കുന്നു. ഈ മീറ്റിംഗിന് ദീപിക ഹോം കമിംഗ് പ്രോഗ്രാം എന്ന് വിളിക്കുന്നു.

രണ്ട് ദിവസം നീണ്ടു നിന്ന ഡി.എഫ്.സി. ഫൊറോന ക്യാമ്പുകൾ ചങ്ങനാശേരി, തുരുത്തി ഫൊറോനകളിൽ നടന്നുകഴിഞ്ഞു. തുരുത്തി കാനായിൽ വച്ച് നടത്തപ്പെട്ട ക്യാമ്പിൽ ഓരോ ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കെടുത്തു.

രണ്ട് ക്യാമ്പിലും അഭിവന്ദ്യ പിതാക്കന്മാർ സന്ദർസനം നടത്തി സന്ദേശം നൽകുകയുണ്ടായി. എല്ലാ ഇടവകയിൽനിന്നും ഏകദേശം 150ന് മുകളിൽ പ്രതിനിധികൾ ഓരോ ക്യാമ്പിലും പങ്കെടുത്തു.

ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ പരസ്യബോർഡുകൾ എല്ലാ ഇടവകകളിലും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. വാർഷിക വരിക്കാർക്ക് ദീപിക ന്യൂസ് പേപ്പർ ബോക്സ് നല്കിവരുന്നു. ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ വനിതാ യൂണിറ്റുകളുടെ രൂപീകരണവും ഓരോ ഇടവകയിലും നടന്നുകൊണ്ടിരിക്കുന്നു.

2018 മാർച്ച് 31-ാം തീയതിയ്ക്കകം നമ്മുടെ അതിരൂപതയിലെ 50% ഭവനങ്ങളിലും നമ്മുടെ സമുദായത്തിന്റെ സ്വന്തം പത്രമായ ദീപിക എത്തിക്കുക എന്ന ലക്ഷ്യത്തോടെ ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് അതിരൂപതാ സമിതി നേതൃത്വം നൽകിവരുന്നു.

എന്ന്,

| | | |
|---|---|---|
| ഫാ. ജേക്കബ് ചക്കാത്തറ | സണ്ണി പുളിങ്കാല | ബാബു വള്ളപ്പുര |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# ദലിത് കത്തോലിക്കാ മഹാജനസഭ

## DCMS തിരഞ്ഞെടുപ്പ് സർക്കുലർ

ബഹു. പ്രിയ/അച്ചാ/സുഹൃത്തേ,

ദലിത് കത്തോലിക്കാ മഹാജനസഭയുടെ പ്രവർത്തനങ്ങൾക്ക് അങ്ങു നൽകിക്കൊണ്ടിരിക്കുന്ന സഹായ സഹകരണങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

ഡി.സി.എം.എസിന്റെ നിലവിലുള്ള യൂണിറ്റ് ഫൊറോനാ രൂപതാ സംസ്ഥാന കമ്മിറ്റികളുടെ കാലാവധി പൂർത്തിയാകുകയാണ്. 2018-20121 പ്രവർത്തനവർഷത്തേയ്ക്കുള്ള സമിതികളുടെ തിരഞ്ഞെടുപ്പ് താഴെ പറയുന്ന പ്രകാരം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

### മെമ്പർഷിപ്പ് വിതരണവും - പുതുക്കലും

പുതിയ അംഗങ്ങളെ ചേർക്കുന്നതിനും അംഗത്വം പുതുക്കുന്നതിനും 2018 ജനുവരി 1 മുതൽ 31 വരെ അവസരം ഉണ്ടാകും. പുതിയ അംഗത്വത്തിനും അംഗത്വം പുതുക്കുന്നതിനും 10 രൂപയാണ്. എന്നാൽ അംഗത്വം പുതുക്കുന്നതിന് പുതിയ മെമ്പർഷിപ്പ്ഫോറം പൂരിപ്പിക്കേണ്ടതില്ല. അംഗത്വം എടുക്കുന്ന എല്ലാവർക്കും മെമ്പർഷിപ്പുകൾ നൽകുന്നതാണ്. ഈ ഐഡന്റിറ്റി കാർഡിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. സംഘടനാ സംബന്ധമായ കാര്യങ്ങൾക്ക് ശുപാർശകൾ നൽകുന്നത്.

### യൂണിറ്റ് തിരഞ്ഞെടുപ്പ്

മെമ്പർഷിപ്പ് പൂർത്തീകരണത്തിന് ശേഷം യൂണിറ്റ് തിരഞ്ഞെടുപ്പ് ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഡി.സി.എം.എസിന്റെ നിയമാവലി 20-ാം വകുപ്പ് (സി) ഉപവകുപ്പ് അനുസരിച്ച് 2018 ജനുവരി മാസത്തിൽ തിരഞ്ഞെടുപ്പ് നടത്തി 2018 ഫെബ്രുവരി 15ന് മുമ്പായി അതിരൂപതാ ഓഫീസിൽ ഭാരവാഹികളുടെ ലിസ്റ്റ് സമർപ്പിക്കണം.

### യൂണിറ്റ് രജിസ്ട്രേഷൻ

യൂണി രജിസ്ട്രേഷൻ പുതുക്കുന്നതിനും പുതിയ രജിസ്ട്രേഷനും 25/- (ഇരുപത്തിയഞ്ച്) രൂപയും അംഗത്വഫീസിൽ യൂണിറ്റ് വിഹിതം 2/- (രണ്ട്) രൂപ കഴിച്ച് 8/- (എട്ട്) രൂപ, അംഗത്വ ലിസ്റ്റ്, ഭാരവാഹികളുടെ ലിസ്റ്റ്, പ്രവർത്തന റിപ്പോർട്ട് എന്നിവ ഫെബ്രുവരി 15ന് മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### ഫൊറോന (മേഖല) തിരഞ്ഞെടുപ്പ് (DCMS നിയമാവലി 26 (A) ഉപവകുപ്പ്)

DCMS ന്റെ ഫൊറോനാ തിരഞ്ഞെടുപ്പ് രൂപതാ ഡയറക്ടർ നിർദ്ദേശിക്കുന്ന റിട്ടേണിംഗ് ഓഫീസറുടെയും ബഹു. ഫൊറോന ഡയറക്ടർ (വികാരി) നേതൃത്വത്തിൽ 2018 ഫെബ്രുവരി 28ന് മുൻപ് നടത്തി മാർച്ച 8ന് മുമ്പ് ഫൊറോന ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

## അതിരൂപതാ തിരഞ്ഞെടുപ്പ്

2018 മാർച്ച് 18ന് രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സെമിനാറിൽ അതിരൂപതാ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

ചങ്ങനാശേരി അതിരൂപത ഡി.സി.എം.എസിന്റെയും ഡി.സി.വൈ.എസിന്റെയും ഡി.സി.വൈ.എൽ.ന്റെയും സംയുക്താഭിമുഖ്യത്തിൽ കരോൾഗാനമത്സരവും കൗൺസിലിംഗും പൊതുസമ്മേളനവും 2017 ഡിസംബർ 21 ഞായർ രാവിലെ 10.30ന് പാസ്റ്ററൽ സെന്ററിൽ.

കരോൾഗാന മത്സരവിജയിയായി കുറുമ്പനാടം യൂണിറ്റ് ട്രോഫി ഏറ്റുവാങ്ങി. 1.30നു കൗൺസിൽ ആരംഭിച്ചു. 2.30ന് പൊതുസമ്മേളനവും ഡി.സി.എം.എസ് അതിരൂപത ഡയറക്ടർ റവ. ഫാ. ജെസ്റ്റിൻ കായംകുളത്തുശേരി സ്വാഗതം ആശംസിച്ചു. കെ.സി.ബി.സി. എസ്.സി. എസ്.റ്റി. ബി.സി. കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് ഇലവുങ്കൽ (ഡി.സി.എം.എസ്. അതിരൂപത പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചവത്സരപദ്ധതിയുടെ നയരൂപരേഖ പ്രകാശനം റവ. ഡോ. ജോസഫ് മുണ്ടകത്തിൽ (വികാരി ജനറാൾ ചങ്ങനാശേരി അതിരൂപത) നടത്തി. കെ.സി.ബി.സി. എസ്.സി. എസ്.റ്റി. ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ സി.എം.ഐ. സഭയ്ക്കുള്ള സഹായത്തോടെ നടപ്പാക്കുന്ന വി. ചാവറ ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യഗഡു വിതരണം റവ. ഫാ. സോണി പാലാത്ര നിർവഹിച്ചു. കൃതജ്ഞത ശ്രീ. റ്റോമി മംഗലത്ത് (അതി. സെക്രട്ടറി) പറഞ്ഞു. തുടർന്ന് തിരഞ്ഞെടുപ്പ് പ്രഖ്യാപനം നടത്തി. യോഗം അവസാനിച്ചു.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

പുതുവത്സരം കൂടുതൽ ഉത്തരവാദിത്വപൂർണ്ണമാണ്. പ്രയാസമനുഭവിക്കുന്ന നമ്മുടെ അയൽക്കാരെ കണ്ടില്ലെന്നു നാം നടിക്കരുത്. വി. ബൈബിൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ നിയമാവലിയുടെ ഉള്ളടക്കവും ബൈബിളിനെ ആസ്പദമാക്കിയാണ്.

ഈയവസരത്തിൽ നിയമാവർത്തന പുസ്തകത്തിലെ ചില വാക്യങ്ങൾ ഏറെ പ്രസക്തമാണ്. "നിങ്ങൾ അവിടുത്തെ ഭയപ്പെടുകയും, അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുകയും, പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും കൂടെ അവിടുത്തെ സ്നേഹിക്കുകയും ചെയ്യണം. അവിടുന്ന് അനാഥയ്ക്കും, വിധവകൾക്കും നീതി നടത്തിക്കൊടുക്കുന്നു. ഭക്ഷണവും, വസ്ത്രവും നൽകി പരദേശികളെ സ്നേഹിക്കുകയും ചെയ്യുന്നു. കല്പനകൾ ശ്രദ്ധാപൂർവ്വം പാലിച്ച് നിങ്ങളുടെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുകയും അവിടുത്തോടു ചേർന്നു നിൽക്കുകയും ചെയ്യണം. നാം വിശ്വസ്തരും സത്യസന്ധരും ദൈവത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നവരുമായിരിക്കണം".

പ്രാർത്ഥനാരൂപി നിലനിർത്തുന്ന ഒരു സമൂഹമായിരിക്കണം നമ്മുടേത്. സൊസൈറ്റിയുടെ അരൂപി അതിന്റെ ജീവധാരയാണ്. അതു നാം മറക്കുകയോ അതിൽനിന്നും വ്യതിചലിക്കുകയോ ചെയ്താൽ പ്രവർത്തനം തന്നെ അധഃപതിക്കുകയും സമാപിക്കുകയും ചെയ്യും. 1833ൽ സൊസൈറ്റിയുടെ സ്ഥാപകർ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് നമുക്ക് പരിശ്രമിക്കാം.

**കോൺഫ്രൻസിന്റെ പ്രധാന ലക്ഷ്യങ്ങൾ**

1. മാനവസമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നതിനാണ് ക്രൈസ്തവരുടെ വിശ്വാസം അവരെ പ്രചോദിപ്പിക്കുന്നതെന്ന് എല്ലാവർക്കും കാണിച്ചുകൊടുത്തുകൊണ്ട് ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കും സാക്ഷ്യം വഹിക്കാനും

2. ദൈവത്തോടുള്ള സ്നേഹം അയൽക്കാരിൽ പ്രാവർത്തികമാക്കിക്കൊണ്ട്, സന്മനസ്സുള്ള മനുഷ്യരെ ഒന്നിച്ചുകൂട്ടുന്നതിനും യഥാർത്ഥ സൗഹൃദവും പരസ്പര മാതൃകയും വഴി ക്രിസ്തുവിന്റെ ദിവ്യമാതൃകയിലേക്ക് അടുക്കാൻ അവരെ സഹായിക്കുവാനും

3. സൊസൈറ്റിയിലെ അംഗങ്ങളും കഷ്ടതയനുഭവിക്കുന്നവരും തമ്മിൽ വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാനും കഴിവനുസരിച്ച് ഏറ്റവും പ്രയോജനകരവും, സ്നേഹപൂർണ്ണവുമായ സഹായ എത്തിച്ചുകൊടുക്കുവാനും വേണ്ടിയായിരുന്നു.

**ഓഖി ദുരന്തം**

13.1.2018ൽ കൂടിയ സി.സി. മീറ്റിംഗിൽ നാഷണൽ കൗൺസിലിനോടു ചേർന്നുനിന്നു കൊണ്ട് നമുക്കും ഒരു കൈത്താങ്ങ് അവർക്കു കൊടുക്കുവാൻ തീരുമാനമെടുത്തു. അത നുസരിച്ച് ഏറ്റവും അടുത്ത കോൺഫ്രൻസ് മീറ്റിംഗിലെ രഹസ്യപ്പിരിവ്, എ.സി. മുഖാ ന്തിരം സി.സി.യെ ഏല്പിക്കത്തക്കവിധം നടപടി സ്വീകരിക്കണം. കൂടുതൽ നിർദ്ദേശ ങ്ങൾ എ.സി. പ്രസിഡന്റുമാർ അറിയിക്കുന്നതായിരിക്കും.

**ദളിത് ഭവന പദ്ധതി**

അഭിവന്ദ്യ മുരിയ്ക്കൻ പിതാവിന്റെ താൽപര്യത്തെ മാനിച്ച് കെ.ആർ.സി.സിയുടെ നിർദ്ദേശപ്രകാരം 2 ഭവനങ്ങൾ ചങ്ങനാശേരി സി.സി.യുടെ മേൽനോട്ടത്തിൽ പൂർത്തീക രിക്കണമെന്ന് അഭിവന്ദ്യ പെരുന്തോട്ടം പിതാവ് കഴിഞ്ഞ മാസം കൂടിയ സമ്മേളനത്തിൽ ആവശ്യപ്പെടുകയുണ്ടായി. എല്ലാ കോൺഫ്രൻസുകളുടെയും സഹകരണം ആയതിലേക്ക് ആവശ്യമാണ്. അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എ.സി. പ്രസിഡന്റുമാർ അറിയിക്കു ന്നതായിരിക്കും. അതനുസരിച്ച് താമസംവിനാ നടപടികൾ പൂർത്തീകരിക്കണം.

**വാർഷിക റിപ്പോർട്ട്**

സാമ്പത്തികവർഷം അവസാനിക്കുകയാണല്ലോ. അതിനുള്ള മേൽനടപടികൾ സ്വീകരി ക്കുന്നതിനായി ഫോം എ.സി. പ്രസിഡന്റുമാരെ ഏല്പിച്ചിട്ടുണ്ട്. ഏപ്രിൽ ആദ്യത്തെ വാരം തന്നെ അവ ശരിയാംവിധം പൂരിപ്പിച്ച് ഏല്പിക്കണമെന്നപേക്ഷിക്കുന്നു. തന്നിമിത്തം പതിവു രീതിയിലുള്ള മാർച്ചുമാസത്തെ സി.സി. മീറ്റിംഗ് ഉണ്ടായിരിക്കുകയില്ല.

പൂരിപ്പിച്ച ഫോറത്തോടൊപ്പം താഴെപ്പറയുന്ന സാമ്പത്തികവും ഏല്പിക്കുവാൻ മറക്കരുത്.

1. 5% കോൺട്രിബ്യൂഷൻ (പ്രാദേശികപ്പിരിവ് & രഹസ്യപ്പിരിവിന്റെ)
2. NCF, CCF, CGF Rs. 50/- per member
3. ഡയറി - 55/- രൂപ
4. ഓസാനാം - 20/- രൂപാ ഒരു കോപ്പി നിരക്കിൽ

ബുള്ളറ്റിൻ മദ്ധ്യസ്ഥൻ - 225/- രൂപ

നമ്മെ അറിയുന്ന നമ്മുടെ പിതാവ് നമ്മുടെ പ്രവർത്തനങ്ങൾക്കും മികവേകും. അതു വഴി സർവ്വശക്തൻ നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി.സി. പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

(Secular Franciscan Order-SFO) "സമാധാനം - സൗഭാഗ്യം"

പ്രിയ സഹോദരീ സഹോദരന്മാരെ,

പുത്തൻ ആവേശത്തോടും കൃത്യമായ തീരുമാനങ്ങളോടുംകൂടി 2018-ലേക്ക് നമ്മൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. ഫെബ്രുവരി 12-ാം തീയതി നമ്മൾ അമ്പതുനോമ്പിലേക്ക് പ്രവേശിക്കുമ്പോൾ നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ അസ്സീസ്സിയിലെ വി. ഫ്രാൻസിസ്, നോമ്പുകാലം ജീവിതത്തിന്റെ തിരിഞ്ഞുനോട്ടത്തിനും, ഉപവാസം, പ്രാർത്ഥന, അനുരഞ്ജനം, പങ്കുവെയ്ക്കൽ, കാരുണ്യപ്രവർത്തികൾ, തീർത്ഥാടനം എന്നിവയ്ക്കും പ്രാധാന്യം നൽകണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അതുപോലെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ നോമ്പുകാലം ഉപവാസമെടുത്ത് താപസചൈതന്യത്തോടും ഏകാഗ്രതയോടും, മുളമലയിലും, ആഴംമലയിലും, പ്രാർത്ഥിക്കുകയും, തീർത്ഥാടന പദയാത്രകൾ നടത്തുകയും ചെയ്തിരുന്നു. നമുക്കും കടന്നവരുന്ന ഒരു നോമ്പുകാലത്തെ എളിമയോടെ ആർഭാടജീവിതം ഉപേക്ഷിച്ച് മിച്ചംവെച്ച് ദരിദ്രസഹോദരങ്ങൾക്ക് പങ്കുവെച്ചുകൊണ്ട് അവ ദൈവസന്നിധിയിൽ പ്രീതികരമാക്കുവാൻ പരിശ്രമിക്കാം. ചൈതന്യം നിറഞ്ഞ ഒരു നോമ്പുകാലം ഏവർക്കും ആശംസിക്കുകയും ചെയ്യുന്നു.

**റീജണൽ സെമിനാറുകൾ**

SFO ശതോത്തര സുവർണ്ണ ജൂബിലിവർഷ ആഘോഷത്തിന്റെ ഭാഗമായി അതിരൂപത മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ റീജണൽ സെമിനാറുകൾ അതാതു റീജണൽ ആസ്ഥാനങ്ങളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്നല്ലോ. ഈ സെമിനാറുകൾ നടത്തുന്നതിനായി റീജണൽ കമ്മറ്റി കൂടി തീരുമാനിച്ച് സ്ഥലം, തീയതി, പ്രോഗ്രാം എന്നിവ എന്തൊക്കെയാണെന്ന് SFO അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കണമെന്ന് അറിയിക്കുന്നു. ശതോത്തര സുവർണ്ണ ജൂബിലി സ്മാരകമായി നമ്മൾ പ്രിന്റ് ചെയ്ത് ഇറക്കിയ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചിത്രത്തോടുകൂടിയ കലണ്ടർ എല്ലാ ഭ്രാതൃത്വ ഭാരവാഹികളും അതു വാങ്ങി ഇടവകകളിലെ എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തു കാണുമെന്ന് കരുതുന്നു. ഇനിയും ആവശ്യമുള്ള ഭ്രാതൃത്വങ്ങൾ അറിയിച്ചാൽ അത് എത്തിച്ചു നൽകുന്നതായിരിക്കും. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കലേക്കുള്ള നോമ്പുകാല പീഡാനുഭവ പദയാത്രയുടെ തീയതികൾ നിശ്ചയിച്ച് വിശദമായ നോട്ടീസ് നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതായിരിക്കും. അതിനുള്ള ക്രമീകരണങ്ങൾ ഭ്രാതൃത്വ ഭാരവാഹികൾ നടത്തണമെന്ന് അറിയിക്കുന്നു.

**നിര്യാതരായി**

ഫാത്തിമാപുരം ഫാത്തിമാ മാതാ ഭ്രാതൃത്വ പ്രസിഡണ്ടും, വാഴപ്പള്ളി റീജണൽ ഫോർമേറ്ററുമായ ഡോ. ജോ മാത്യു ആലഞ്ചേരിയുടെ പിതാവ് മാത്തപ്പൻ ആലഞ്ചേരി (81), ഫാത്തിമാപുരം ഭ്രാതൃത്വാംഗം ശ്രീമതി ത്രേസ്യാമ്മ ജോസഫിന്റെ ഭർത്താവ് വി.ജെ. ജോസഫ് വാക്കിശ്ശേരിൽ (78) സീനിയർ അംഗം വി.ഡി. ഡൊമിനിക്ക് വെട്ടികാട്ട് പഴയിടം, വാഴപ്പള്ളി ഗെത്സെമനി ഭ്രാതൃത്വാംഗം ശ്രീമതി ലിസിയാമ്മ തോട്ടാശ്ശേരിയുടെ ഭർത്താവ് ടി.ജെ. ജോർജ്ജ് (80) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ഒപ്പീസ് ചൊല്ലുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കണമേ.

2018-ലെ SFO യുടെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളെയും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടികളെയും സ്നേഹനിധിയായ ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കാം. ലോകരക്ഷകനായ ഈശോയുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയിൽ നമ്മുടെ വിശ്വാസങ്ങളുടെ അനുതാപം ചേർത്തു വയ്ക്കുവാനും ദൈവപുത്രന്റെ ഉയിർത്തെഴുന്നേല്പിന്റെ വലിയ വിശ്വാസസത്യത്തെ നമുക്കു പ്രഘോഷിക്കുകയും ചെയ്യാം. കടന്നുവരുന്ന നോമ്പുകാലം ഫലദായകമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

# ആവേ മരിയ

ലീജിയൻ ഓഫ് മേരിയുടെ 76-ാമതു വാർഷികസമ്മേളനം 14.1.2018-ൽ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്ക് ബഹുമാനപ്പെട്ട ജോജോ പുതുവേലിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽവച്ച് ആഘോഷിക്കുകയുണ്ടായി.

ലീജിയൻ ഓഫ് മേരി ഭക്ത യൂണിയന്റെ ചടങ്ങുകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് വാർഷികസമ്മേളനം. എല്ലാ മരിയൻ സൈനികരും ഭാരവാഹികളും, സഹായ അംഗങ്ങളും, മരിയഭക്തരായ മറ്റ് സഹോദരങ്ങളും ഈ അവസരത്തിൽ എത്തിച്ചേരുന്നത് ലീജിയന്റെ അഭിമാനമാണ്. വന്നിരുന്ന എല്ലാ മരിയൻ ഭക്തർക്കും പ്രസിഡണ്ട് തോമസ് ഫിലിപ്പ് പാലത്തറ മാതാവിന്റെ നാമത്തിൽ ഹാർദ്ദവമായി സ്വാഗതം ചെയ്തു.

തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ആദ്ധ്യാത്മിക നിയന്താവ് എന്ന നിലയിൽ റവ. ഫാ. ജോജോ പുതുവേലിൽ വിശുദ്ധ കുർബാനയുടെ കുർബാനധർമ്മം (കുർബാനപണം) എന്നാൽ എന്ത്? എങ്ങനെ ഉപയോഗിക്കുന്നു?, എന്തിനുവേണ്ടി, കുർബാനധർമ്മം, നിയോഗങ്ങൾ, വി. കുർബാനയുടെ വിലതീരാത്ത മഹത്വം എന്നിവയെക്കുറിച്ചെല്ലാം വളരെ മനോഹരമായി പറഞ്ഞു മനസ്സിലാക്കി ത്തന്നത് മരിയൻ സൈനികർക്കുതന്നെ പുതിയ അറിവ് ആയിരുന്നു. ഈ കാര്യങ്ങൾ ഇത്ര നന്നായി പറഞ്ഞു തന്നതിന് അച്ചനെ കൂടുതൽ അംഗീകരിക്കുകയും നന്ദിപറയുകയും ചെയ്തു. മരിയൻ സൈനികർക്ക് അച്ചൻ വിലമതിക്കപ്പെട്ട ആൾ തന്നെയാണ്.

പിന്നീട് കൂനന്താനം പ്രസീദിയം സഹോദരി ജെയിനമ്മ മനോഹരമായ ഒരു ഗാനം ആലപിച്ചു.

പിന്നീട് പാറേൽപള്ളി വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. തന്റെ പ്രഭാഷണത്തിൽ മതപീഡനം വിശ്വാസത്തിന്റെ നേരെയുള്ള പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യാം എന്നിവയെക്കുറിച്ചെല്ലാം വളരെ ഗഹനമായ രീതിയിൽ സംസാരിച്ചു. വിശുദ്ധ യോഹന്നാൻ സ്ലീഹാ പരിശുദ്ധ അമ്മയെ തന്റെ സ്വന്തം അമ്മയായി സ്വീകരിച്ചപ്പോൾ ഉണ്ടായ മാറ്റങ്ങൾ അച്ചൻ പറഞ്ഞത് വളരെ ശ്രദ്ധേയമായിരുന്നു. പരിശുദ്ധ അമ്മയെ കൂട്ടുപിടിച്ചാൽ പരിവർത്തനങ്ങൾ ഉറപ്പാണ്. വിശ്വാസപൈതൃകം തുടങ്ങുന്നത് കുടുംബങ്ങളിൽനിന്നാണ്.

പ്രസിഡന്റ് ജ്ഞാനവായന നിയമഗ്രന്ഥം വാർഷികസമ്മേളനം എന്ന ഭാഗം വായിച്ചു. സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സ്നേഹവിരുന്നിനുശേഷം വാർഷികസമ്മേളനം അവസാനിച്ചു. തുടർന്ന് പതിവുപോലെയുള്ള ഭാരവാഹികളുടെ യോഗം ആരംഭിച്ചു. സെക്രട്ടറി 2017 ഡിസംബർ മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി കണക്കുകൾ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി പ്രസിഡണ്ട് അതിൽ ഒപ്പുവച്ചു. അടുത്ത വാർഷികസമ്മേളനം കുറച്ചു കൂടി മെച്ചപ്പെട്ടതായി നടത്തണം എന്ന തീരുമാനത്തോടുകൂടി പരസ്പരം സ്തുതിയും കൊടുത്ത് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.**
കണ്ണമ്പള്ളി (സെക്രട്ടറി)

# 126 പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## ദൈവപുത്രത്വത്തിന്റെ സുവിശേഷപ്രഘോഷകൻ

**(തിരുവചനഭാഗം: മർക്കോ 16: 1-20)**

ഈശോയുടെ ഉത്ഥാനം ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമാണ്: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ കേന്ദ്രസന്ദേശവും അതുതന്നെയാണ് (നട 2,24). ഈശോയുടെ ഉത്ഥാനം ചരിത്രസംഭവമാണെങ്കിലും അത് ശാസ്ത്രീയവിശകലനത്തിലൂടെയോ ബൗദ്ധികവിചിന്തനത്തിലൂടെയോ കണ്ടുപിടിക്കാവുന്ന ഒന്നല്ല. അത് വിശ്വാസത്തിലൂടെ മാത്രം ബോദ്ധ്യപ്പെടാവുന്ന ഒരു യാഥാർത്ഥ്യമാണ്. സുവിശേഷങ്ങളിൽ രണ്ടുതരം വിവരണങ്ങളിലൂടെയാണ് ഉത്ഥാനം വിവരിക്കുന്നത്: 1. ശൂന്യമായ കല്ലറ; 2. പ്രത്യക്ഷീകരണം. ശൂന്യമായ കല്ലറ മരിച്ചയാൾ തന്നെയാണ് ഉയിർത്തതെന്നു തെളിയിക്കുമ്പോൾ, പ്രത്യക്ഷീകരണം മരിച്ചയാൾ പുതിയ ഒരു അസ്തിത്വം കൈക്കൊണ്ടിരിക്കുന്നു എന്നു തെളിയിക്കുന്നു.

ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം.

1. 16,1-4 : തൈലം പൂശാൻ സ്ത്രീകൾ പോകുന്നു.
2. 16,5-8 : ഉത്ഥാനസന്ദേശം കേൾക്കുന്നു.
3. 16,9-13 : ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു.
4. 16,14-18 : പതിനൊന്നു പേർക്കു പ്രത്യക്ഷപ്പെടുന്നു; പ്രേഷിതദൗത്യം ഏല്പിക്കുന്നു.
5. 16,19-20 : സ്വർഗ്ഗാരോഹണം ചെയ്യുന്നു.

ഈ സുവിശേഷഭാഗ വിചിന്തനത്തിലൂടെ ഉത്ഥാനാനുഭവവും പ്രേഷിതാഭിമുഖ്യവും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവയ്ക്ക് പുരോഹിതജീവിതത്തിലും ശുശ്രൂഷയിലുമുള്ള പ്രസക്തിയും പ്രാധാന്യവും എന്താണെന്നും മനസ്സിലാക്കാൻ കഴിയും.

**1. വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം**

"*സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേനമറിയവും യാക്കോബിന്റെ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്ര*

*വ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ച പ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി*" (16,1-2).

ഞായറാഴ്ച അതിരാവിലെതന്നെ മൂന്നു സ്ത്രീകൾ ശവകുടീരത്തിലേക്കു പോയി. ഈ സ്ത്രീകൾ ഈശോയുടെ മരണസമയത്തുണ്ടായിരുന്നവരാണ്. ഇതിൽ മഗ്ദലേനമറിയവും മറ്റേ മറിയവും ഈശോയെ കല്ലറയിൽ സംസ്കരിക്കുന്നത് കണ്ടവരുമാണ്. ഇപ്പോൾ അതേ കല്ലറയിലേക്കുതന്നെ അവർ പോകുന്നു. ഈശോയുടെ മൃതശരീരം സുഗന്ധദ്രവ്യങ്ങളുപയോഗിച്ച് ലേപനം ചെയ്യുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോയുടെ മൃതദേഹം സംസ്കരിക്കപ്പെടുന്നതിനുമുമ്പ് സുഗന്ധദ്രവ്യങ്ങൾ പൂശി ഒരുക്കുന്നതായി മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നില്ല. ആ കുറവ് തദവസരത്തിൽ കണ്ട സ്ത്രീകൾ അതു പരിഹരിക്കാൻ ഇപ്പോൾ വരികയാണ്. ഈശോയുടെ ശരീരം പരമാവധി സുഗന്ധപൂരിതമാക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ഈശോ തന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് ജീവിച്ചിരുന്നപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ഈ സ്ത്രീകൾ അതു കേട്ടിരിക്കാനും സാധ്യതയുണ്ട്. എങ്കിലും അത് അവർ വിശ്വസിച്ചില്ല. അതുകൊണ്ടായിരിക്കണം മൃതദേഹം ലേപനം ചെയ്യാൻ അവർ തിടുക്കത്തിൽ ശവകുടീരത്തിനടുത്തേക്കു പോയത്.

ഈശോയുടെ ശവകുടീരത്തിലേക്കു പോയ സ്ത്രീകളെ നയിച്ചത് വിശ്വാസത്തെക്കാൾ വൈകാരികമായ സ്നേഹബന്ധമാണ്. അവരോടൊത്ത് ജീവിച്ചിരുന്ന ഈശോയോടുള്ള സ്നേഹബന്ധമാണ് അതിരാവിലെ അവിടേക്കു ചെല്ലുവാൻ അവരെ പ്രേരിപ്പിച്ചത്. ഇതുപോലെയുള്ള ഒരു വികലത ക്രിസ്തീയ ആദ്ധ്യാത്മികതയിലും കടന്നുവരാനുള്ള സാദ്ധ്യതകളുണ്ട്. ചരിത്രത്തിൽ ജീവിച്ച്, മരിച്ച്, കടന്നുപോയ ഈശോയോടുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയജീവിതം നയിക്കുന്ന അനേകരുണ്ട്. ചരിത്രത്തിൽ ജീവിച്ച മഹാത്മാക്കളെ ആദർശപുരുഷന്മാരായി അംഗീകരിച്ച് അവരുടെ ആദർശങ്ങൾക്കനുസരിച്ച് ജീവിക്കുന്നതുപോലെ ഈശോയെ അനുകരിക്കുന്നവരും അനുഗമിക്കുന്നവരും ഇന്നുമുണ്ട്. മാർ തോമാസ്ലീവായേക്കാൾ കുരിശുരൂപത്തോട് ആഭിമുഖ്യം പുലർത്തുന്നത് ഇതിനൊരുദാഹരണമാണ്. കാണുമ്പോൾ വികാരങ്ങളെ ഉണർത്തുന്ന ഛായാചിത്രങ്ങളോടുള്ള ഭക്തിയും, കാണുമ്പോൾ വിശ്വാസത്തെ ഉണർത്തുന്ന ഐക്കണുകളോടുള്ള ഭക്തിയും തമ്മിലുള്ള വ്യത്യാസമാണ് അവിടെ കാണാൻ കഴിയുന്നത്. യഥാർത്ഥ ക്രിസ്തീയജീവിതം വികാരത്തെക്കാൾ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം. അപ്രകാരം ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും അങ്ങനെ ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

**2. ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടേണ്ടാ. കുരിശിൽ തറ*

*യ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം. നിങ്ങൾ പോയി, അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുക: അവൻ നിങ്ങൾക്കുമുമ്പേ ഗലീലിയിലേക്കു പോകുന്നു. അവൻ നിങ്ങളോടു പറഞ്ഞിരുന്നതുപോലെ അവിടെവച്ച് നിങ്ങൾ അവനെ കാണും"* (16,6–7).

കല്ലറയിൽ കണ്ട യുവാവിന്റെ വെള്ളവസ്ത്രവും വളരെ വലിയ കല്ല് ഉരുട്ടി മാറ്റിയ അയാളുടെ അമാനുഷികശക്തിയും സന്ദേശവും ആ യുവാവ് ഒരു മാലാഖയാണെന്നു വ്യക്തമാക്കുന്നു (9,3). മാലാഖായുടെ സാന്നിദ്ധ്യം ഉയിർപ്പിന്റെ അതിസ്വാഭാവികമാനത്തെ കുറിക്കുന്നു. അതിസ്വാഭാവിക സംഭവമായ ഉയിർപ്പ് മനുഷ്യനേത്രങ്ങൾക്കു കാണാനാവില്ല. എന്നാൽ ദൈവത്തിന്റെ സഹചാരികളെന്ന നിലയിൽ മാലാഖമാർ അതു കണ്ടു. താൻ കണ്ട സംഭവം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുകയാണ് മാലാഖായുടെ സാന്നിദ്ധ്യത്തിന്റെ ഉദ്ദേശ്യം. മാലാഖാ വ്യക്തമായി ഉയിർപ്പിന്റെ സന്ദേശം നല്കുന്നു: "കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം" (16,6). ശൂന്യമായ കബറിടം ഈശോയുടെ ഉത്ഥാനത്തിന്റെ അടയാളമാണ്. ഈ ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പറയാനും മാലാഖാ അവരോടു പറയുന്നു (16,7).

ഉയിർപ്പിന്റെ സന്ദേശം ശിഷ്യന്മാരോടും പത്രോസിനോടും പോയി പറയണമെന്നുള്ള നിർദ്ദേശത്തിന് വലിയ പ്രാധാന്യമുണ്ട്. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസം ക്രിസ്തീയവിശ്വാസജീവിതത്തിന് അടിസ്ഥാനപരമാണെങ്കിൽ, അതിന് ആധികാരികത നല്കുന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെ വിശ്വാസാനുഭവമാണ്. പത്രോസിന്റെ പേര് മർക്കോസിൽ മാത്രമാണ് എടുത്തുപറഞ്ഞിട്ടുള്ളത്. മർക്കോസിനു തന്റെ ആത്മീയപിതാവായ പത്രോസിനോടുള്ള പ്രത്യേകബന്ധമായിരിക്കാം അതിനു കാരണം (1 പത്രോ 5,13). പത്രോസിന്റെ നേതൃത്വത്തിലുള്ള ശ്ലീഹന്മാരുടെ സമൂഹമാണ് ഉത്ഥാനത്തിലുള്ള ക്രിസ്തീയവിശ്വാസത്തിന് ആധികാരികത നല്കുന്നത്. അവരാണ് ഈശോയെ കണ്ടതും കേട്ടതും നോക്കിയതും സ്പർശിച്ചതും (1 യോഹ 1,1–4). അതുകൊണ്ട് അവരുടെ വിശ്വാസത്തിലധിഷ്ഠിതമായ 'ശ്ലൈഹികവിശ്വാസ'മാണ് ക്രിസ്തീയവിശ്വാസത്തിന് ആധികാരികത നല്കുന്നത്. ഇപ്രകാരം ശ്ലൈഹികമായ ആധികാരികതയുള്ള, ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ് ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനം. ശ്ലൈഹികമായ ആധികാരികത സഭയിൽ പ്രാവർത്തികമാകുന്നത് ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചയായ പൗരോഹിത്യശുശ്രൂഷയിലൂടെയാണ് (റോമാ 15,16). അതുകൊണ്ട് പുരോഹിതൻ ഉത്ഥിതനായ മിശിഹായിൽ വിശ്വസിക്കുന്നവനും ആ വിശ്വാസം ആധികാരികതയോടുകൂടി പ്രഘോഷിക്കുന്നവനും പ്രബോധിപ്പിക്കുന്നവനും ആയിരിക്കണം.

### 3. ഉത്ഥാനാനുഭവമുള്ള ജീവിതം

"*ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ ഉയിർത്തെഴുന്നേറ്റതിനുശേഷം, ഈശോ ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു. അവളിൽനിന്നാണ് അവൻ ഏഴു പിശാചുക്കളെ പുറത്താക്കിയത്. അവൾ ചെന്ന് അവനോടുകൂടെ ഉണ്ടായിരുന്നവരെ വിവരം അറിയിച്ചു. അവർ ദുഃഖത്തിലാണ്ടു വിലപിച്ചിരിക്കുകയായിരുന്നു. അവൻ ജീവിച്ചിരിക്കുന്നു എന്നും അവൾക്കു കാണപ്പെട്ടു എന്നും കേട്ടപ്പോൾ അവർ വിശ്വസിച്ചില്ല*" (16,9-11).

മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിച്ചാൽമാത്രം പോരാ, ഉത്ഥാനാനുഭവമുണ്ടാകണമെന്ന് സുവിശേഷവിവരണങ്ങളിലെ പ്രത്യക്ഷീകരണങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോ മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടതിനുശേഷമാണ് അവൾ ചെന്ന് ശിഷ്യരെ വിവരമറിയിക്കുന്നത് (6,9-10). പ്രത്യക്ഷീകരണങ്ങൾ പിന്നീട് ശിഷ്യർക്കും ഉണ്ടായതായി സുവിശേഷങ്ങൾ വിവരിക്കുന്നു. അപ്രകാരം പ്രത്യക്ഷീകരണങ്ങളിലൂടെ മിശിഹായുടെ ഉത്ഥാനം ഒരനുഭവമായി ജീവിതത്തിൽ കടന്നുവന്നപ്പോഴാണ് ശിഷ്യന്മാരും ഉത്ഥാനത്തിന്റെ സുവിശേഷപ്രഘോഷകരായി മാറിയത്. ഈ പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തങ്ങളായ രീതികളിലാണ് ശിഷ്യന്മാർക്കും മറ്റുള്ളവർക്കും ഉണ്ടാകുന്നതെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. യോഹന്നാന് ഉത്ഥാനാനുഭവമുണ്ടായത് ഈശോയെ നേരിട്ടു കണ്ടല്ല; അടയാളങ്ങളിലൂടെയാണ്. കല്ലറയിൽ പ്രവേശിച്ചപ്പോൾ കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും കണ്ടുകൊണ്ടാണ് (യോഹ 20,5-8). മഗ്ദലേനമറിയത്തിന് ഈശോ പ്രത്യക്ഷപ്പെട്ടത് തോട്ടക്കാരന്റെ വേഷത്തിലാണ് (യോഹ 20,14-16). ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് തന്റെ കൈകളും പാർശ്വവും കാണിച്ചുകൊണ്ടാണ് (യോഹ 20,20). എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് ഈശോ പ്രത്യക്ഷപ്പെട്ടത് വഴിപോക്കന്റെ വേഷത്തിലാണ് (ലൂക്കാ 24,13-35).

ഉത്ഥാനംചെയ്ത ഈശോ ഇന്നും ജീവിക്കുന്നുണ്ട്. ഇന്നും നമുക്കും പ്രത്യക്ഷപ്പെടുന്നുണ്ട്. പല വിധത്തിലാണെന്നുമാത്രം. ജീവിതാനുഭവങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഉത്ഥിതനായ ഈശോ നമുക്കു പ്രത്യക്ഷപ്പെടുമ്പോൾ അത് തിരിച്ചറിയുവാനും അതിനനുസൃതമായി പ്രതികരിക്കുവാനും നമുക്കു കഴിയേണ്ടതുണ്ട്. ജീവിതത്തിൽ അത്ഭുതകരവും അപ്രതീക്ഷിതവുമായ സംഭവങ്ങളുണ്ടാകുമ്പോൾ അവിടെ സന്നിഹിതനായിരിക്കുന്ന മിശിഹായുടെ സ്നേഹവും കരുതലും തിരിച്ചറിയാൻ നമുക്കു കഴിയണം. കൂടാതെ അടയാളങ്ങളിലൂടെയുള്ള മിശിഹായുടെ സാന്നിദ്ധ്യവും സ്നേഹവും നാം തിരിച്ചറിയണം. പരിശുദ്ധ കുർബാനയും കൂദാശകളും ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യത്തിന്റെ ഉദാത്തമായ അടയാളങ്ങളാണ്. അതുപോലെ ആരാധനക്രമാഘോഷങ്ങളിൽ സഭ നിർദ്ദേശിച്ചിരിക്കുന്ന കർമ്മങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ വ്യത്യസ്തങ്ങളായ രീതികളിൽ ഉത്ഥിതന്റെ സാന്നിദ്ധ്യം നമുക്കു നല്കുന്നവ

യാണ്. അവയെല്ലാം പഠിക്കാനും തിരിച്ചറിയാനും സാധിച്ചാൽ ഉത്ഥാനാനുഭവത്തിൽ വളരാൻ നമുക്കു കഴിയും. ഇപ്രകാരം ഉത്ഥാനാനുഭവമുള്ള ജീവിതം നയിക്കാൻ എല്ലാവർക്കും, പ്രത്യേകിച്ച് ദിവ്യരഹസ്യങ്ങളുടെ പരികർമ്മികളായ പുരോഹിതർക്കും കഴിയണം. അപ്രകാരം ജീവിക്കാൻ വിശ്വാസികളെ പരിശീലിപ്പിക്കുകയും വേണം.

**4. പ്രേഷിതദൗത്യബോധമുള്ള ജീവിതം**

"*അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും*" (16,15-16).

ഉത്ഥിതനായ ഈശോയെ നേരിട്ടു കാണുവാൻ തങ്ങൾക്ക് അവസരം ലഭിക്കുന്നതിനുമുമ്പേ, ഉത്ഥിതനെ നേരിട്ടു കണ്ടവർ അവന്റെ ഉത്ഥാനത്തെക്കുറിച്ചു നല്കിയ സാക്ഷ്യം കേൾക്കാൻ ശിഷ്യർക്ക് അവസരമുണ്ടായി. ആ സാക്ഷ്യം ശിഷ്യർ പക്ഷേ സ്വീകരിച്ചില്ല. വിശ്വാസരഹിതരും കഠിനഹൃദയരുമെന്ന് ശിഷ്യരെ ഈശോ കുറ്റപ്പെടുത്തിയെങ്കിലും, വലിയ പ്രേഷിതദൗത്യമാണ് അവിടുന്ന് അവരെ ഭരമേല്പിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷമെത്തിക്കണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത് (16,15). സുവിശേഷപ്രഘോഷണത്തിനു പ്രത്യുത്തരമായി ഈശോ ആവശ്യപ്പെടുന്നത് വിശ്വാസവും മാമ്മോദീസായുമാണ് (16,16). വിശ്വാസവും മാമ്മോദീസായും തമ്മിലുള്ള അഭേദ്യബന്ധം ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തീയവിശ്വാസം വെറും വ്യക്തിഗതമല്ല; സഭാത്മകമാണ്. "വിശ്വാസം ആരുടെയും സ്വകാര്യസ്വത്തല്ല, സഭയുടേതാണ്" എന്ന ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പായുടെ പ്രസ്താവന വളരെ പ്രസക്തമാണ്. മാമ്മോദീസായിലൂടെ ഒരാൾ സഭയുടെ വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുകയാണ്. സഭയുടെ വിശ്വാസം സ്വാംശീകരിച്ചുകൊണ്ടാണ് സഭാംഗങ്ങളോരോരുത്തരും അവരുടെ വിശ്വാസജീവിതത്തിൽ വളരേണ്ടത്.

വിശ്വാസജീവിതം അതിന്റെ തനിമയിൽ ജീവിക്കുന്നതാണ് സുവിശേഷപ്രഘോഷണം എന്നും ഇവിടെ സൂചനയുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'കെരൂസ്സെയിൻ' എന്ന വാക്കിന്റെ അർത്ഥം 'പ്രസംഗിക്കുക' എന്നല്ല 'പ്രഘോഷിക്കുക' എന്നാണ്. ഈശോ സുവിശേഷം പ്രഘോഷിച്ചത് ജീവിതംകൊണ്ടാണ്. ജീവിതത്തിന്റെ ബഹിർഗമനമായിരുന്നു അവിടുത്തെ 'വാക്കുകളും' 'പ്രവർത്തനങ്ങളും'. ജീവിതമില്ലെങ്കിൽ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും വിശ്വാസ്യതയില്ല. അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ച് സഭയുടെ വിശ്വാസജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നവരാണ് ശരിയായ സുവിശേഷപ്രഘോഷകർ. സഭ 'വിശ്വാസികളുടെ സമൂഹം' എന്നാണല്ലോ ആദിമനൂറ്റാണ്ടുകളിൽ അറിയപ്പെട്ടിരുന്നതും (നട 4,32). സുവിശേഷപ്രഘോഷണത്തെ അടയാളങ്ങൾകൊണ്ടു സ്ഥിരീകരിച്ചു എന്നു പറയുമ്പോൾ (16,20) ആ അടയാളങ്ങൾ വിശ്വസിക്കുന്നവരോടുകൂടെയാണെന്നും പറയുന്നുണ്ട് (16,17-18). അതുകൊണ്ട്

സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ ജീവിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്ന ജീവിതം നയിക്കുവാനാണ് ക്രൈസ്തവരെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രേഷിതദൗത്യബോധമുള്ള ജീവിതം നയിക്കുവാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം പ്രേഷിതദൗത്യബോധമുള്ള വിശ്വാസികളുടെ സമൂഹമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് തന്റെ അജപാലനശുശ്രൂഷയിലൂടെ പുരോഹിതൻ ശ്രമിക്കേണ്ടത്.

**5. ഈശോയുടെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന ജീവിതം**

"*കർത്താവായ ഈശോ അവരോടു സംസാരിച്ചതിനുശേഷം, സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടമായി. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു*" (16,19-20).

ഈശോയുടെ സ്വർഗ്ഗാരോഹണവും ശിഷ്യന്മാരുടെ സുവിശേഷപ്രഘോഷണവുമാണ് ഈ രണ്ടു വാക്യങ്ങൾ അവതരിപ്പിക്കുന്നത്. "കർത്താവായ ഈശോ" എന്നാണ് ഇവിടെ ഈശോ വിശേഷിപ്പിക്കപ്പെടുന്നത്. ലൂക്കാ 24,3 ലും ഇതുപോലെ ഈശോയെ വിശേഷിപ്പിക്കുന്നുണ്ട്. അവിടുത്തെ സ്വർഗ്ഗാരോഹണം ലൂക്കാ സുവിശേഷകനും വിവരിക്കുന്നുണ്ടല്ലോ. സ്വർഗ്ഗാരോഹണം ഈശോയുടെ കർതൃത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നു. രക്ഷാകരകർമ്മം പൂർത്തിയാക്കിക്കൊണ്ട് ഈശോ സർവ്വലോകത്തിന്റെയും കർത്താവായി മാറി എന്നാണ് സ്വർഗ്ഗാരോഹണം സൂചിപ്പിക്കുന്നത്. മിശിഹാ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നത് പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതാണ്: "കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക" (സങ്കീ 110,1). ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ ഉപവിഷ്ടനായത് രക്ഷാകരകർമ്മം പൂർത്തിയാക്കിക്കഴിഞ്ഞതിന്റെ സൂചനയാണ്. സർവ്വലോകത്തിന്മേലുമുള്ള ദൈവത്തിന്റെ അധികാരത്തിലും കർതൃത്വത്തിലും ഈശോയും തന്റെ രക്ഷാകരകർമ്മത്തിലൂടെ പങ്കുകാരനായി. ഈ രക്ഷകനായ ദൈവത്തിന്റെ സാന്നിദ്ധ്യവും രക്ഷാകരപ്രവർത്തനവുമാണ് സഭയുടെ സുവിശേഷപ്രഘോഷണത്തിലൂടെ ലോകമെമ്പാടും സന്നിഹിതമാകുന്നത്.

സുവിശേഷപ്രഘോഷണത്തിലൂടെയുള്ള കർത്താവായ ഈശോയുടെ രക്ഷാകരസാന്നിദ്ധ്യത്തെക്കുറിച്ചാണ് മർക്കോസ് സുവിശേഷകന്റെ അവസാനത്തെ വാചകം സൂചിപ്പിക്കുന്നത്: "അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (16,20). ഈശോയുടെ പ്രവർത്തനം ഭൂമിയിൽ ശിഷ്യരിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു. ശിഷ്യന്മാരിലൂടെ സംഭവിക്കു

ന്നത് ഈശോയുടെ പ്രവർത്തനംതന്നെയാണ്. അവരിലൂടെ താൻതന്നെയാണു പ്രവർത്തിക്കുന്നതെന്ന് അടയാളങ്ങളിലൂടെ അവിടുന്നു സ്ഥിരീകരിക്കുകയും ചെയ്തു. സഭയോടൊത്തുള്ള നമ്മുടെ വിശ്വാസജീവിതം ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കും. ഇവിടെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത് കരിസ്മാറ്റിക് അടയാളങ്ങൾ മാത്രമല്ല. ഈശോയുടെ രക്ഷാകരസ്നേഹത്തിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർത്താവിന്റെ പ്രവർത്തനത്തിന്റെ അടയാളങ്ങളായി പരിഗണിക്കേണ്ടതാണ്. ഈ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കിത്തീർക്കുന്ന ഒരു ജീവിതമാണ് പുരോഹിതൻ നയിക്കേണ്ടത്. അപ്രകാരം ജീവിക്കുവാൻ തന്റെ അജപാലനശുശ്രൂഷയിലൂടെ വിശ്വാസികളുടെ സമൂഹത്തെ സജ്ജമാക്കുകയും വേണം.

**ജീവിതസൂചിക**

1. എന്റെ വിശ്വാസജീവിതത്തിൽ വികാരത്തിനാണോ വിശ്വാസത്തിനാണോ ഞാൻ പ്രാധാന്യം നല്കുന്നത്?

2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണോ എന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും നിർണ്ണയിക്കുന്നത്?

3. ഏതെല്ലാം വിധത്തിലാണ് മിശിഹായുടെ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ എനിക്കു കഴിയുന്നത്?

4. പ്രേഷിതദൗത്യബോധത്തോടെ എപ്പോഴും ജീവിക്കുവാനും പ്രവർത്തിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?

5. ഈശോയുടെ രക്ഷാകരസാന്നിദ്ധ്യം എല്ലാവർക്കും അനുഭവവേദ്യമാക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ എപ്രകാരം ശ്രദ്ധിക്കണം?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**2017 ഡിസംബർ**

26 രാവിലെ വെഞ്ചെമ്പ് ഇടവകയിൽ കൊച്ചുപറമ്പിൽ ഡീ. ജോസിന് പുരോഹിതപട്ടം നൽകി. ഉച്ചകഴിഞ്ഞ് പാറേൽ ഇടവകയിൽ മതിച്ചിപ്പറമ്പിൽ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മാമ്മൂട് ഇടവകയിൽ നരിതുരുത്തേൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് വായ്പൂർ പഴയപള്ളിയിൽ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 രാവിലെ ചെത്തിപ്പുഴ ആശുപത്രിയിൽ നെടുമണ്ണി ഇടവകയിൽ അഞ്ചുപങ്കിൽ ചാക്കോ ദേവസ്യാച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചെത്തിപ്പുഴ ഇടവകാംഗങ്ങളായ മൂന്ന് മ്ശംശാനമാരുടെ തിരുപ്പട്ട ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കുറുമ്പനാടം ഫൊറോന ഇടവകയിൽ വാണിയപ്പുരയ്ക്കൽ ഏലിയാമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് ഫാത്തിമാപുരം ഇടവകയിൽ ഡീക്കൻ ജോൺ പുത്തൻകളത്തിന്റെ തിരുപ്പട്ടശുശ്രൂഷാമദ്ധ്യേ തിരുവചന സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരായെത്തിയ ജീസസ് യൂത്ത് പ്രവർത്തകരുമായി സംസാരിച്ചു. വൈകുന്നേരം ചങ്ങനാശേരി എക്യുമെനിക്കൽ സമിതിയുടെ ആഭിമുഖ്യത്തിൽ സി.എസ്.ഐ. പള്ളിയിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

28 രാവിലെ ചാഞ്ഞോടി ഇടവകയിൽ ഡീക്കൻ തോമസ് പകലോമറ്റത്തിന്റെ തിരുപ്പട്ടശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തൃക്കൊടിത്താനം ഇടവകയിൽ ഡീക്കൻ മാത്യു മാളിയേക്കലിന്റെ തിരുപ്പട്ട ശുശ്രൂഷയിൽ വചനസന്ദേശം നൽകി. വൈകുന്നേരം എസ്.ബി. കോളജിലെ അനദ്ധ്യാപകരുടെ കുടുംബസംഗമത്തിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന ക്രിസ്മസ് സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

29 രാവിലെ കാഞ്ഞിരപ്പള്ളി രൂപതയിലെ ആനക്കല്ല് ഇടവകയിൽ, വെട്ടുവയലിൽ ബഹു. എബ്രാഹം അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തുരുത്തി ഇടവകയിൽ ഡീക്കൻ വർഗ്ഗീസ് പനച്ചിയ്ക്കലിന്റെ തിരുപ്പട്ട ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

30 രാവിലെ ഏറ്റുമാനൂർ ഇടവകയിൽ ഡീക്കൻ ജോസഫ് ചോരേട്ടുചാമക്കാല

യുടെ തിരുപ്പട്ട ശുശ്രൂഷയിൽ വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഇത്തിത്താനം ഇടവകയിൽ ഡീക്കൻ ഫിലിപ്പ് കുറിഞ്ഞിപ്പറമ്പിൽ വി.സിയുടെ തിരുപ്പട്ട ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം വെരൂർ ഇടവകയിൽ നടന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായുള്ള കാരുണ്യ ഉത്സവത്തിന് സന്ദേശം നൽകി.

31 രാവിലെ അടിച്ചിറ പരിത്രാണഭവന ബഹു. ലൂക്ക് നമ്പ്യാപറമ്പിൽ വി.സി. അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മാന്നാനം കൊവേന്തപള്ളിയിൽ വി. ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കൂത്രപ്പള്ളി പള്ളിയിൽ ഡീ. വർഗ്ഗീസ് പ്ലാംപറമ്പിലച്ചന്റെ തിരുപ്പട്ട ശുശ്രൂഷാ കർമ്മങ്ങളുടെ മദ്ധ്യേ തിരുവചനസന്ദേശം നൽകി. തുടർന്ന് മുട്ടാർ ഇടവകയിൽ ഇടവകദിനാഘോഷ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വൈകുന്നേരം താഴത്തുവടകര ഇടവകയുടെ ഇടവകദിനാഘോഷ സമ്മേളനത്തിന് സന്ദേശം നൽകി.

**2018 ജനുവരി**

1 രാവിലെ പുല്ലങ്ങടി ഇടവകയിൽ ഡീക്കൻ വർഗ്ഗീസ് കിളിയാട്ടുശ്ശേരിയുടെ തിരുപ്പട്ട സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക്, അതിരൂപതാ കേന്ദ്രത്തിൽ നടന്ന പാലാ സിവിൽ സർവ്വീസ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് എടത്വാ ഇടവകയിൽ നടന്ന തിരുപ്പട്ടസ്വീകരണത്തിൽ വചനസന്ദേശം നൽകി. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സിനഡിന്റെ സ്ഥിരസമിതിയിൽ (permanent synod) പങ്കെടുത്തു.

2 രാവിലെ ചങ്ങനാശേരി പെരുന്നയിൽ നടന്ന മന്നം ജയന്തി ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി. തുടർന്ന് മുട്ടാർ സെന്റ് ജോർജ് പള്ളിയിൽ തിരുപ്പട്ടം സ്വീകരിച്ച പുളിയ്ക്കൽപറമ്പിൽ ജോസഫ് അച്ചന്റെ പ്രഥമ ബലിയർപ്പണമദ്ധ്യേ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കായൽപ്പുറം ഇടവകയിൽ ഡീ. ജോഷ്വാ തുണ്ടത്തിലിന്റെ തിരുപ്പട്ട സ്വീകരണ ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം എ.കെ.സി.സി.യുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയ്ക്കായുള്ള കത്തിന്റെ ഒപ്പുശേഖരണം ഉദ്ഘാടനം ചെയ്തു. പ്രവാസി വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉദ്ഘാടനം ചെയ്തു.

3 രാവിലെ വെളിയനാട് കേസറിയ ഇടവകയിൽ ഡീക്കൻ ജോസഫ് വേളങ്ങാട്ടുശ്ശേരിയുടെ തിരുപ്പട്ട ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പായിപ്പാട് ലൂർദ്ദ് മാതാ ഇടവകയിൽ കണിയാഞ്ഞാലിൽ ബേബിച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. വൈകുന്നേരം പാറമ്പുഴ ഹോളി ഫാമിലി പള്ളിയിൽ നവീകരിച്ച മദ്ബഹയുടെ പുനർകൂദാശയിൽ കാർമികത്വം വഹിച്ചു. തുടർന്ന് മണിമല

ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി.

4 രാവിലെ പള്ളിക്കൂട്ടുമ്മ ഇടവകയിൽ വിത്തുവെട്ടിക്കൽ വി.പി. ജയിംസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപത കേന്ദ്രത്തിൽ ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. കൂത്രപ്പള്ളി ഇടവകയിൽ തിരുനാളിന് കൊടിയേറ്റി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

5 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ പുതിയ പ്രസ്ബിറ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കിളിമല എസ്.എച്ച് സ്കൂളിന്റെ വാർഷികാഘോഷ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം എസ്.ബി. കോളജിൽ സി.എസ്.എം. ക്യാമ്പിൽ ഉദ്ഘാടന സന്ദേശം നൽകി, ദനഹാ തിരുനാളാചാരണത്തോടനുബന്ധിച്ച് പിണ്ടികുത്തി തിരുനാൾ കർമ്മങ്ങളിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ പിണ്ടികുത്തി തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

6 രാവിലെ ആലപ്പുഴ ചാത്തനാട് അൽഫോൻസാ പള്ളിയിൽ നവീകരിച്ച മദ്ബഹയുടെ വെഞ്ചരിപ്പ് നിർവ്വഹിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം ഷംഷാബാദ് രൂപതയുടെ ഉദ്ഘാടനത്തിലും തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണത്തിലും പങ്കെടുക്കാൻ ഹൈദരാബാദിലേയ്ക്ക് പോയി.

7 ഷംഷാബാദ് രൂപത ഉദ്ഘാടനത്തിൽ പങ്കുചേർന്ന് ദിവ്യബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

8 വടവാതൂർ സെമിനാരിയിൽ നടന്ന കോൺവൊക്കേഷനിൽ പങ്കെടുത്തു. തുടർന്ന് കാക്കനാട് സഭാ ആസ്ഥാനത്തു നടന്ന സിനഡിൽ പങ്കെടുത്തു.

8-13 കാക്കനാട് സിനഡിൽ പങ്കെടുത്തു

14 രാവിലെ തിരുവല്ല സെന്റ് ആന്റണീസ് ഇടവകപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് കുന്നന്താനം സെഹിയൻ ധ്യാനകേന്ദ്രത്തിൽ ഹയർ കോഴ്സ് പഠനം പൂർത്തിയായവർക്കായി നടത്തിയ പരിശീലനത്തിൽ ('Salt &Light') പങ്കെടുത്തവർക്ക് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ കൂദാശ നിർവ്വഹിച്ചു.

15 രാവിലെ കുറിച്ചി ഇടവകാംഗമായ കറുകപ്പറമ്പിൽ ജോർജ്ജിന്റെ മൃതസംസ്കാരകർമ്മത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപത കേന്ദ്രത്തിൽ നടന്ന Ecclesia- സന്യസ്തരുടെ പരിശീലനപരിപാടിയിൽ പങ്കെടുത്തു. കൽദായ പാത്രിയർക്കീസിനെ സ്വീകരിക്കുവാൻ വടവാതൂർ സെമിനാരിയിലെത്തി. അതിരൂപതയുടെ ആഭിമുഖ്യത്തിൽ കൽദായ പാത്രിയർക്കീസിനും പിതാക്കന്മാർക്കും നൽകിയ സ്വീകരണസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതയ്ക്കായി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ച് അഭിനന്ദിച്ചു.

16 രാവിലെ ചങ്ങനാശേരി എസ്.ബി. കോളജിൽ ബർക്കുമാൻസ് അവാർഡ്ദാന ചടങ്ങിൽ സംബന്ധിച്ച് അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മീഡിയ വില്ലേജിൽ എസ്.ജെ.സി.സി. ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

17 രാവിലെ കോട്ടയം 'SEERI' യിൽ ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ചെറുവാണ്ടൂർ ഇടവകയിൽ തെക്കേൽ റോസമ്മ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് എസ്.എച്ച്. സ്കൂളിൽ നടന്ന വാർഷികാഘോഷ സമ്മേളനത്തിൽ സന്ദേശം നൽകി, പുതുതായി നിർമ്മിച്ച സ്കൂൾ ലാബിന്റെ ആശീർവാദം നിർവ്വഹിച്ചു. വൈകുന്നേരം തിരുവല്ല രൂപതയുടെ കത്തീഡ്രൽ പള്ളിയിൽ, ദിവംഗതനായ ഗീവർഗ്ഗീസ് മാർ ദിവന്ന്യാസിയോസ് പിതാവിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 രാവിലെ അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് കുടമാളൂർ ദൈവാലയത്തിൽ ചൂരക്കാട്ട് ബഹു. സഖറിയാസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷയിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു. അതിനുശേഷം സഭൈക്യവാരത്തോടനുബന്ധിച്ച് വെരൂർ സെന്റ് ജോസഫ് ഇടവകയിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ സംബന്ധിച്ച് സന്ദേശം നൽകി. വൈകുന്നേരം നമ്മുടെ അതിരൂപതയിൽനിന്നും വിവിധ സന്ന്യാസസമൂഹങ്ങളിലേക്കായി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് അതിരൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകി അനുമോദിച്ചു.

19 രാവിലെ അതിരമ്പുഴ പള്ളിയിൽ വി. കുർബാനയർപ്പിച്ച് ഇടവകതിരുനാളിനൊരുക്കമായുള്ള കൊടിയേറ്റി. എസ്.ബി. ഹൈസ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി. ബിഷപ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ കെ.സി.എസ്.എൽ. സംസ്ഥാനതല മത്സരത്തിൽ വിജയികളായവർക്കു സമ്മാനം വിതരണം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നെടുങ്കുന്നം സെന്റ് ജോൺസ് ദ് ബാപ്റ്റിസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ജൂബിലി ആഘോഷസമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് കുന്നന്താനത്തു നടന്ന ബഹു. സന്ന്യാസികളുടെ തുടർപരിശീലനം 'എക്ലേസിയ'-യിൽ പങ്കെടുത്ത് സന്ദേശം നൽകി.

20 ആലപ്പുഴ രൂപത നിയുക്ത മെത്രാൻ ജയിംസ് ആനാപറമ്പിൽ പിതാവിനെ അതിരൂപത കേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ്, ആലപ്പുഴ ആറാട്ടുവഴിയിലെ എസ്.ജെ.എസ്.എം. മഠത്തിന്റെ പുനർനിർമ്മിച്ച മഠവും, ചാപ്പലും വെഞ്ചരിച്ചു. വൈകുന്നേരം നാലുകോടി പള്ളിയിൽ കുടുംബത്തിലെ 5-ാമത്തെ ശിശുവിന്റെ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. തുടർന്ന്

തിരുവല്ല മുത്തൂർ പള്ളിയുടെ തിരുനാളിനോടനുബന്ധിച്ചു നടന്ന ഇടവക ദിനാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കുന്നന്താനത്തു എക്ലേസിയയിൽ പങ്കെടുത്തു.

21 രാവിലെ കുന്നന്താനത്തു വി. കുർബാനയർപ്പണത്തിനുശേഷം സഭാചരിത്ര ക്ലാസ് നയിച്ചു. തുടർന്ന് മാവേലിക്കരയിൽ കെ.സി.ബി.സി. യൂത്ത് കൺവൻഷന്റെ സംസ്ഥാനതല സമ്മേളനത്തിൽ പങ്കെടുത്തു. എസ്.ബി. ഹൈസ്കൂളിൽ AKCC പ്രവർത്തനവർഷ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത് മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ഉച്ചകഴിഞ്ഞ് പച്ച-ലൂർദ്ദ് മാതാ സ്കൂളിന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 രാവിലെ അതിരൂപത കേന്ദ്രത്തിൽ കൂരിയ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറിച്ചി സെമിനാരിയുടെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

23 ചമ്പക്കുളം സ്കൂളിൽ പുതുതായി നിർമ്മിച്ച ഹൈസ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ച്, ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് ആലപ്പുഴ തത്തംപള്ളിയിലെ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് 'ഏകത-2018' വിജയികളായവരെ അഭിനന്ദിച്ചശേഷം, തത്തംപള്ളി പള്ളിയിൽ നടന്ന ആലപ്പുഴ ഫൊറോന പ്രീസ്റ്റ് കോൺഫറൻസിൽ പങ്കെടുത്തു.

24 ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു, വൈകുന്നേരം വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 രാവിലെ കുന്നന്താനം സെഹിയോനിൽ പഞ്ചവത്സര അജപാലന പദ്ധതിയോടനുബന്ധിച്ചു നടത്തപ്പെടുന്ന ധ്യാനം നയിക്കുന്ന വൈദികരുടെ മാർഗ്ഗനിർദ്ദേശക സമ്മേളനത്തിൽ പങ്കെടുത്തു. കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം അമ്പൂരി ഫൊറോന പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ചു വി. കുർബാന അർപ്പിച്ചശേഷം പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചരിച്ചു. അമ്പൂരി ഫൊറോന പ്രീസ്റ്റ് കോൺഫറൻസിൽ പങ്കെടുത്തു.

# മാർ തോമസ് തറയിൽ

**2017 ഡിസംബർ**

29 എടത്വാ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ ഡീ. തോമസ് വാണിയപ്പുരയ്ക്കലിന് പൗരോഹിത്യപട്ടം നൽകി

30 ഐ.സി. മുട്ടാർ ഇടവകയിൽ ഡീ. ജോജോ മണലിപ്പറമ്പിന് പൗരോഹിത്യ പട്ടം നൽകി. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകദൈവാലയത്തിൽ ഡീ. സെബാസ്റ്റ്യൻ മാമ്പ്രയ്ക്കും, ഡീ. ജോസഫ് പുതിയിടത്തിനും പൗരോഹിത്യപട്ടം നൽകി.

31 കോട്ടയം അതിരൂപത പുന്നത്തറ പഴയപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തിരുനാളിനോടനുബന്ധിച്ച് അന്തിനാട് സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**2018 ജനുവരി**

1 ഇടവക ജൂബിലിയോടനുബന്ധിച്ച് മണിമല സെന്റ് ബേസിൽ ദൈവാലയത്തിൽ സന്ദേശം നൽകി. മുണ്ടത്താനം സെന്റ് ആന്റണീസ് ഇടവകദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

2 മുട്ടാർ ഇടവകദൈവാലയത്തിൽ ഡീ. ജോസഫ് പുളിയ്ക്കപ്പറമ്പലിനു പൗരോഹിത്യപട്ടം നൽകി. മണിമല ബൈബിൾ കൺവൻഷനിൽ പങ്കെടുത്തു സന്ദേശം നൽകി.

3 ഗത്സമനി ആശ്രമത്തിൽ നടന്ന ബഹു. ടോം കാർത്തികപ്പള്ളിലച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. സെന്റ് മേരീസ് കത്തീഡ്രലിൽ വിവാഹം ആശീർവ്വദിച്ചു. കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിൽ ബഹു. ഡീ. ജോർജ് തൈച്ചേരിക്ക് പൗരോഹിത്യ പട്ടം നൽകി.

4 ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഗേൾസ് സ്കൂളിൽ പുതുതായി നിർമ്മിച്ച ഓഡിറ്റോറിയം ആശീർവ്വദിച്ചു. കുറവിലങ്ങാട് മർത്ത് മറിയം ഇടവക ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. തിരുനാളിനോടനുബന്ധിച്ച് കൊച്ചി രൂപതയിലെ പൂങ്കാവ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

5 ചമ്പക്കുളം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ടാലന്റ് ഡേ പരിപാടിയിൽ പങ്കെടുത്തു. എറണാകുളം അതിരൂപത തണ്ണീർമുക്കം ഇടവകതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ദനഹാ തിരുനാളിനോടനുബന്ധിച്ച് ആറാട്ടുവഴി സെന്റ് ജോസഫ് ഇടവകദൈവാലയത്തിൽ സന്ദേശം നൽകുകയും കല്ലിടീൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

6 തിരുനാളിനോടനുബന്ധിച്ച് മുണ്ടത്താനം സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ സന്ദേശം നൽകി. ബെർക്കുമാൻസ് അവാർഡ് ജഡ്ജിംഗ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

7 പുന്നപ്ര നിർമ്മല മെഡിക്കൽ മിഷൻ സെന്ററിന്റെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു.

8–13 സിനഡിൽ പങ്കെടുത്തു.

14 തിരുവല്ല ഹോളിഫാമിലി ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ്മാതാ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

15 സന്ദേശനിലയത്തിൽ ബഹു. സിസ്റ്റേഴ്സിനു ക്ലാസെടുത്തു. അതിരൂപതാ കാര്യാലയത്തിൽ നടന്ന ന്യൂ പ്രീസ്റ്റ്സ് കൂട്ടായ്മയിൽ പങ്കെടുത്തു ആശംസകൾ നേർന്നു. കൽദായ പാത്രിയർക്കീസ് കർദ്ദിനാൾ ലൂയിസ് സാക്കോയ്ക്ക് സ്വീകരണം നൽകി സംസാരിച്ചു.

16 തെക്കേക്കര ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. എടത്വാ ജോർജിയൻ സ്കൂളിന്റെ Annual Dayയിൽ പങ്കെടുത്ത് സംസാരിച്ചു. മീഡിയ വില്ലേജിൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

17 ഫാത്തിമാപുരം സേക്രട്ട് ഹാർട്ട് സ്കൂളിലെ Annual Dayയിൽ പങ്കെടുത്തു സംസാരിച്ചു.

18 കുന്നന്താനം എൽ.എസ്.ഡി.പി. കോൺവെന്റിൽ സന്യാസാർത്ഥിനികൾക്ക് തിരുവസ്ത്രം നൽകി. ബഹു. സഖറിയാസ് ചൂരക്കാട്ടച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. തിരുവല്ലയിൽ അഭിവന്ദ്യ ദിവാനിയോസ് തിരുമേനിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് ഇടവകദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് കൊടിമരം വെഞ്ചരിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ഇടവകദൈവാലയത്തിൽ മണിമാളികയുടെ ആശീർവ്വാദകർമ്മം നടത്തി.

19 തെള്ളകം സെന്റ് ജോസഫ് ഇടവകദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് കർമ്മം നിർവ്വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

20 മലങ്കര-കത്തോലിക്കാ സഭയുടെ യൂത്ത് കൺവൻഷനോടനുബന്ധിച്ച് മാവേലിക്കര ബഥനി ആശ്രമത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാസ്റ്ററൽ വിസിറ്റിനോടനുബന്ധിച്ച് പച്ചക്കാട് ലൂർദ്ദ്-മാതാ ഇടവകദൈവാലയത്തിലെ ഭവനങ്ങൾ സന്ദർശിച്ചു.

21 ഡാൽമുഖം സെന്റ് മേരീസ് ഇടവകദൈവാലയത്തിൽ പാസ്റ്ററൽ വിസിറ്റ് നടത്തി. വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ഇടവകജനങ്ങളുമായി സംവദിക്കുകയും ചെയ്തു.

22 അരുവിക്കുഴി ചെറുപുഷ്പാശ്രമത്തിൽ നടന്ന പാലിയേറ്റീവ് കെയർ ഫോറം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് കൊടിനാട്ടുകുന്ന് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറിച്ചി മൈനർ സെമിനാരിയിൽ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

23 മൂന്നു നോമ്പ് തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് മർത്ത് മറിയം ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തിരുനാളിനോടനുബന്ധിച്ച് വേഴപ്രാ സെന്റ് പോൾ ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 രാമങ്കരി ഇടവകദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

---

## മാർ ജോസഫ് പവ്വത്തിൽ

**2018 ജനുവരി**

07 ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

14 കടയിനിക്കാട് സെന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് സന്ദേശം നൽകി.

15 ബഹു. ജോബി കറുകപ്പറമ്പിലച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. കൽദായ പാത്രിയർക്കിസ് കർദ്ദിനാൾ ലൂയിസ് സാക്കോയ്ക്ക് സ്വീകരണം നൽകി സംസാരിച്ചു.

16 മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

17 ഫാത്തിമാപുരം S H സ്കൂളിലെ പുതിയ ബ്രയിൻ ലാബ് ആശീർവ്വദിച്ചു.

ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ബഹു. സഖറിയാസ് ചൂരക്കാട്ടിൽ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 കുന്നന്താനത്തു നടന്ന Ecclasia ൽ പങ്കെടുത്തു. കുറമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

21 കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് സന്ദേശം നൽകി. വെരൂർ ഇടവക ദൈവാലത്തിൽ നടന്ന അതിരൂപതാ ജാഗ്രതാസമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

22 കുറിച്ചി മൈനർ സെമിനാരിയുടെ Home Day യിൽ പങ്കെടുത്തു.

24 ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് സന്ദേശം നൽകി.

# ENGAGEMENTS

## 2018 FEBRUARY

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1-9 CBCI General Body Meeting @ Bangalore

9 **4.00 p.m.** Message & *Kodiyettu* @ Charamangalam

10 **6.00 a.m.** *Qurbana* @ SD Convent Provincial House

**10.00 a.m.** Forane Meet, *Pradhinidhiyogam* @ Pulincunnoo

**5.30 p.m.** Presbytery Blessing @ Veliyanadu St Xavier's

11 **9.45 a.m.** Cemetery Blessing @ Puthussery, Kallooppara, Lourdes Matha

**11.15 a.m.** CML Camp, Thrickodithanam Forane @ Kunnamthanam

**3.00 p.m.** Episcopal Ordination of Msgr James R. Anaparambil

**7.20 p.m.** Concluding Message @ Kottayam Bible Convention

12 **12.00 p.m.** Studio Blessing @ SJCC, Media Village

**2.45 - 4.00 p.m.** Visitors' Time

13 **10.30 a.m.** Archeparchial Bible Convention Inauguration @ Parel

**4.00 p.m.** CMC Convent Blessing @ Pallikoottumma

15 **10.00 a.m.** 'Ecclesia - Ongoing Formation' for Senior Sisters @ Archbishop's House

16 **7.00 p.m.** Ecclesia Inauguration @ Kunnamthanam

17 **6.30 a.m.** *Qurbana* @ Ecclesia, Kunnamthanam

**10.00 a.m.** Symposium - Challenges to Indian Secularism @ Archbishop's House

**2.30 p.m.** Archeparchial Palliative Care & Care Homes Meeting @ Archbishop's House

**6.30 p.m.** MST Jubilee Celebration @ Bharanagnam

**8.45 p.m.** 'Ecclesia ongoing formation for sisters @ Kunnamthanam

18 **6.30 a.m.** Pastoral Visit @ Kulathoor

19 **10.30 a.m.** Archeparchial *Vayojana* Convention @ Parel

**3.00 p.m.** Chethipuzha Hospital Trust Meeting

| | | |
|---|---|---|
| 20 | **10.00 a.m.** | Intereparchial Meet @ Pala |
| | **2.30 p.m.** | Managing Board, SH Group @ Archbishop's House |
| | **6.30 p.m.** | Batch Gathering, Regency Brothers |
| 21 | **9.00 a.m.** | International Seminar @ Vadavathoor Seminary |
| | **2.45 a.m. - 4.00 p.m.** | Visitors' Time |
| | **6.00 p.m.** | Interdepartmental Meeting |
| 22 | **11.00 a.m.** | Farewell Meeting @ S.B. College |
| 24 | **10.00 a.m.** | Symposium on All India Jurisdiction @ Indoor Stadium, Archbishop's House |
| | **3.00 p.m.** | Jubilee Celebration @ St Francis Special School, Poonthope |
| | **7.00 p.m.** | Engaged |
| 25 | **6.30 a.m.** | Pastoral Visit @ Aryad |
| | **7.00 p.m.** | Engaged |
| 26 | **2.30 p.m.** | On-going formation for Priests @ Archbishop's House |
| 27 | **2.30 p.m.** | S.B. College Board Meeting @ Archbishop's House |
| 28 | **3.00 p.m.** | B.Ed. College Managing Board Meeting @ Archbishop's House |

# ENGAGEMENTS 2018 FEBRUARY

**Mar Thomas Tharayil**
**Auxiliary Bishop**

| | |
|---|---|
| 1 | **10.00 a.m.**Class for Counsellors @ Pastoral Centre |
| | **2.00 p.m.** School Annual Day@ Kainady |
| | **6.00 p.m.** New Priests' Course @ Cana |
| 2 | **10.30 a.m.** Bible Convention Preparation Meeting @ Veroor |
| | **2.30 p.m.**Visitors'Day |
| | **6.30 p.m.** Class @ Niranam |
| 3 | **11.00 a.m.** Qurbana @ OMMI Thellakam |
| | **6.00 p.m.** Lourdes Matha Care @ Tvm |
| 4-16 | Retreat for Priests @ Preston, UK |
| 17 | **10.00 a.m.** Bible Convention @ Parel |
| | **2.30 p.m.** Palliative Care Meeting @ Sandesanilayam |
| | **4.00 p.m.** Media Village |
| | **7.00 p.m.** Ecclesia @ Kunnamthanam |
| 18 | **10.00 p.m.**Youth Convention @ Parel |
| 19 | **10.00 a.m.** Forane Conference @ Ayoor |
| | **3.00 p.m.** Trust Board Meeting @ Chethipuzha |
| | **6.30 p.m.** Class @ Niranam |
| 20 | **10.00 a.m.** Inter Diocesan Meeting @ Pala |
| | **3.30 p.m.** SH Group Board Meeting |
| 21-22 | Seminar @ Paurasthya Vidyapitham Vadavathoor |
| | **6.00 p.m.** Interdepartmental Meeting |
| 22 | **5.00 p.m.** MST Jubilee |
| 23 | **2.00 p.m.** Training Programme for Teachers @ Kanjirappally Cathedral |
| 24 | **9.00 a.m.**Psychiatry Wing Inauguration @St. Rita's Nalukody |
| | **10.00 a.m.** Symposium on All India Jurisdiction @ Indoor Stadium, Archbishop's House |
| 25 | Pastoral Visit @ Ranigiri, Mannamthala |
| 26 | On-going formation for Priests |
| 27 | **11.00 a.m.** Annual Day @ Anugraha Special School Kottackapuram |
| | **2.30 p.m.** Visitors' Time |
| 28 | **3.00p.m.** B.Ed. College Managing Board |
| | **6.30 p.m.** Class @ Minor Seminary |

# ENGAGEMENTS

# 2018 FEBRUARY

**Mar Joseph Powathil**
**Archbishop Emeritus**

01 **4.45 p.m**. Parish Day @ Kottayam Lourdes
04 **4.30 p.m**. Jubilee Inauguration @ Puthukary
06 **9.30 a.m.** Class @ Minor Seminary
09 **9.30 a.m.** Class for New Priests @ Cana
10 **3.00 p.m**. Jubilee Celebration @ SB College St Joseph Hostel
13 **9.30 a.m.** Class @ Minor Seminary
15 **2.30 p.m.** Ecclesia @ Sandesanilayam
18 **10.00 a.m**. Youth Convention @ Parel StMary's
19 **2.45 p.m**. Teachers' Send-off gathering @ SB School
20 **9.30 a.m.** Class @ Minor Seminary
24 **10.00 a.m**. Symposium on All India Jurisdiction @ Indoor Stadium, Archbishop's House